# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

ആഗസ്റ്റ് 2023 | വാല്യം 50 ലക്കം 5 — പേജ് 12 | വില 10.00 രൂപ

UNITY Monthly | August 2023 | Volume 50 Issue 5 | Chief Editor: V.VENUGOPAL | Page 12 | Price Rs. 10.00




## സഖാവ് ശിബ്ദാസ് ഘോഷ്

### ജന്മശതാബ്ദി ആചരണ സമാപനം കൊൽക്കത്തയിൽ

# ചരിത്രദൗത്യം ശിരസ്സിലേറ്റി മനുഷ്യസാഗരം

**'സിദ്ധാന്തം ജനങ്ങളെ സ്വാധീനിച്ചുകഴിയുന്നതോടെ അതൊരു ഭൗതികശക്തിയായി മാറുന്നു' മഹാനായ കാൾ മാർക്സ് 1843ൽ പറഞ്ഞു. ഇക്കഴിഞ്ഞ ആഗസ്റ്റ് 5ന് കൊൽക്കത്തയിൽ ഇൻഡ്യൻ വിപ്ലവ സൈന്യത്തിലെ രാജ്യമെമ്പാടുമുള്ള പോരാളികൾ, തൊഴിലാളിവർഗ്ഗത്തിന്റെ ഗുരുനാഥന്മാർ മാർക്സ് – എംഗൽസ് – ലെനിൻ – സ്റ്റാലിൻ – മാവോ അവരുടെ അർഹനായ ശിഷ്യൻ സഖാവ് ശിബ്ദാസ് ഘോഷ് എന്നിവരുടെ പ്രബോധനങ്ങൾ പിന്തുടർന്നുകൊണ്ട് നിർദ്ദയമായ മുതലാളിത്ത ചൂഷണത്തിൽ നിന്നും ജനങ്ങളെ മോചിപ്പിക്കുമെന്ന് പുനഃപ്രതിജ്ഞ ചെയ്തപ്പോൾ ഒരിക്കൽകൂടി ചരിത്രം ഈ വാക്കുകളുടെ ഉണ്മ അടിവരയിട്ടു.**

**അ**പ്രതിരോധ്യമായ ഒരു ഭൗതികശക്തിയായി ജനങ്ങൾ ഉയരുന്നതിന്റെ അസന്നിഗ്ദ്ധമായ പ്രഖ്യാപനത്തിനാണ് 2023 ആഗസ്റ്റ് 5ന് കൊൽക്കത്ത ബ്രിഗേഡ് പരേഡ് മൈതാനം സാക്ഷ്യംവഹിച്ചത്. തൊഴിലാളി വർഗ്ഗത്തിന്റെ മഹാനായ ഗുരുനാഥനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ഒരു വർഷം നീണ്ടുനിന്ന ജന്മശതാബ്ദി ആചരണത്തിന്റെ സമാപനത്തിന്റെ വേളയായിരുന്നു അത്.

ഉദാത്തമായ മാർക്സിസ്റ്റ് ദർശനത്തിന്റെ കരുത്ത് ഒന്നിനെ മാത്രം ആശ്രയിച്ച് കല്ലിനുമേൽ കല്ലുവച്ച് പടുത്തുയർത്തിയ പാർട്ടിയുടെ ജനപിന്തുണയുടെയും നിദർശനമായിരുന്ന കൊൽക്കത്ത ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ അണിനിരന്ന ജനലക്ഷങ്ങൾ. രാജ്യത്തിന്റെ എല്ലാ കോണുകളിൽനിന്നുമായി അവർ എത്തിച്ചേർന്നു. ഇൻഡ്യയുടെ 26 സംസ്ഥാനങ്ങളിൽ നിന്നായി. വിദൂര ഗ്രാമങ്ങളിൽനിന്ന്, രാജ്യത്തിന്റെ കിഴക്കൻ മലയോരമേഖലകളായ ഡാർജിലിംഗിൽനിന്നും സിക്കിമിൽനിന്നും ആസ്സാമിലെ ദിബ്രുഗഡ് പോലുള്ള ദുർഘട മേഖലകളിൽ നിന്നും ആൻഡമാൻ ദ്വീപു സമൂഹത്തിൽ നിന്നും ഹിമാലയൻ മലനിരകളുടെ മടിത്തട്ടായ ഉത്തരാഖണ്ഡിൽനിന്നും രാഷ്ട്രീയ വെല്ലുവിളികൾ നിറഞ്ഞ ഗുജറാത്തിന്റെയും ഉത്തർപ്രദേശിന്റെയും മണ്ണിൽ നിന്നും പോണ്ടിച്ചേരിയിൽ നിന്നുമെല്ലാം അവർ ഒരു അപ്രതിരോധ്യശക്തിയായി ബ്രിഗേഡിലേക്ക് മാർച്ച് ചെയ്തു. ദക്ഷിണേന്ത്യയിലെ കർണ്ണാടക, കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, തെലങ്കാന തുടങ്ങി എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമായി ആയിരക്കണക്കിന് പ്രവർത്തകർ, അനുഭാവികൾ ദീർഘയാത്ര ചെയ്ത് ബംഗാളിലെത്തി. അവരിൽ വലിയൊരു പങ്കും സ്ത്രീകളായിരുന്നു. അടിമുടി ആവേശം നിറയ്ക്കുന്ന, അവിസ്മരണീയമായ കാഴ്ചയായിരുന്നു അത്! ദരിദ്രരിൽ ദരിദ്രരായ ആദിവാസിജനത, കർഷകർ, കർഷകത്തൊഴിലാളികൾ, ഒപ്പം കുടിയേറ്റത്തൊഴിലാളികൾ, വ്യവസായതൊഴിലാളികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, ശാസ്ത്രജ്ഞർ, അഭിഭാഷകർ പതിനായിരക്കണക്കിന് വിദ്യാർത്ഥികളും യുവാക്കളും കൈക്കുഞ്ഞുങ്ങളുമായി അമ്മമാർ, വാർദ്ധക്യത്തിന്റ കഠിനമായ അവശതകളെ അവഗണിച്ച് നീങ്ങുന്ന സഖാക്കൾ, സമരമുഖങ്ങളിൽ വാർത്തെടുക്കപ്പെട്ട വിപ്ലവകരമായ നിശ്ചയദാർഢ്യത്തോടെ അവർ ഒഴുകി. രാജ്യത്തെ ഏറ്റവും വലിയ മൈതാനങ്ങളിലൊന്നായ ബ്രിഗേഡ് പരേഡ് ഗ്രൗണ്ട് അക്ഷരാർത്ഥത്തിൽ ജനസാഗരമായി മാറി. തലേദിനങ്ങളിൽ പെയ്ത മഴ നിമിത്തം മൈതാനം മുഴുവൻ

(ശേഷം 2–ാം പേജിൽ)



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് മുഖ്യപ്രസംഗം നടത്തുന്നു.



യംഗ് കമ്മ്യൂണിസ്റ്റ് ലീഗ്, കൊംസമോളിന്റെ ഗാർഡ് ഓഫ് ഓണർ.



# തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവസൈന്യത്തിലെ സുശിക്ഷിതരായ അംഗങ്ങൾ ലക്ഷങ്ങളായി അണിനിരന്നു

(1–ാം പേജിൽ നിന്ന്)

ചെളിയും വെള്ളവും നിറഞ്ഞിരുന്നു. അമ്പതോളം വോളന്റിയേഴ്സ് രണ്ടുദിവസം തുടർച്ചയായി വെള്ളം കോരിക്കളയാനായി അദ്ധ്വാനിച്ചെങ്കിലും സദസ്സിന്റെ വലതുഭാഗത്ത് കെട്ടിനിന്ന വെള്ളവും ചെളിയും നീക്കംചെയ്യാനായില്ല. അവിടേക്ക് കടന്നുനിൽക്കാൻ പോലും പ്രവർത്തകർക്ക് കഴിഞ്ഞില്ല. അങ്ങിനെ ഇടതുവശത്തുള്ള പ്രദർശനപന്തലുകളുടെ മുൻഭാഗം മുഴുവൻ ജനനിബിഡമായതിനെത്തുടർന്ന് മൈതാനത്തേക്ക് പ്രവേശിക്കാൻ കഴിയാതെ പോയ പതിനായിരങ്ങൾക്ക് സദസ്സിന്റെ ഇടതുവശത്തുള്ളപ്രണബാനന്ദസരണി എന്ന മെയിൻ റോഡിൽ പുറത്തുനിൽക്കേണ്ടിവന്നു. മൈതാനത്തേക്ക് പ്രവേശിച്ച വലിയൊരുവിഭാഗത്തിനും ചെളിയിൽ ഇരിക്കുകയോ നിൽക്കുകയോ ചെയ്യേണ്ടിവന്നു. എത്ര മണിക്കൂർ അങ്ങിനെ നിൽക്കേണ്ടി വന്നാലും അവിടെ നിന്ന് ഇളകില്ല എന്ന ബോധ്യത്തോടെ അവർ നിലകൊണ്ടു.

ആവശ്യത്തിന് തീവണ്ടിയോ ജനറൽ കോച്ചുകളോ ഇല്ലാതെ ടോയ്‌ലറ്റുകളിലും മാലിന്യം കുമിഞ്ഞുകൂടുന്ന തറകളിലും ടോയ്‌ലറ്റ് കോറിഡോറുകളിലും ഇരുന്നും കിടന്നും അവിടെയിരുന്ന് ഭക്ഷണം കഴിച്ചും യാത്രചെയ്യുന്ന കുടിയേറ്റത്തൊഴിലാളികൾ. കാലികളെപ്പോലെ ഗണിക്കപ്പെടുന്ന മനുഷ്യജന്മങ്ങൾ. അവരിൽ നിന്നും കനത്തപിഴ ഈടാക്കി, റിസർവേഷൻ കോച്ചുകളിലേക്ക് കുത്തിനിറയ്ക്കുന്ന റെയിൽവേ ഉദ്യോഗസ്ഥർ. ശ്വാസംവിടാൻ പോലും മാർഗ്ഗമില്ലാത്ത ഈ തീവണ്ടികളിലാണ് രാജ്യത്തിന്റെ മുക്കിനും മൂലയിൽ നിന്നും സഖാക്കൾ എത്തിച്ചേർന്നത്. രാത്രി ഉറങ്ങാൻ കഴിയാതെ, വിയർത്തുപുഴുങ്ങി, ഈ കോച്ചുകളിൽ പതിനായിരക്കണക്കിന് പ്രവർത്തകർ മുപ്പതും നാൽപ്പതും മണിക്കൂർ യാത്ര എന്ന അവർണ്ണനീയദുരിതത്തെ നേരിട്ട് കൊൽക്കത്തയിൽ എത്തിച്ചേർന്നു. നഗരത്തിൽ എത്തിച്ചേർന്ന പ്രവർത്തകർക്കും അനുഭാവികൾക്കും ഏഴ് വ്യത്യസ്ത ക്യാമ്പുകളിലായാണ് താമസം ഒരുക്കിയിരുന്നത്.




കേരളത്തിൽ നിന്നുള്ള സഖാക്കൾ പ്രകടനമായി ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിലേയ്ക്ക്...

ആഗസ്റ്റ് മൂന്ന് മുതൽ പ്രവർത്തിച്ചു തുടങ്ങിയ ക്യാമ്പുകളിൽ 24 മണിക്കൂറും ഭക്ഷണശാലകൾ പ്രവർത്തിച്ചു. നൂറുകണക്കിന് വോളന്റിയർ സഖാക്കൾ അവിടെ രാപകലില്ലാതെ പണിയെടുത്തു. എല്ലാ ക്യാമ്പുകളിലും ഹൗറ സ്റ്റേഷനിലും മെഡിക്കൽ സർവ്വീസ് സെന്ററിന്റെ അംഗങ്ങളായ ഡോക്ടർമാർ നയിക്കുന്ന മെഡിക്കൽ ക്യാമ്പുകളും 24 മണിക്കൂറും പ്രവർത്തിച്ചു.

മണിക്കൂറുകൾ വൈകിയാണ് ട്രെയിനുകൾ എത്തിച്ചേർന്നത്. പുറപ്പെട്ട പ്രവർത്തനമേഖലകളിൽ നിന്നും ശേഖരിച്ചുകൊണ്ടുവന്ന ഭക്ഷ്യവസ്തുക്കൾ കഴിച്ച് അവർ വിശപ്പടക്കി. ഇതിനിടയിൽ ബീഹാറിൽ നിന്നും ബുക്ക് ചെയ്തിരുന്ന സ്പെഷ്യൽ ട്രെയിൻ, റെയിൽവേ ഒരു കാരണവും വ്യക്തമാക്കാതെ, യാത്രയുടെ തലേന്ന് റദ്ദുചെയ്തു. നൂറുകണക്കിന് സഖാക്കൾക്ക് കൊൽക്കത്തയിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല. അവശേഷിച്ചവർ, കിട്ടിയ ട്രെയിനുകളുടെ ജനറൽ കോച്ചുകളിൽ ഇടിച്ചുകയറി കൊൽക്കത്തയിലെത്തി. മടക്കയാത്ര അതിലും ഭീകരമായിരുന്നു. കൊൽക്കത്തയുടെ സമീപജില്ലകളിൽ നിന്നും കാൽനടയായാണ് ആയിരക്കണക്കിന് സഖാക്കൾ ബ്രിഗേഡിലേക്ക് മാർച്ചുചെയ്തത്. ഒഡീഷയിൽ നിന്ന് രണ്ടും കച്ച്ബീഹാറിൽ നിന്ന് ഒന്നും സ്പെഷ്യൽ ട്രെയിനുകൾ ഹൗറയിലെത്തി. ട്രെയിനുകളിൽ ബസ്സുകളിൽ, റൂവിലറുകളിൽ, സൈക്കിളുകളിൽ, കാൽനടയായി പതിനായിരങ്ങൾ, ലക്ഷങ്ങൾ ബ്രിഗേഡ് പരേഡ് മൈതാനത്തേക്ക് മാർച്ചുചെയ്തു.

ഇൻഡ്യൻ തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവസൈന്യത്തിലെ സുശിക്ഷിതരായ അംഗങ്ങളായിരുന്നു അവർ. ലക്ഷങ്ങൾ അണിനിരന്ന സമ്മേളനമൈതാനിയിൽ പ്രദർശിപ്പിക്കപ്പെട്ട അച്ചടക്കം, സംസ്കാരം, ലക്ഷ്യബോധം അത്ഭുതകരമായിരുന്നു. എല്ലാവരും ഒരൊറ്റ ലക്ഷ്യത്തോടെ അണിനിരന്നു. മുഖങ്ങളിലെ ദൃഢനിശ്ചയത്തിന്റെ ഭാവം എല്ലാവരിലും ഒരു പോലെ പ്രകടമായിരുന്നു. ആവി വമിക്കുന്ന കഠിനചൂടിനെയും വെയിലിനെയും വകവയ്ക്കാതെ അവർ 5 മണിക്കൂറോളം നേതാക്കളുടെ പ്രസംഗം ശ്രവിച്ച്, തികഞ്ഞ അച്ചടക്കത്തോടെ മൈതാനത്ത് ഇരുന്നു. കൊൽക്കത്തയെ ലക്ഷ്യമാക്കി നടത്തിയ യാത്രയുടെയും കാൽനടയുടെയും ക്ഷീണം അവർ പ്രകടിപ്പിച്ചില്ല. ശാരീരകവൈകല്യമുള്ളവർ ക്രച്ചസിന്റെ സഹായത്തോടെ നടന്നുവരുന്നതു കാണാമായിരുന്നു. വൃദ്ധർ, കാൽ വലിച്ചുവച്ചാണ് നടന്നുവന്നത്. എന്നാൽ സമ്മേളനസ്ഥലത്ത് എത്തിമാത്രമേ വിശ്രമിക്കൂ എന്ന ദൃഢതീരുമാനം അവരുടെയും മുഖങ്ങളിലുണ്ടായിരുന്നു. കുട്ടികൾ, മുതിർന്നവരുടെ ചുമലുകളിലും ഒക്കത്തും ഇരുന്നു. അവരെയും ചുമന്ന് എത്തിയ സഖാക്കൾ, ശാരീരികമായി ക്ഷണീതരായിരുന്നു. എന്നാൽ ദൃഢമായ കാൽവയ്പ്പുകളോടെ അവർ ചുവടുവച്ചു.

ഇൻഡ്യ മുഴുവൻ പടർന്നുപന്തലിച്ച വിപ്ലവ കുടുംബത്തിലെ അംഗങ്ങൾ പരസ്പരം കണ്ടു. ഓരോ സംസ്ഥാനത്തെയും ജന്മശതാബ്ദി ആചരണപ്രവർത്തനങ്ങളുടെ വിശേഷങ്ങൾ പരസ്പരം കൈമാറി. സന്തോഷാതിരേകം പങ്കുവച്ചു. അവർ സംസാരിച്ചത് വ്യത്യസ്ത ഭാഷകളായിരുന്നു. എന്നാൽ പരസ്പരം പങ്കിട്ട ഹൃദയത്തിന്റെ ഭാഷ ഉള്ളിൽത്തട്ടി ഏവർക്കും മനസ്സിലായി. സഖാവ് ശിബ്ദാസ് ഘോഷ് പഠിപ്പിച്ച ഉന്നതമായ നൈതികതയുടെ, വിപ്ലവധാർമ്മികതയുടെ അടിസ്ഥാനത്തിൽ ഏതൊരു സഖാവിന്റെയും സ്വഭാവത്തിന്റെ മുഖമുദ്രയായി മാറിയിട്ടുള്ള കലർപ്പില്ലാത്ത സ്നേഹത്തിന്റെയും ആദരവിന്റെയും വിനയത്തിന്റെയും വികാരം സമ്മേളന നഗരി മുഴുവൻ തുളുമ്പി നിന്നു. പേരും ഊരുമറിയാത്ത പതിനായിരങ്ങളിൽ ആരും ആർക്കും അപരിചിതരായിരുന്നില്ല. എല്ലാവർക്കും എല്ലാവരെയും അറിയാം. രാജ്യത്തിന്റെ ഏതെങ്കിലും ഗ്രാമത്തിൽ, നഗരത്തിൽ, പണിശാലയിൽ, കലാലയത്തിൽ സഖാവ് ശിബ്ദാസ് ഘോഷിന്റെ മഹത്തായ പ്രബോധനങ്ങളെ ഒരജയ്യശക്തിയാക്കി പരിവർത്തനപ്പെടുത്താൻ നിസ്വാർത്ഥമായി, അവിരാമം പ്രവർത്തിക്കുന്ന ഒരു സഖാവാണ് അപരനെന്ന് തികഞ്ഞ ബോധ്യമുണ്ട്. അതിനാൽത്തന്നെ

(ശേഷം 3–ാം പേജിൽ)




പൊളിറ്റ് ബ്യൂറോ അംഗം സഖാവ് സൗമൻ ബോസ് സമ്മേളന നടപടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് പതാക ഉയർത്തുന്നു.



# മാനവികതയുടെ കൊടിയ ശത്രുവായ മുതലാളിത്ത–സാമ്രാജ്യത്വ ശക്തികൾക്കെതിരെ ചരിത്രനിശ്ചിതമായ വിപ്ലവത്തിന് നിശ്ചയദാർഢ്യത്തോടെ മുന്നോട്ട്

(2–ാം പേജിൽ നിന്ന്)

കാഴ്ചമാത്രയിൽ ഉണരുന്നത് അളവറ്റ ആദരവിന്റെയും വിപ്ലവസാഹോദര്യത്തിന്റെയും വികാരമാണ്. ബ്രിഗേഡ് മൈതാനിയിൽ എവിടെയും അതു ദൃശ്യമായിരുന്നു! ഒരൊറ്റ മനുഷ്യനെപ്പോലെ ഒരു പാർട്ടി. രാജ്യത്തെ ഒരു പാർട്ടിയുടെയും സമ്മേളനസ്ഥലത്ത് കാണാനേ കഴിയാത്ത ഐക്യത്തിന്റെയും പരസ്പരാദരവിന്റെയും അന്തരീക്ഷം ആരിലും അത്ഭുതങ്ങളുണർത്തി.

നഗരത്തിലെ ഏതാണ്ട് എല്ലാ തെരുവുകളും കൊടി തോരണങ്ങളാലും ഫെസ്റ്റൂണുകളാലും അലംകൃതമായിരുന്നു. ഐതിഹാസികമായ ആഗസ്റ്റ് 5ന്റെ സമ്മേളനത്തിലേക്ക് പ്രവർത്തകരെയും ബഹുജനങ്ങളെയും പാർട്ടി കുടുംബാംഗങ്ങളെയും സ്വാഗതം ചെയ്തുകൊണ്ട് രചിക്കപ്പെട്ട ബ്രിഗേഡ് ചലോ ഗാനം ബംഗാൾ മുഴുവൻ അലയടിച്ചു. സാധാരണജനങ്ങൾക്കിടയിൽ ചർച്ചാവിഷയമായി മാറിക്കഴിഞ്ഞ സമ്മേളനത്തിന്റെ തയ്യാറെടുപ്പുകളുടെ പ്രത്യേക വാർത്തകൾ മാധ്യമങ്ങൾ ഒരാഴ്ചമുമ്പുതന്നെ പ്രസിദ്ധീകരിക്കാൻ നിർബ്ബന്ധിതമായി. ഏതാണ്ട് 4 മാസം മുമ്പ് തുടക്കംകുറിച്ച പ്രചാരണപ്രവർത്തനത്തിൽ ആയിരക്കണക്കിന് കവലയോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ലക്ഷക്കണക്കിന് ലഘുലേഖകൾ വിതരണം ചെയ്തു. വിപ്ലവകരമായ ആസൂത്രണത്തിന്റെ മികവാർന്ന നടപ്പാക്കൽ എവിടെയും അനുഭവവേദ്യമായി. ആഗസ്റ്റ് അഞ്ച് പുലർന്നതോടെ എല്ലാ പാതകളും ബ്രിഗേഡിലേക്ക് ലക്ഷ്യംവച്ചു!

രാവിലെ 11 മണിമുതൽ വിവിധ സംസ്ഥാനങ്ങളിലെ ഗായകസംഘങ്ങൾ വിപ്ലവഗാനങ്ങളുടെയും കവിതകളുടെയും ആലാപനം ആരംഭിച്ചു. സമ്മേളനത്തിന് ഔപചാരികമായി തുടക്കംകുറിച്ചുകൊണ്ട് സമ്മേളനസ്ഥലത്ത് ചെങ്കൊടി ഉയർത്തേണ്ടിയിരുന്നത് പൊളിറ്റ് ബ്യൂറോയിലെ മുതിർന്ന അംഗം സഖാവ് അസിത് ഭട്ടാചാര്യായിരുന്നു. എന്നാൽ സഖാവ്, അസുഖബാധിതനായി ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടിരുന്നതിനാൽ പൊളിറ്റ് ബ്യൂറോയിലെ മറ്റൊരംഗം സഖാവ് സൗമൻ ബോസ് പതാക ഉയർത്തി. തുടർന്ന് പൊളിറ്റ് ബ്യൂറോയിലെ മറ്റംഗങ്ങളായ സഖാക്കൾ റാബിൻ സമാജ്പതി, ഗോപാൽ കുണ്ടു, കാന്തിമൊയ് ദേബ് എന്നിവർ സമ്മേളനസ്ഥലത്ത് ഒരുക്കിയിരുന്ന സഖാവ് ശിബ്ദാസ് ഘോഷിന്റെ ഉദ്ധരണികളുടെയും സഖാവിന്റെ ജീവിതത്തിലെ അവിസ്മരണീയ നിമിഷങ്ങളുടെ ചിത്രങ്ങളുടെയും വ്യത്യസ്ത സംസ്ഥാനങ്ങളിൽ പാർട്ടി നയിക്കുന്ന ജനകീയസമരങ്ങളുടെ ചിത്രങ്ങളുടെയും മൂന്ന് പ്രദർശനങ്ങൾ ഉദ്ഘാടനം ചെയ്തു.




ശതാബ്ദി ആചരണ സമ്മേളനത്തിന്റെ പ്രൗഢഗംഭീരമായ വേദി.

12 മണിക്ക് സമ്മേളനം ആരംഭിച്ചു. പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ അദ്ധ്യക്ഷ പദവി ഏറ്റെടുത്തുകൊണ്ട് പൊളിറ്റ് ബ്യൂറോയിലെയും കേന്ദ്രക്കമ്മിറ്റിയിലെയും അംഗങ്ങളെ വേദിയിലേക്ക് ഔപചാരികമായി ക്ഷണിച്ചു. തുടർന്ന് മഹനായ തൊഴിലാളിവർഗ്ഗനേതാവ് സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിത്രത്തിനുമുമ്പിൽ പാർട്ടിയുടെ കേന്ദ്രക്കമ്മിറ്റിയെയും മുന്നണി സംഘടനകളുടെ അഖിലേന്ത്യാ കമ്മിറ്റികളെയും പാർട്ടിക്കു പ്രവർത്തനമുള്ള 26 സംസ്ഥാനങ്ങളെയും പ്രതിനിധാനം ചെയ്തുകൊണ്ട് പുഷ്പചക്രം സമർപ്പിക്കപ്പെട്ടു. ശേഷം വേദിയിലെത്തിയ കേന്ദ്ര മ്യൂസിക് സ്ക്വാഡ് സഖാവ് ശിബ്ദാസ് ഘോഷിനെ അനുസ്മരിച്ചുകൊണ്ടുള്ള ഗാനം ആലപിച്ചു. തുടർന്ന് പാർട്ടിയുടെ യംഗ് കമ്മ്യൂണിസ്റ്റ് ദളമായ കോംസമോളിന്റെ 100 കേഡറ്റുകൾ പരേഡ്ചെയ്തുവന്ന് സഖാവ് ശിബ്ദാസ് ഘോഷിന് അത്യാദരപൂർവ്വം ഗാർഡ് ഓഫ് ഓണർ നൽകി. ഒരു വിപ്ലവ സൈനികദളത്തിന്റെ ചിട്ടയും ഏകതാനതയും പ്രതിഫലിപ്പിച്ച കോംസമോൾ പരേഡ് ഉൾപ്പുളകത്തോടെ സഖാക്കൾ വീക്ഷിച്ചു. അമേരിക്കയിലെ വർക്കേഴ്സ് വേൾഡ് പാർട്ടി, പാർട്ടി ഓഫ് മ്യൂണിസ്റ്റ്സ്, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് പാക്കിസ്ഥാൻ, കമ്യൂണിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ശ്രീലങ്ക എന്നീ പാർട്ടികൾ സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി സമ്മേളനത്തെ അഭിസംബോധനം ചെയ്തുകൊണ്ട് അയച്ച സന്ദേശങ്ങൾ പൊളിറ്റ് ബ്യൂറോ അംഗം സഖാവ് അമിതാവ ചാറ്റർജി വായിച്ചു. ബംഗ്ലാദേശ്, നേപ്പാൾ എന്നിവിടങ്ങളിൽ നിന്നുവന്ന പ്രതിനിധികൾ ആദരവോടെ വേദിയിലേക്ക് ക്ഷണിക്കപ്പെട്ടു. ബംഗ്ലാദേശ് പ്രതിനിധി സഖാവ് പ്രൊവാഷ് ഘോഷിന് സഖാവ് ശിബ്ദാസ് ഘോഷിന്റെ ഉദ്ധരണി ആലേഖനം ചെയ്ത ഒരു ഉപഹാരം സമ്മാനിച്ചു. ഒപ്പം ഒരു ചെമ്പതാകയും കൈമാറി.

അനന്തരം സഖാവ് കെ.രാധാകൃഷ്ണ, ജനസാഗരത്തെ അഭിവാദ്യം ചെയ്തുകൊണ്ടാണ് തന്റെ അദ്ധ്യക്ഷപ്രസംഗം ആരംഭിച്ചത്. മാർക്സിസ്റ്റ് ദർശനത്തിന്റെ വെളിച്ചത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് അഞ്ച് പതിറ്റാണ്ടിനുമുമ്പ് നൽകിയ മുന്നറിയിപ്പുകൾ ദേശീയ-അന്തർദേശീയ തലത്തിൽ ഏറ്റവും ശരിയെന്ന് സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ വേളയിൽ ജന്മശതാബ്ദി ആചരണത്തിന്റെ പ്രസക്തി വളരെ ഏറെയാണെന്ന് അദ്ദേഹം വ്യക്തമാക്കി. ബൂർഷ്വാ തെരഞ്ഞെടുപ്പ് രാഷ്ട്രീയം കൊണ്ടല്ല, ഇടതു -ജനാധിപത്യ പ്രസ്ഥാനങ്ങളുടെ യോജിച്ച ശക്തമായ പ്രക്ഷോഭരാഷ്ട്രീയം കൊണ്ടുമാത്രമേ ജനങ്ങളെ തമ്മിലടിപ്പിക്കുന്ന അത്യാപൽക്കരമായ ബിജെപിയുടെ രാഷ്ട്രീയത്തെ നേരിടാനാവൂ എന്ന് സമകാലീനമായ സംഭവവികാസങ്ങളെ പരാമർശിച്ചുകൊണ്ട് അദ്ദേഹം മുന്നറിയിപ്പ് നൽകി. തുടർന്ന് പൊളിറ്റ് ബ്യൂറോ അംഗവും ദില്ലി കർഷക സമരത്തിന്റെ പ്രമുഖ നേതാക്കളിലൊരാളുമായ സഖാവ് സത്യവാൻ, ബിജെപി സർക്കാർ വിദ്യാഭ്യാസത്തെ തകർത്തും ചരിത്രത്തെ വളച്ചൊടിച്ചും ജനങ്ങൾക്കിടയിൽ യുക്തിരാഹിത്യവും അന്ധതയും വളർത്തിയും ഫാസിസ്റ്റ് മനോഘടന സൃഷ്ടിക്കുകയാണെന്ന് തന്റെ ആവേശകരമായ പ്രസംഗത്തിൽ സമർത്ഥിച്ചു. മാർക്സിസം-ലെനിനിസം സഖാവ് ശിബ്ദാസ് ചിന്തകൾ സ്വീകരിച്ചുകൊണ്ട് ജനങ്ങൾ ഒരു ജയ്യശക്തിയായി ഉയരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ഏറ്റവും ഒടുവിൽ തന്റെ രണ്ട് മണിക്കൂർ നീണ്ട മുഖ്യപ്രഭാഷണത്തിൽ പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് മാർക്സിസ്റ്റ് -ലെനിനിസ്റ്റ് വിജ്ഞാനശേഖരത്തിലേക്കുള്ള സഖാവ് ശിബ്ദാസ് ഘോഷിന്റെ സംഭവാനകൾ വിശദമാക്കി. (സഖാവിന്റെ പ്രസംഗത്തിന്റെ പൂർണ്ണരൂപം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്) തൊഴിലാളിവർഗ്ഗത്തിന്റെ സാർവ്വദേശീയ ഗാനാലാപനത്തോടെ സമ്മേളനത്തിന് തിരശ്ശീല വീണു.

സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ നിന്നും അടിച്ചമർത്തപ്പെട്ടവരിൽ നിന്നും മർദ്ദിതരും ചൂഷിതരുമായ ജനങ്ങളിൽ നിന്നും അഗ്രഗാമികളായി അനേകം നേതാക്കൾ ഉയർന്നുവരും. പതാക വാഹകരായ അവരുടെ നേതൃത്വത്തിൽ തൊഴിലാളികളും കർഷകരും ലക്ഷങ്ങളായി അണിനിരക്കും. കൊടിയ അനീതിയുടെ ഈ ചൂഷണവ്യവസ്ഥയെ നിർഭയം തുത്തെറിയുക തന്നെ ചെയ്യും. മാനവരാശിയുടെ മുമ്പിലെ ഈ ചരിത്രദൗത്യം നിറവേറ്റാൻ സഖാവ് ശിബ്ദാസ് ഘോഷിന്റെ കൽപ്പനകൾ ശിരസ്സിലേറ്റുമെന്ന് പ്രതിജ്ഞ ചെയ്താണ് ലക്ഷങ്ങൾ ബ്രിഗേഡിൽ നിന്നും പിരിഞ്ഞത്.

മനുഷ്യസമൂഹത്തിന്റെ കൊടിയ ശത്രുവായ സാമ്രാജ്യത്വ - മുതലാളിത്ത ശക്തികൾക്കെതിരെയുള്ള ചരിത്രനിശ്ചിതമായ വിപ്ലവം നയിക്കാൻ മറ്റാർക്കാണ് സാധ്യമാവുക? ഇൻഡ്യൻ തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപോരാളികളായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന് അല്ലാതെ. കോർപ്പറേറ്റുകൾക്കും കുത്തകകൾക്കും വേണ്ടിയുള്ള നയങ്ങൾക്കെതിരെ ജനാധിപത്യപോരാട്ടത്തിന്റെ വിപുലമായ തയ്യാറെടുപ്പിലൂടെ ജനതയെ സജ്ജമാക്കി അന്തിമവിജയം സ്ഥാപിക്കാൻ, സഖാവ് ശിബ്ദാസ് ഘോഷിന്റെ ഏറ്റവും ഉദാത്തമായ സൃഷ്ടിയായ ഈ പാർട്ടിയിലൂടെ മാത്രമേ സാധ്യമാകൂ. ചരിത്രദൗത്യം നിറവേറ്റാനുള്ള മഹത്തായ പ്രയാണത്തിൽ നിർണ്ണായകമായ മുന്നേറ്റമാണ് സഖാവ് ശിബ്ദാസ് ഘോഷിന്റെ ജന്മശതാബ്ദി ആചരണത്തിലൂടെ പാർട്ടി കൈവരിച്ചത്. അതിനാൽ ആഗസ്റ്റ് 5ന്റെ കൊൽക്കത്ത സമ്മേളനം ഇൻഡ്യൻ വിപ്ലവ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടുകതന്നെ ചെയ്യും.

സഖാവ് ശിബ്ദാസ് ഘോഷിന് ലാൽസലാം ■



## സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി

# സംസ്ഥാനതല ആചരണത്തിന് ആലപ്പുഴയിൽ സമാപ്തി

**ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിന്റെ വിമോചന പ്രസ്ഥാനം, ഇന്ത്യയിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ സ്ഥാപകജനറൽ സെക്രട്ടറിയും സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ജന്മശതാബ്ദി ആചരണത്തിന്റെ സംസ്ഥാനതല സമാപനം 2023 ജൂലൈ 22ന് ആലപ്പുഴയിൽ നടന്നു.**

ജൂലൈ 22ന് സമ്മേളനത്തിന് മുന്നോടിയായുള്ള പ്രകടനം നഗരചത്വരത്തിൽ നിന്നും ആരംഭിച്ച് സമ്മേളനവേദിയായ ഇഎംഎസ് സ്റ്റേഡിയത്തിനു മുമ്പിൽ അവസാനിച്ചു. പ്രകടനത്തിന്റെ മുന്നിൽ ശുവെള്ള യൂണിഫോമിൽ കമ്മ്യൂണിസ്റ്റ് കൗമാര ദളമായ കൊംസമോളിന്റെ സഖാക്കൾ അണിനിരന്നു.പാർട്ടി സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് അദ്ധ്യക്ഷ വഹിച്ചു. മഹോന്നതനായ മാർക്സിസ്റ്റ് ദാർശനികൻ സഖാവ് ഘോഷിനോടുള്ള ആദരവ് ചൈതന്യപൂർവ്വം ഉണർത്തിക്കൊണ്ട് കൊംസമോൾ സഖാക്കൾ ചെങ്കൊടി താഴ്ത്തി, ഗാർഡ് ഓഫ് ഓണർ നൽകി. തുടർന്ന് സഖാവ് ശിബ്ദാസ് ഘോഷിനെ സ്മരിച്ചുകൊണ്ടുള്ള ഗാനം സംസ്ഥാന മ്യൂസിക് സ്ക്വാഡ് ആലപിച്ചു. മണിപ്പൂരിൽ നടക്കുന്ന വംശഹത്യ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്ത കേന്ദ്ര സർക്കാർ സമീപനത്തെ ശക്തമായി അപലപിച്ചുകൊണ്ടുള്ള പ്രമേയം സംസ്ഥാനക്കമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോൺ അവതരിപ്പിച്ചു.

സംസ്ഥാനക്കമ്മിറ്റിയംഗവും ആലപ്പുഴ ജില്ലാ സെക്രട്ടറിയുമായ സഖാവ് എസ്. സീതിലാൽസ്വാഗതംആശംസിച്ചു.ഡോ.ഡി. സുരേന്ദ്രനാഥ്, യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ ദേശീയ പ്രസിഡണ്ട് ജാസ്മിൻ ഷാ, മറ്റ് സംസ്ഥാന ഭാരവാഹികളായ നിധിൻ മോൻ സണ്ണി, ജോൺ മുക്കത്ത് ബഹനാൻ സംസ്ഥാന കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ ചെയർമാൻ എം.പി.ബാബുരാജ്, സംസ്ഥാന നേതാക്കൾ ശൈവപ്രസാദ്, വിനു കുര്യാക്കോസ്, ബാബു കുട്ടൻചിറ, അഡ്വ.സുനു പി.ജോൺ, സിന്ധു ജയിംസ് ജനകീയ പ്രതിരോധ സമിതി സംസ്ഥാന നേതാക്കൾ റ്റി.ബി.വിശ്വനാഥൻ, പി.എം.ജോയി, പിറവണ്ണൂർ ഗോപാലകൃഷ്ണൻ, ജോർജ്ജ് മുല്ലക്കര, ജോർജ്ജ് മാത്യു കൊടുമൺ,ബി.ദിലീപൻ,ഒ.ഹാരിസ്, എസ്എൻപിസികെ നേതാവ് രതീഷ് പുത്തൻവേലിത്തറ, ജയിംസ് കണ്ണിമല, സന്തോഷ് പെരുമ്പട്ടി, ഗിരീശൻ, നെൽ കർഷക സംരക്ഷണസമിതി നേതാവ് സോണിച്ചൻ പുളിങ്കുന്ന്, കൊച്ചിൻ റിഫൈനറി യൂണിയൻ ജനറൽ സെക്രട്ടറി പ്രവീൺ കുമാർ, കരിമണൽ ഖനനവിരുദ്ധ സമരസമിതി നേതാവ് സുരേഷ് കുമാർ തോട്ടപ്പള്ളി ഉൾപ്പടെ നൂറിലേറെ സാമൂഹ്യ-സാംസ്കാരിക വ്യക്തിത്വങ്ങൾ സമ്മേളനത്തിൽ ക്ഷണിക്കപ്പെട്ട അതിഥികളായി എത്തിയിരുന്നു. പാർട്ടി സംസ്ഥാന സെക്രട്ടറിയും കേന്ദ്രക്കമ്മിറ്റിയംഗവുമായ സഖാവ് ജയ്സൺ ജോസഫ് അദ്ധ്യക്ഷ പ്രസംഗം നടത്തി. പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ സമ്മേളനത്തിൽ മുഖ്യപ്രസംഗം നടത്തി. സാർവ്വദേശീയ ഗാനാലാപനത്തോടെ സമ്മേളനം അവസാനിച്ചു.

സംസ്ഥാനത്തെ എണ്ണമറ്റ സമരദൗത്യങ്ങളിലൂടെ ജനകീയ സമരശക്തിയായി ഉദിച്ചുയരുന്ന നമ്മുടെ പാർട്ടിയുടെ ആശയപരമായ കരുത്തിന്റെയും ശേഷിയുടെയും പ്രതിഫലനമായിരുന്നു ജൂലൈ 22ന്റെ പ്രകടനവും സമ്മേളനവും. തൊഴിലാളിവർഗ്ഗ ലേബലണിഞ്ഞ പ്രസ്ഥാനങ്ങൾ മൂലധനത്തിനും തൊഴിലാളികൾക്കുമിടയിൽ അഞ്ചാംപത്തിയായി അധഃപതിച്ചതിൽ വേവുന്ന മനസ്സോടെ കഴിയുന്ന എണ്ണമറ്റ ഇടതുപക്ഷ ചിന്താഗതിക്കാർക്ക് ആത്മവിശ്വാസവും പ്രതീക്ഷയും നൽകിക്കൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മുന്നേറുന്നു എന്നതിന്റെ വിളംബരമായി ജന്മശതാബ്ദി ആചരണസമ്മേളനം മാറി.

സംസ്ഥാനത്തിന്റെ മണ്ണിൽ ഉരുവം കൊണ്ട എണ്ണമറ്റ ജനകീയപ്രക്ഷോഭങ്ങളുടെ നായകർ, പോരാളികൾ, സംഘാടകർ, സന്നദ്ധ പ്രവർത്തകർ ആയിരങ്ങളായി തെരുവിൽ അപ്രതിരോധ്യ ശക്തിയായി അണിനിരന്നു. അവരിൽ ചെങ്ങറയിൽ നിന്നുള്ള സഖാക്കൾ ഉണ്ടായിരുന്നു. കിടപ്പാടത്തിനും കൃഷിഭൂമിക്കും വേണ്ടിയുള്ള പ്രക്ഷോഭത്തിൽ സമാനതകളില്ലാത്ത ക്ലേശങ്ങളുടെയും ദുരിതങ്ങളുടെയും പർവ്വതങ്ങൾ താണ്ടിയ സഖാക്കൾ. കൂലിക്കുടുതലിനും അഭിമാനകരമായ തൊഴിൽപദവിക്കുംവേണ്ടി എല്ലാത്തരം ഒറ്റപ്പെടുത്തലുകളെയും നേരിട്ട് പോരാടുന്ന ആലപ്പുഴയുടെ തീരത്തെ ഏറ്റവും ദരിദ്രരായ മൽസ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു. വിളപ്പിൽശാലയിൽ നിന്നും വിഴിഞ്ഞത്തുനിന്നും മൂലമ്പള്ളിയിൽ നിന്നും തൃക്കുന്നപ്പുഴയിൽ നിന്നും തോട്ടപ്പള്ളിയിൽ നിന്നുമുള്ള നിരവധി ജനകീയ സമരപ്രവർത്തകർ ധീരമായി ചുവടുവച്ചു. സംസ്ഥാനത്തിനാകെ മാതൃക നൽകുന്ന തൊഴിലാളി പ്രക്ഷോഭമായ നേഴ്സുമാരുടെ ധർമ്മസമരത്തിന്റെ പ്രതിനിധികൾ സമ്മേളനത്തിന്റെ ഭാഗമായി. കുട്ടിക്കൽ പ്രളയഭൂമിയിലെ സാധാരണമനുഷ്യരുടെ പ്രക്ഷോഭത്തിന്റെ സജീവപ്രവർത്തകരും പ്രകടനത്തിൽ അണിനിരന്നു. പൊന്തൻപുഴ സമരത്തിന്റെ നായകരും സമ്മേളനത്തിന്റെ ഭാഗമായി. കുട്ടനാടൻ കൃഷിഭൂമിയിൽ നിന്നുള്ള കർഷകനേതാക്കൾ, ഇപ്പോഴും ശക്തമായി തുടരുന്ന സമരത്തെ പ്രതിനിധാനം ചെയ്ത സമ്മേളനത്തിൽ പങ്കെടുത്തു. കെറെയിൽ സിൽവർലൈൻ വിരുദ്ധ പ്രക്ഷോഭത്തിന്റെ പ്രതിനിധികളും നിരവധിയായി പ്രകടനത്തിൽ അണിനിരന്നു. എല്ലാ പ്രക്ഷോഭങ്ങളുടെയും വിപ്ലവകരമായ ഉള്ളടക്കമായി പ്രവർത്തിച്ച പാർട്ടിയുടെ നൂറുകണക്കിന് മുഴുവൻ സമയപ്രവർത്തകരും കേഡർമാരും പ്രകടനത്തെ നയിച്ചു. അതൊരു വ്യതിരിക്തമായ കാഴ്ച തന്നെയായിരുന്നു! ഏറ്റവും സാധാരണക്കാരും സമൂഹത്തിന്റെ അടിത്തട്ടിൽ നിന്നും ഉയർന്നുവന്നവരുമായ പാർട്ടിപ്രവർത്തകരും അനുഭാവികളും പ്രദർശിപ്പിച്ച അച്ചടക്കവും ഗൗരവവും ലക്ഷ്യബോധവും ആരെയും അതിശയിപ്പിക്കുന്നതായിരുന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) എന്ന തൊഴിലാളി വർഗ്ഗ സൈന്യത്തിലെ സുശിക്ഷിതരായ അംഗങ്ങളായി അവർ മാറി.

ഇടതുപക്ഷരാഷ്ട്രീയത്തിന്റെ കൊടിക്കൂറ ഉയർന്നുപാറിയിട്ടുള്ള മണ്ണാണ് ആലപ്പുഴയുടേത്. ഇവിടെ, ഇന്ന് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ചുവടുറപ്പിച്ച് മുന്നേറുന്നു. ചെമ്മീൻ പീലിംഗിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീതൊഴിലാളികൾക്ക് ജീവിക്കാനാവശ്യമായ കൂലി ഉറപ്പാക്കാനായി നടത്തിയ നിരന്തരമായ പ്രക്ഷോഭങ്ങളിലൂടെ തീരത്തിന്റെ വിശ്വസനീയമായ സമരനേതൃത്വമായി ഈ പ്രസ്ഥാനം ഉയർന്നുവരുന്നു. കരിമണൽ വാരിയെടുത്ത് കോടികൾ സമ്പാദിക്കാൻ ആർത്തിപൂണ്ടിരിക്കുന്ന മൂലധന ശക്തികൾക്കുവേണ്ടി കൂട്ടിക്കൊടുപ്പ് കാരായി വ്യവസ്ഥാപിത ഇടതുപ്രസ്ഥാനങ്ങൾ മാറിയപ്പോൾ ദരിദ്രരിൽ ദരിദ്രരായ മൽസ്യത്തൊഴിലാളികളുടെ കൂരയും ജീവിതവും സംരക്ഷിക്കാൻ നെഞ്ചുറപ്പോടെ പൊരുതുകയാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്). വർഷങ്ങൾക്കുമുമ്പ് തൃക്കുന്നപ്പുഴ യിലും ഇപ്പോൾ തോട്ടപ്പള്ളിയിലും. മാസങ്ങൾക്കുമുമ്പ് സർക്കാരിനു നൽകിയ നെല്ലിന്റെ വില നൽകാതെ കുട്ടനാട്ടിലെ കർഷകരെ കൊടിയ അനിശ്ചിതത്വത്തിലേക്ക് തള്ളിയിട്ടപ്പോൾ, അവരുടെ സമരപ്രസ്ഥാനം പടുത്തുയർത്താൻ മുന്നിട്ടിറങ്ങു ന്നത് ഈ പാർട്ടിയുടെ സഖാക്കളാണ്. ആലപ്പുഴയുടെ കിഴക്കൻ മേഖലകളിൽ കെ റെയിൽ സിൽവർലൈൻ പദ്ധതിക്കെതിരെ ഇരകൾ ഒരു സമര ശക്തിയായി രംഗത്തുവന്നപ്പോൾ അവർക്ക് അടിയുറച്ച പിന്തുണ നൽകിക്കൊണ്ടും നേതൃത്വം നൽകിക്കൊണ്ടും എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്)ന്റെ സഖാക്കൾ നിലകൊണ്ടു. ആലപ്പുഴയുടെ വടക്കൻ മേഖലയിൽ പൊക്കാളി കർഷകരുടെയും ഉൾനാടൻ മൽസ്യത്തൊഴിലാളികളുടെയും സമരപ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നതും പാർട്ടിയുടെ സഖാക്കളാണ്. അങ്ങിനെ ആലപ്പുഴയുടെ മണ്ണിൽ ജനകീയസമരങ്ങളുടെയും തൊഴിലാളി പ്രക്ഷോഭങ്ങളുടെയും നായകസ്ഥാനത്തുള്ള നമ്മുടെ പാർട്ടിയുടെ

(ശേഷം 4–ാം പേജിൽ)






എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ മുഖ്യപ്രഭാഷണം നടത്തുന്നു.



സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിത്രവും വഹിച്ചുകൊണ്ട് കൊംസമോൾ പരേഡ് പ്രകടനത്തിനു മുന്നിൽ.

(4–ാം പേജിൽ നിന്ന്)

പദവി, ജൂലൈ 22ന്റെ സമ്മേളനവിജയത്തിന്റെ സവിശേഷ കാരണമായി.

രാഷ്ട്രീയമണ്ഡലമാകെ അപചയത്തിലമരുമ്പോൾ, സത്യസന്ധരായ ജനങ്ങൾ രാഷ്ട്രീയത്തിൽ നിന്നും അകലുന്നു. വഞ്ചിക്കപ്പെടുന്ന ജനത പ്രതീക്ഷകൾ കൈവെടിയുന്നു. സാമൂഹ്യമണ്ഡലത്തിൽ തങ്ങൾക്ക് എന്തെങ്കിലും പങ്കുവഹിക്കാനുണ്ടെന്ന് അവർക്ക് ഉള്ളിൽത്തട്ടി ബോധ്യപ്പെടുന്നില്ല. വിമുഖതയും നിരാസവും നിരാശയുമാണ് ജനങ്ങളെ, വിശേഷിച്ചും യുവാക്കളെ നയിക്കുന്നത്. ഡിജിറ്റൽ ലോകം തുറന്നുകൊടുക്കുന്ന അൽപ്പായുസ്സുകളായ ആകർഷണങ്ങളിൽ അഭിരമിക്കുന്ന യുവതലമുറയിൽ ഗണ്യമായ ഒരു വിഭാഗം ഗൗരവമുള്ള സാമൂഹ്യവിഷയങ്ങളിൽ നിന്നും അകന്നുപോകുകയാണ്. സാമൂഹ്യരംഗത്തെ പേടിപ്പെടുത്തുന്ന അനിശ്ചിതത്വവും അനാഥത്വവും സാധാരണമനുഷ്യരെ ചെറുതായൊന്നുമല്ല വേട്ടയാടുന്നത്, പ്രത്യേകിച്ചും യുവജനതയെ. മയക്കുമരുന്നുൾപ്പടെയുള്ള അപകടകരമായ സ്വാധീനങ്ങളിലേക്ക് അവരെ തള്ളിവിടുന്നത് ഈ സാമൂഹ്യരംഗമാണ്. തന്റെ അനിശ്ചിതത്വത്തിന്റെ കാരണം അപരനാണെന്ന വികാരം ബോധപൂർവ്വം മതാന്ധതയുടെശക്തികൾസൃഷ്ടിക്കുന്നതുവഴി യുവാക്കളിൽ പോലും ഭ്രാന്തമായ വർഗ്ഗീയവികാരവും അന്യമതവിദ്വേഷവും പടരുന്നു. ഇവയെല്ലാം നേരിട്ടുകൊണ്ടാണ് നാം രാജ്യത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ വ്യത്യസ്തമായ മുദ്ര സ്ഥാപിച്ചുകൊണ്ട് മുന്നേറുന്നത്.

അപ്പക്കഷ്ണങ്ങളുടെ പിറകെപോകാൻ നിർബ്ബന്ധിതമാക്കപ്പെടുന്ന നിസ്സഹായ അവസ്ഥ നാട്ടിലെ ദരിദ്രലക്ഷങ്ങൾക്ക് സൃഷ്ടിച്ച വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തന്നെ തുച്ഛസഹായങ്ങൾ നൽകി അവരെ കൂടെനിർത്തു ന്നതിലും വിജയിക്കുന്നു. അതിനെ അതിജീവിച്ചുകൊണ്ട്, ജീവിതം വഴിമുട്ടിക്കുന്ന തരത്തിലുള്ള സമ്മർദ്ദങ്ങൾ നേരിട്ട് നമ്മുടെ പാർട്ടിയുടെ ധീരരായ പ്രവർത്തകരായി ഒട്ടനവധി സാധാരണക്കാർ മാറുന്നു. തൊഴിലോ വരുമാനമോ നിലച്ച് പട്ടിണി കിടക്കേണ്ടി വന്നാൽപ്പോലും ഈ പ്രസ്ഥാനത്തോ ടൊപ്പം നിലകൊള്ളുമെന്ന് നിർഭയമായി പ്രഖ്യാപിക്കുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. അധികാരഘടനയുടെ ഭാഗമാകാതെ മറ്റ് രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് നിലനിൽക്കുക പോലും സാധ്യമല്ല എന്നിരിക്കെ, നിലനിൽക്കുക മാത്രമല്ല, ക്രമേണ വളരുകയുമാണ് നമ്മുടെ പാർട്ടി. കഠിനമായ പ്രതിസന്ധികളുടെ നടുവിലും ലഭിക്കുന്ന പിന്തുണയുടെയും സഹായത്തിന്റെയും ചെറിയ ഉറവകളെ ചേർത്തുപെരുക്കി, അവധാനതയോടെ വളർത്തിയെടുത്ത്, സംഘാടനത്തിന്റെ ദൗത്യം ചുമലിലേറ്റാൻ തയ്യാറെടുക്കുന്നവർക്ക് സൂക്ഷ്മതയോടെ പരിശീലനം നൽകി ഇഞ്ചോടിഞ്ച് പൊരുതി മുന്നേറുകയാണ് ഈ പ്രസ്ഥാനം.

## സഖാവ് ശിബ്ദാസ് ഘോഷ് ചിന്ത പോരാട്ടത്തിന്റെ മാർഗ്ഗം കാട്ടുന്നു

ഈ പ്രതികൂലാവസ്ഥകളെ നേരിട്ട് മുന്നേറാൻ നമ്മളെ പ്രാപ്തമാക്കുന്നത് അജയ്യമായ മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ് ഘോഷ് ചിന്തയാണ്. താൽക്കാലിക തിരിച്ചടികളെയോ അൽപ്പായുസ്സുകളായ നിഷേധവശങ്ങളെയോ മാനദണ്ഡമാക്കിയല്ല നാം സാമൂഹ്യപ്രക്രിയയെ വിലയിരുത്തുന്നത്. എല്ലാ സമൂഹങ്ങളിലും അന്ധകാരത്തിന്റെ ദിനങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ അവയൊന്നും ശാശ്വതമായി നിലനിന്നില്ല. മാറ്റം അനിവാര്യമാണ്. അതാകട്ടെ, മാറ്റത്തിന്റെ വസ്തുനിഷ്ഠനിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് സംഭവിക്കുന്നതും. മാർക്സിസ്റ്റ് ദർശനം വെളിവാക്കിയത് സാമൂഹ്യവികാസപ്രക്രിയയുടെ വസ്തുനിഷ്ഠ നിയമങ്ങളാണ്. അവ പൂർണ്ണമായും ശാസ്ത്രത്തെ ആധാരമാക്കി വികസിപ്പിച്ചെടുത്തവയാണ്. അതിനാലാണ് മാർക്സിസം-ലെനിനിസത്തെ നാം നമ്മുടെ




സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണത്തിന്റെ ഭാഗമായി ജൂലൈ 22ന് ആലപ്പുഴയിൽ നടന്ന സമ്മേളനത്തിന് മുന്നോടിയായി നഗരചത്വരത്തിൽനിന്ന് തുടക്കംകുറിച്ച പ്രകടനം.

ദർശനമായിസ്വീകരിച്ചിരിക്കുന്നതും. സഖാവ് ശിബ്ദാസ് ഘോഷ്, ആധുനികശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് അനുരോധമായി മാർക്സിസ്റ്റ് ദർശനത്തെ വികസിപ്പിച്ചു. കാലഘട്ടത്തിന്റെ സമസ്യകൾക്ക് ഉത്തരം നൽകത്തക്കവിധം അതിനെ പര്യാപ്തമാക്കി.

സഖാവ് ശിബ്ദാസ് ഘോഷ് രാജ്യത്ത് ഏറെ അറിയപ്പെടുന്ന ഒരു നേതാവല്ല. സ്വതന്ത്രഭാരതത്തിലെ അധികാരരാഷ്ട്രീയ രംഗത്തെ അതികായനുമല്ല. എങ്കിലും



എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.

അദ്ദേഹത്തിന്റെ നാമം അത്ര ചെറുതല്ലാത്ത ഒരു വിഭാഗം ജനങ്ങൾ അളവറ്റ സ്നേഹാദരങ്ങളോടെ സ്വീകരിക്കുന്നു. അവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നു. രാജ്യത്തെ ദരിദ്രരും സാധാരണക്കാരുമായ തൊഴിലാളികൾ, കർഷകർ എന്നിവർ മാത്രമല്ല, വിദ്യാർത്ഥികൾക്കിടയിൽ, യുവതീ-യുവാക്കൾക്കിടയിൽ ബൗദ്ധികരംഗത്തെ പ്രതിഭകൾക്കിട യിൽ, ശാസ്ത്രജ്ഞർക്കിടയിൽ ഒരു വിഭാഗം തങ്ങളുടെ ജീവിതത്തിന്റെ വഴികാട്ടിയായി അദ്ദേഹത്തെ സർവ്വാത്മനാ സ്വീകരിച്ചിരിക്കുന്നു.

ഭൗതികനേട്ടങ്ങളുടെയും സൗഭാഗ്യങ്ങളുടെയും പിന്നാലെ പായുന്ന മുതലാളിത്തത്തിന്റെ സംസ്കാരത്തെ തിരസ്കരിച്ചുകൊണ്ട് തികച്ചും വിഭിന്നമായ ഒരു ജീവിതപാത അദ്ദേഹം കാട്ടിത്തന്നു. മുതലാളിത്തം വരച്ചുകാട്ടുന്ന അപമാനകരവും കഴമ്പുകെട്ടതുമായ ജീവിതത്തെ തിരസ്കരിച്ചുകൊണ്ട് അഭിമാനകരമായ, മഹത്വപൂർണ്ണമായ വിപ്ലവജീവിതത്തിന്റെ പാത അദ്ദേഹം കാട്ടിത്തന്നു. അതു പൂവിരിച്ച ഒന്നായിരുന്നില്ല. വിവരണാതീതമായ ക്ലേശങ്ങളു ടെയും ബുദ്ധിമുട്ടുകളുടെയും മാർഗ്ഗമായിരുന്നു അത്. എന്നാൽ അദ്ദേഹം പകർന്നുനൽകിയ ഉദാത്തമായ ജീവിതവീക്ഷണം ആനന്ദകരമായ ജീവിതവർത്തനത്തിന്റെ മഹനീയമാതൃകയായിരുന്നു. ജീവിതലക്ഷ്യത്തെ സംബന്ധിച്ച വ്യക്തത, മനുഷ്യനെന്ന നിലയിലുള്ള ഓരോരുത്തരുടെയും ചരിത്രപരമായ പങ്ക്, അതിരുകളില്ലാത്ത മനുഷ്യവികാസത്തിന്റെ സാധ്യത ഇവയെല്ലാം അദ്ദേഹം പകർന്ന ജീവിതവീക്ഷണത്തിൽഉൾച്ചേർന്നിരുന്നു.സ്നേഹം, സഹാനുഭൂതി, ആർദ്രത, വാൽസല്യം, ആദരവ് തുടങ്ങിയ മാനുഷിക ഭാവങ്ങൾ വിപ്ലവജീവിതത്തിന്റെ മനോഹരങ്ങളായ വശങ്ങളായി അദ്ദേഹം കാട്ടിത്തന്നു. എന്നാൽ വിപ്ലവജീവിതത്തിന് പുറത്ത് അവയ്ക്ക് അർത്ഥമില്ലെന്നും അദ്ദേഹം കാട്ടിത്തന്നു. കഠിനതരമായ സമരത്തിലൂടെ അദ്ദേഹം ആ ജീവിതവർത്തനത്തിന്റെ ഉദാത്തമാതൃകയായി സ്വയം മാറി. അങ്ങിനെ അപചയത്തിലാണ്ട ഇന്നത്തെ സാമൂഹ്യസാഹചര്യത്തിന് ഒരു പ്രതിപ്രവാഹം സൃഷ്ടിക്കാൻ പര്യാപ്തമായ ഉൾക്കരുത്തുള്ള ഒരു ദർശനം അദ്ദേഹം അവതരിപ്പിച്ചു. നമ്മുടെ ഗുരുനാഥനായി, നേതാക്കളുടെ നേതാവായി നാം അദ്ദേഹത്തെ സ്വീകരിക്കുന്നത് ഇക്കാരണത്താലാണ്.

ജനകീയ സമരങ്ങൾ ഒന്നിനു ശേഷം ഒന്ന് എന്ന മട്ടിൽ ഒടുങ്ങുന്നവയല്ല. രാജ്യം നേരിടുന്ന ഗൗരവതരമായ ഫാസിസ്റ്റ് ഭീഷണിക്കെതിരെയുള്ള പടയൊരുക്കം കൂടിയാണ്. ജനങ്ങളെ മതത്തിന്റെയും ജാതിയുടെയും പ്രദേശത്തിന്റെയും ഭാഷയുടെയുമെല്ലാം പേരിൽ വിഭജിച്ചുകൊണ്ട് തീവ്രഹിന്ദുത്വത്തിന്റെ തേരിലേറി ഫാസിസ്റ്റ് ഭീഷണിയിലേക്കു നയിക്കുകയാണ് ഇന്ന് ഭരണകൂടം. ബിജെപിയാണ് ഇന്ന് ഇതിന്റെ നിർവ്വഹണശക്തി. മുമ്പ് കോൺഗ്രസ്സിനെയായിരുന്നു ഈ ദൗത്യം മുതലാളിവർഗ്ഗം ഏല്പിച്ചിരുന്നത്. തിരഞ്ഞെടുപ്പുകളിലൂടെ ഭരണകക്ഷിയെ മാറ്റിയതു കൊണ്ട് ഈ ഫാസിസ്റ്റ് ഭീഷണിയെ തടയാൻ കഴിയില്ല എന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നുണ്ട്. ജനങ്ങൾ രാഷ്ട്രീയശക്തിയായി മാറുമ്പോഴേ അതിനു വഴിതെളിയുകയുള്ളൂ. സമൂർത്തമായ ജനകീയപ്രക്ഷോഭങ്ങളിലൂടെയേ അതു സാധ്യമാകുതാനും. ഈ സമരങ്ങളിലൂടെ എല്ലാത്തരം വിഭാഗീയ ചിന്താഗതികളെയും ജനങ്ങൾ ത്തെറിയുന്നു. ഭരണവർഗ്ഗത്തിന്റെ കുത്സിത നീക്കങ്ങളെ അവർ മുൻകൂട്ടി ചെറുക്കുന്നു, രാഷ്ട്രീയബോധം നേടുന്നു. ഇങ്ങനെ നൂറുനൂറു സമരങ്ങളെ കോർത്തിണക്കുമ്പോഴാണ് അതൊരു ജനമുന്നേറ്റമാകുന്നത്. ചുരുക്കത്തിൽ ഒരു വ്യക്തിയെ ഒരു സമരക്കമ്മിറ്റിയിലണിനിരത്തുമ്പോഴാണ് അദ്ദേഹമൊരു ഫാസിസ്റ്റ് വിരുദ്ധ പോരാളിയാകുന്നത്. അതുകൊണ്ടാണ് ജനസമരത്തിന്റെ ഈ രാഷ്ട്രീയം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കണ്ണിലെ കൃഷ്ണമണി പോലെ കാത്തു സൂക്ഷിക്കുന്നത്. സഖാവ് ശിബ്ദാസ് ഘോഷാണ് ഇന്ത്യയിൽ ഈ സമരരാഷ്ട്രീയത്തിന്റെ പാഠങ്ങളവതരിപ്പിച്ചത്. ഭരണവർഗ്ഗത്തിന്റെ ഏതടിച്ചമർത്തലിനെയും ചെറുക്കുന്നതാണ് ഈ സമരമാതൃക എന്ന് സിംഗുരലും നന്ദിഗ്രാമിലും ജനങ്ങൾ തെളിയിച്ചു.

മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് സഖാവ് ശിബ്ദാസ് ഘോഷ് 1948ൽ ഈ പാർട്ടി സ്ഥാപിക്കുമ്പോൾ അദ്ദേഹവും വിരലിലെണ്ണാവുന്ന സഖാക്കളും ആരോരുമറിയാത്തവരായിരുന്നു. തെളിഞ്ഞ സൈദ്ധാന്തികധാരണയും സ്വാതന്ത്ര്യസമരത്തിൽ ആഴ്ന്നിറങ്ങിയ അനുഭവപാഠവുമല്ലാതെ ഭൗതികമായി ഒന്നുമില്ലാത്തവരായിരുന്നു. പക്ഷേ അവർ മുന്നോട്ടു പോയി. ഇന്ത്യയിലെ 25 സംസ്ഥാനങ്ങളിലും സമർപ്പിതരായ മുഴുവൻ സമയ പ്രവർത്തകരെ സൃഷ്ടിച്ചെടുത്തു പ്രവർത്തിക്കുന്നു. എസ്‌യുസിഐ മുന്നോട്ടുവയ്ക്കുന്ന ഈ നൂതന രാഷ്ട്രീയ കർമ്മപരിപാടിയിലേക്ക് ജനങ്ങളെ ആയിരങ്ങളായി സംഘടിപ്പിക്കുക എന്ന ഉത്തരവാദിത്വം ഏറ്റെടുത്താണ് ആലപ്പുഴ റാലിയിൽ നിന്നു സഖാക്കൾ മടങ്ങിയത്. ■

# ഇന്ത്യ – അമേരിക്ക ചങ്ങാത്തത്തിന് പിന്നിലെന്ത് ?

**2023 ജൂൺ 21 മുതൽ 23 വരെ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ അമേരിക്കൻ സന്ദർശനത്തിന് ഇന്ത്യയിലെയോ അമേരിക്കയിലെയോ ജനങ്ങളുടെ താൽപര്യവുമായി എന്തെങ്കിലും ബന്ധമുണ്ടോ ? അതോ ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ സ്ഥിതി അൽപ്പമെങ്കിലും മെച്ചപ്പെടുത്തുന്നതിന് ഒരുതരത്തിലും ഉപകരിക്കാത്ത മറ്റെന്തെങ്കിലും ആവശ്യകതയാണോ ഇതിന് പിന്നിലുള്ളത് ?**

"ഈ രണ്ട് ജനാധിപത്യ രാജ്യങ്ങൾ തമ്മിലുള്ള സഹകരണത്തിന്റെ കരുത്തും ചൈതന്യവും പ്രതിഫലിപ്പിക്കുന്നതാണ് ഈ പ്രത്യേക ക്ഷണം" എന്നാണ് പുറപ്പെടുന്നതിനു മുമ്പ് മോദി പറഞ്ഞത്. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള "യോജിച്ച പ്രവർത്തനത്തിന്റെ ആഴവും അടുപ്പവും" പൂർണ്ണതയിലെത്തിക്കാൻ ഈ സന്ദർശനം സഹായകമാവുമെന്ന് വൈറ്റ് ഹൗസും പറഞ്ഞു. മോദി പുറപ്പെടുന്നതുമുതൽ തിരിച്ചെത്തുന്നതുവരെയുള്ള ദൃശ്യങ്ങൾ രാപകലെന്യെ സംപ്രേക്ഷണം ചെയ്യപ്പെട്ടിരുന്നു. ഈ സന്ദർശനം ചരിത്ര പ്രാധാന്യമുള്ളതാ ണെന്നും ഇത് രാജ്യത്തിന് അഭിമാനമുഹൂർത്തമാണെന്നും ഒക്കെയുള്ള വിവരണങ്ങളും ഒപ്പം ഉണ്ടായിരുന്നു. അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ മോദിയെ വരവേറ്റു. ഔദ്യോഗിക സൽക്കാരത്തിന്റെ തലേന്ന് അദ്ദേഹവും ഭാര്യയും മോദിക്ക് പ്രത്യേകമായ വിരുന്ന് സൽക്കാരവും നടത്തി. ഇതിനെല്ലാം വലിയ വാർത്താ പ്രാധാന്യവും ലഭിച്ചു. ഈ രാഷ്ട്ര സന്ദർശനത്തിന് സാധാരണ ഔദ്യോഗിക സന്ദർശനങ്ങളേക്കാൾ പ്രാധാന്യവും പ്രൗഢിയും ലഭിച്ചു. മോദി പ്രധാനമന്ത്രി എന്ന നിലയിൽ നടത്തുന്ന രണ്ടാമത്തെ അമേരിക്കൻ സന്ദർശനമാണിത്. ആദ്യത്തേത് ഡൊണാൾഡ് ട്രംപ് പ്രസിഡന്റ് ആയിരുന്നപ്പോൾ 'ഹൗഡി മോഡി' എന്ന പേരിൽ നടത്തിയതായിരുന്നു. ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളും കഷ്ടപ്പാടും വഞ്ചനയും എല്ലാം മറന്ന് ഈ സന്ദർശനങ്ങൾ ആഘോഷമാക്കണമെന്നും ഈ സന്ദർശനങ്ങളുടെ തന്ത്രപരവും സാമ്പത്തികവുമായ നേട്ടങ്ങൾ അത്ര വലുതാണെന്നുമുള്ള പ്രതീതി സൃഷ്ടിക്കാൻ ആർഎസ്എസ് -ബിജെപി വൃത്തങ്ങൾ ശ്രമിച്ചിരുന്നു.

സന്ദർശന വേളയിൽ നടന്ന ചർച്ചകളും ജൂൺ 22ന് പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയും ഈ സന്ദർശനത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം വ്യക്തമാക്കുന്നുണ്ട്.

## സംയുക്ത പ്രസ്താവന

"അമേരിക്കയും ഇന്ത്യയും തമ്മിലുള്ള സമഗ്രവും ആഗോളതലത്തിൽ ഉള്ളതുമായ ഈ തന്ത്രപരമായ പങ്കാളിത്തം പരസ്പര വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും ഒരു പുതിയ തലം സൃഷ്ടിക്കുന്നതും ഊഷ്മളമായ സൗഹൃദത്താൽ സമ്പുഷ്ടവും ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നതുമാണെ"ന്ന് സംയുക്ത പ്രസ്താവന ആമുഖമായിത്തന്നെ പറയുന്നുണ്ട്. ചങ്ങാത്തത്തെ കുറിച്ചുള്ള അമിതാവേശം കലർന്ന ഈ പ്രഖ്യാപനങ്ങളുടെ പിന്നിൽ, ഇരു രാജ്യങ്ങളിലെയും ജനാധിപത്യ വ്യവസ്ഥയുടെ ആവശ്യകത മുൻനിർത്തിയുള്ളതെന്ന നേതാക്കളുടെ ജല്പനങ്ങൾക്കപ്പുറത്ത്, മാരകമായ സാമ്രാജ്യത്വ യുദ്ധക്കൊതിയും സൈനിക സഹകരണ താല്പര്യവുമാണ് പതിയിരിക്കുന്നത്. സംയുക്ത പ്രസ്താവന പറയുന്നു: "അമേരിക്ക-ഇന്ത്യ സൈനിക പങ്കാളിത്തം ആഗോള സമാധാനത്തിന്റെയും സുരക്ഷയുടെയും നെടുംതൂണെന്ന നിലയിലാണ് ഉയർന്നുവന്നിരിക്കുന്നത്. സംയുക്ത സൈനികാഭ്യാസങ്ങൾ, സൈനിക രംഗത്തെ വ്യാവസായിക സഹകരണം ശക്തിപ്പെടുത്തൽ, വാർഷിക 2+2 മന്ത്രിതല ചർച്ചകൾ തുടങ്ങിയ നടപടികളിലൂടെ സൈനികരംഗത്തെ പരസ്പരധാരണ മെച്ചപ്പെട്ടതായും പരസ്പരമുള്ള സൈനിക സാമഗ്രികളുടെ കൈമാറ്റം ശക്തിപ്പെട്ടതായും അടിസ്ഥാന കരാറുകളുടെ നടപ്പാക്കൽ വ്യവസ്ഥാപിതമായതായും നേതാക്കൾ വിലയിരുത്തി... വിവരങ്ങൾ പരസ്പരം കൈമാറുന്നതിലും പരസ്പരം ലെയ്സൻ ഓഫീസർമാരെ നിയമിക്കുന്നതിലും പുരോഗതിയുണ്ട്... സമുദ്രാന്തർഭാഗത്തെക്കുറിച്ച് മെച്ചപ്പെട്ട ധാരണ രൂപീകരിച്ചുകൊണ്ട് നാവികസുരക്ഷ ശക്തമാക്കുന്നതിനും സഹകരണം ശക്തിപ്പെടുത്തുന്നതിനുമുള്ള തീരുമാനവും ആവർത്തിച്ചുറപ്പിച്ചു. ബഹിരാകാശം, നിർമ്മിതബുദ്ധി തുടങ്ങിയ പുതിയ മേഖലകളിൽ ചർച്ചകൾ തുടങ്ങിവെച്ചതിനെയും സൈനിക വ്യവസായ രംഗത്തെ സഹകരണത്തിനുള്ള പ്രവർത്തന പദ്ധതി കൈക്കൊണ്ടതിനെയും നേതാക്കൾ സ്വാഗതം ചെയ്തു. അത്യാധുനിക സൈനിക സാമഗ്രികളുടെ നിർമ്മാണം, ഗവേഷണം, പരീക്ഷണം തുടങ്ങിയ രംഗങ്ങളിലൊക്കെ യോജിച്ച് പ്രവർത്തിക്കുന്നതിന് ഇത് അവസരമൊരുക്കും. സൈനിക വ്യവസായ രംഗത്തെ സഹകരണത്തെ ബാധിക്കുന്ന ഏത് നിയന്ത്രണവും നീക്കുന്നതിന് ഇരുകൂട്ടരും പ്രതിജ്ഞാബദ്ധമായിരിക്കും. സൈനിക സാമഗ്രികളുടെ പരസ്പരമുള്ള കൈമാറ്റത്തിന്റെ കാര്യത്തിൽ അമേരിക്കൻ സൈനിക വകുപ്പും ഇന്ത്യൻ പ്രതിരോധ മന്ത്രാലയവും കൈക്കൊണ്ട തീരുമാനങ്ങളും സൈനിക സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുന്നതിൽ സഹകരിക്കാനുള്ള തീരുമാനവും ഇരു നേതാക്കളും സ്വാഗതം ചെയ്തു. ഒരു ഇന്ത്യൻ സ്റ്റാർട്ടപ്പുമായി അമേരിക്കൻ പ്രതിരോധ വകുപ്പ് ഒപ്പുവയ്ക്കുന്ന ആദ്യ കരാറിനെയും ഇരു നേതാക്കളും സ്വാഗതം ചെയ്തു. ഗവേഷണ-വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സഹ-കരാറാണിത്. രഹസ്യാന്വേഷണം, നിരീക്ഷണം തുടങ്ങിയ മേഖലകളിൽ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാമഗ്രികൾ അമേരിക്കയിൽനിന്ന് ഇറക്കുമതി ചെയ്യാനുള്ള തീരുമാനവും സ്വാഗതം ചെയ്യപ്പെട്ടു. പാർട്സ് ഇറക്കുമതി ചെയ്ത് ഇന്ത്യയിൽ അസംബിൾ ചെയ്യുന്ന രീതിയാണ് അവലംബിക്കുക. ആണവോപകരണങ്ങളുടെ ഇറക്കുമതി, അറ്റകുറ്റപ്പണി തുടങ്ങിയവ സംബന്ധിച്ചും ധാരണയുണ്ടായി. ഇന്ത്യയുടെ സൈനിക ശേഷി വർദ്ധിപ്പിക്കാനുള്ള ദീർഘകാലപദ്ധതിയുടെ ഭാഗമായി സ്വതന്ത്രവും തുറന്നതുമായ ബഹുകക്ഷി, മേഖലാ സംരംഭങ്ങളുടെ കാര്യത്തിലും ധാരണയുണ്ടായിട്ടുണ്ട്..."

സൈനികവും ബിസിനസ് സംബന്ധവുമായ മറ്റു കരാറുകൾ ഇന്ത്യയിലെ ഹിന്ദുസ്ഥാൻ ഏയ്റോനോട്ടിക്സ് ലിമിറ്റഡും അമേരിക്കയിലെ ജനറൽ ഇലക്ട്രിക്സും തമ്മിൽ മറ്റൊരു ധാരണാപത്രവും ഒപ്പുവച്ചു. ഹിന്ദുസ്ഥാൻ ഏയ്റോനോട്ടിക്സ് നിർമ്മിക്കുന്ന യുദ്ധാവശ്യത്തിനുള്ള ജെറ്റ് എഞ്ചിനുകൾ സംബന്ധിച്ചുള്ളതാണ് ഈ കരാർ. ഈ കരാർ നിലവിൽ വന്ന് ഇന്ത്യയിൽ ഈ എൻജിൻ നിർമ്മിക്കാൻ തുടങ്ങുന്നതോടെ അമേരിക്കയുടെ ജെറ്റ് എഞ്ചിൻ സാങ്കേതികവിദ്യയുടെ കൈമാറ്റം മുമ്പുള്ളതിനേക്കാൾ മെച്ചപ്പെടും. മറ്റൊരു കരാർ ചാന്ദ്രദൗത്യവുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യ സംബന്ധിച്ചുള്ളതാണ്. ദ്വികക്ഷി വ്യാപാരം മെച്ചപ്പെടുത്തുന്നതിനായി പരസ്പരം കമ്പോളങ്ങൾ വൻതോതിൽ തുറന്നു കൊടുക്കുന്ന കരാറും ഒപ്പുവച്ചിട്ടുണ്ട്. മോദിയുടെ സംസ്ഥാനമായ ഗുജറാത്തിൽ സെമി കണ്ടക്ടർ നിർമ്മാണം, ചിപ്പ് നിർമ്മാണം എന്നീ രംഗങ്ങളിൽ അമേരിക്കൻ വ്യവസായ കുത്തകകൾ നിക്ഷേപം നടത്തുമെന്ന ഉറപ്പും ലഭിച്ചിട്ടുണ്ട്. അതായത്, 'സഹകരണം, സൗഹൃദം' എന്നൊക്കെ കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും സൈനിക കരാറുകളും ആയുധക്കച്ചവടവുമാണ് സന്ദർശനത്തിന്റെ കേന്ദ്രബിന്ദു എന്ന് വ്യക്തം. ഇരു രാജ്യങ്ങളിലെയും കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും ഗുണം ചെയ്യുന്ന മറ്റു കരാറുകളും ഒപ്പുവച്ചിട്ടുണ്ട്. അംബാനി, മഹീന്ദ്ര പോലുള്ള ചില ഇന്ത്യൻ കുത്തകകളും മോദിയെ അനുഗമിച്ചിരുന്നു. സമാന സംരംഭങ്ങൾ നടത്തുന്ന അമേരിക്കൻ കമ്പനികളുമായി ഫലപ്രദമായ ചർച്ചകൾ അവർ നടത്തി. ആയുധ നിർമ്മാണം പോലുള്ള മേഖലകളിൽ ഇരുകൂട്ടർക്കും ഗുണം ചെയ്യുന്ന സംരംഭങ്ങളെ കുറിച്ചായിരുന്നു ധാരണയിലെത്തിയത്.

## സൈനികരംഗത്തെ ഏകപക്ഷീയമായ ഊന്നൽ എന്തുകൊണ്ട് ?

പട്ടിണി, ദാരിദ്ര്യം, വിലക്കയറ്റം, തൊഴിലില്ലായ്മ, വിദ്യാഭ്യാസ -ആരോഗ്യ മേഖലകളിലെ പിന്നാക്കാവസ്ഥ, സാമൂഹ്യ സുരക്ഷയുടെ അപര്യാപ്തത തുടങ്ങിയ, ജനങ്ങൾ അനുഭവിക്കുന്ന ഗുരുതരമായ നിരവധി പ്രശ്നങ്ങളിൽ അല്പം ആശ്വാസം പകരാൻ ഉതകുന്ന നടപടികളെക്കാളൊക്കെ പ്രാധാന്യം പ്രതിരോധ മേഖലയുടെ നവീകരണത്തിന് ലഭിക്കാൻ കാരണമെന്താണ് ? എല്ലാ സാമ്രാജ്യത്വ മുതലാളിത്ത രാജ്യങ്ങളിലെയും ഭരണവർഗത്തിന് സമ്പദ്ഘടനയുടെ സൈനികവൽക്കരണം ഏറ്റവും അത്യാവശ്യമായി മാറിയിരിക്കുന്നു എന്നതുതന്നെ കാരണം.

സാമ്രാജ്യത്വ-മുതലാളിത്ത ലോകത്ത് 'ഭരണകൂടത്തെ കുത്തകകളുടെ ദാസ്യത്തിൽ ആക്കുന്ന'തിനെ കുറിച്ച് മഹാനായ സ്റ്റാലിൻ വളരെ മുമ്പുതന്നെ ഇപ്രകാരം ചൂണ്ടിക്കാണിച്ചു: "ഓരോ രാജ്യത്തെയും ജനങ്ങളെ പരമാവധി ചൂഷണം ചെയ്തും പട്ടിണിക്കിട്ടും പാപ്പരാക്കിയും, മറ്റു രാജ്യങ്ങളിലെ ജനങ്ങളെ, വിശേഷിച്ച് പിന്നാക്ക രാജ്യങ്ങളിലെ ജനങ്ങളെ, അടിമകളാക്കിയും കൊള്ളയടിച്ചും, യുദ്ധങ്ങളിലൂടെയും സമ്പദ്ഘടനയുടെ സൈനികവൽക്കരണത്തിലൂടെയും പരമാവധി ലാഭം ഉണ്ടാക്കുക എന്നതാണ് ആധുനിക മുതലാളിത്തത്തിന്റെ അടിസ്ഥാന സാമ്പത്തിക നിയമത്തിന്റെ സുപ്രധാനവശം എന്ന് സാമാന്യമായി പറയാം." (*ഇക്കണോമിക് പ്രോബ്ലംസ് ഓഫ് സോഷ്യലിസം ഇൻ ദ യുഎസ്എസ്ആർ*) ഇക്കാര്യം കുറച്ചുകൂടി വിശദമാക്കിക്കൊണ്ട് എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷ് 1962ൽ തന്നെ ഇപ്രകാരം ചൂണ്ടിക്കാണിച്ചു: "സാമ്രാജ്യത്വ ശക്തികൾ ചിതയിലെ തീനാളങ്ങളിൽനിന്ന് പുറത്തുവരാൻ മരണവെപ്രാളം കാണിക്കുകയാണ്... വ്യവസായ മേഖലയെ സൈനികവൽക്കരിച്ചും അടിമുടി ആയുധമണിഞ്ഞും പോംവഴി കണ്ടെത്താൻ കൊണ്ടുപിടിച്ചു ശ്രമിക്കുകയാണവർ... മുങ്ങിച്ചാകുന്നവൻ വൈക്കോൽ തുരുമ്പിൽ പിടിക്കുന്നതുപോലെയാണത്... സൈനിക ഉപഭോഗം വർദ്ധിപ്പിച്ച് കമ്പോളത്തിൽ കൃത്രിമോത്തേജനം സൃഷ്ടിച്ചുകൊണ്ട് പ്രതിസന്ധിയെ മറികടക്കാനും താൽക്കാലികമായെങ്കിലും കമ്പോളത്തിൽ കുതിപ്പ് നിലനിർത്താനുമാണ് അവർ ശ്രമിക്കുന്നത്... ആയുധപ്പന്തയത്തിന്റെ മുൻകാല റെക്കോർഡുകൾ എല്ലാം ഭേദിച്ചുകൊണ്ട് അവർ യുദ്ധത്തിനുള്ള തയ്യാറെടുപ്പുകളിൽ മുഴുകുകയാണ്. എന്നാൽ ആയുധപ്പന്തയം മുറുകുംതോറും അവരുടെ പ്രതിസന്ധിയും മൂർച്ഛിച്ചുകൊണ്ടിരിക്കും."(*കോൾ ഓഫ് ദ അവർ*, സെലക്ടഡ് വർക്ക്സ്, വോള്യം 2)

1966ൽ അദ്ദേഹം ഇക്കാര്യം ഒന്നുകൂടി വിശദമാക്കി: "വിദേശ കമ്പോളം ലഭിക്കാതിരിക്കുകയും ആഭ്യന്തര കമ്പോളം സൃഷ്ടിക്കാൻ കഴിയാതാവുകയും ചെയ്യുമ്പോൾ തുടർച്ചയായി ഉത്പാദിപ്പിക്കുന്ന ഉരുക്ക് എന്ത് ചെയ്യും ? ഷിഫ്റ്റുകളുടെ എണ്ണം കുറയ്ക്കാനും കമ്പനി അടച്ചിടാനുമൊക്കെ, ഉരുക്ക് ശേഖരം വർദ്ധിക്കുന്നത് ഇടയാക്കും. അപ്പോൾ യുദ്ധകാഹളം മുഴങ്ങുന്നത് കേൾക്കാം. യുദ്ധം അനിവാര്യമാകുകയാണ്. സൈനിക ബജറ്റ് വർധിപ്പിച്ചുകൊണ്ട് കമ്പോളത്തിൽ കൃത്രിമോത്തേജനം സൃഷ്ടിക്കുകയാണ്. കുമിഞ്ഞുകൂടുന്ന ഉരുക്കിന്റെ ഒരു പങ്ക് ഗവൺമെന്റുതന്നെ വാങ്ങിക്കുന്നു. ഇതുകൂടാതെ എൻജിനീയറിംഗ് വ്യവസായത്തിനും ഗവൺമെന്റ് ഓർഡറുകൾ ലഭിക്കുന്നതുവഴി രക്ഷകിട്ടും. ഇപ്രകാരം സൈനിക ബജറ്റ് വർദ്ധിപ്പിച്ച് പ്രതിരോധ വ്യവസായത്തിലും കമ്പോളത്തിലും കൃത്രിമമായ ഉത്തേജനം സൃഷ്ടിക്കാതെ ഇന്ത്യൻ മുതലാളിത്തത്തിന് നിലനിൽക്കാൻ കഴിയില്ല... അമേരിക്കൻ സമ്പദ്ഘടനയും ഏറെ ദുർബലമായ അടിത്തറയിലാണ് കെട്ടിപ്പൊക്കിയിട്ടുള്ളത്. ലോകമെമ്പാടും പ്രാദേശികവും ഭാഗികവുമായ യുദ്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടേ അതിന് നിലനിൽക്കാൻ കഴിയൂ. മറ്റ് രാജ്യങ്ങളുടെമേൽ നടത്തുന്ന ഈ അതിക്രമത്തിന് അവർ 'സമാധാനത്തിനു വേണ്ടിയുള്ള പോരാട്ടം' എന്നാണ് പേരിട്ടിരിക്കുന്നത്. എന്നാൽ, സമാധാനം അവരുടെ മരണ മണിയാണെന്ന് സാമ്പത്തികശാസ്ത്രം പഠിച്ചവർക്കറിയാം. ഒരു ലോകയുദ്ധം വേണമെന്നില്ല, പ്രാദേശികവും ഭാഗികവുമായ യുദ്ധങ്ങൾ, എന്തെങ്കിലുമൊക്കെ കാര്യങ്ങൾ പറഞ്ഞ് എവിടെയെങ്കിലുമൊക്കെ കുത്തിപ്പൊക്കിയേ മതിയാകൂ. അതായത്, എബ്രഹാം ലിങ്കന്റെ ജനാധിപത്യ അമേരിക്ക അന്തർദേശീയ കൊള്ളക്കാരായിത്തീർന്നിരിക്കുന്നു. കാരണം, അവർ ഗുരുതരമായ പ്രശ്നത്തെയാണ് അഭിമുഖീകരിക്കുന്നത്. അവർക്ക് കമ്പോളമില്ല. അധിക മൂലധനമുണ്ടുതാനും. മൂലധനത്തിന് നിഷ്ക്രിയമായിരിക്കാൻ കഴിയില്ല. അങ്ങനെ ചെയ്താൽ, സമ്പദ്ഘടനയിൽ പണപ്പെരുപ്പത്തിന്റെ സമ്മർദ്ദമുണ്ടാകും. അതുകൊണ്ട് അവർ വ്യവസായ മേഖലയെ സൈനികവൽക്കരിച്ച്, ആയുധം കുന്നുകൂട്ടു

*(ശേഷം 7–ാം പേജിൽ)*

# സമ്പദ്ഘടനയുടെ സൈനികവൽക്കരണം എല്ലാ മുതലാളിത്ത–സാമ്രാജ്യത്വ രാജ്യങ്ങളുടെയും അനിവാര്യത

*(6–ാം പേജിൽ നിന്ന്)*

ന്നതിനായി നിക്ഷേപം നടത്തിക്കൊണ്ടിരിക്കുന്നു." (*ഇൻഡിപെൻഡൻസ് ഓൺ 15 ആഗസ്റ്റ് ആൻഡ് പ്രോബ്ലംസ് ഓഫ് ഇമാൻസിപ്പേഷൻ ഓഫ് പീപ്പിൾ*, സെലക്ടഡ് വർക്ക്സ് വോള്യം 3)

ആറുപതിറ്റാണ്ടുകൾക്കു മുമ്പ് അദ്ദേഹം നടത്തിയ വിശകലനം അക്ഷരംപ്രതി ശരിയാണെന്ന് ഇന്ന് തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മരണാസന്നമായ മുതലാളിത്ത–സാമ്രാജ്യത്വത്തിന് സമ്പദ്ഘടനയുടെ സൈനികവൽക്കരണം അനിവാര്യതയാണ്.

## ചങ്ങാത്തത്തിന് പിന്നിലെ രാഷ്ട്രീയ അനിവാര്യതകൾ

ആയുധ വ്യവസായം വൻതോതിൽ പ്രോത്സാഹിപ്പിക്കാനും ബഹിരാകാശ സാങ്കേതികവിദ്യയിൽ ഒരു സ്വാധീനശക്തിയാകാനും ഇരു രാജ്യങ്ങളും നിർബന്ധിതരാണ്. പ്രപഞ്ചശാസ്ത്രത്തിലുള്ള പുതിയ അന്വേഷണങ്ങൾക്ക് വേണ്ടിയല്ല, സാറ്റലൈറ്റുകൾ വഴി ചാരപ്രവർത്തനം കുറ്റമറ്റതാക്കാനും നക്ഷത്ര യുദ്ധത്തിനുള്ള ഒരുക്കങ്ങൾ നടത്താനും വേണ്ടിയാണിത്. ഒപ്പം മറ്റുചില കാരണങ്ങളുമുണ്ട്. ഇതുവരെ ആയുധങ്ങൾക്കായി ഇന്ത്യ കൂടുതലും ആശ്രയിച്ചിരുന്നത് റഷ്യയെയാണ്. എന്നാൽ, ഇന്ന് അമേരിക്ക റഷ്യയെക്കാൾ ബഹുദൂരം മുന്നേറിയിരിക്കുന്നു എന്ന കാര്യം ഇന്ത്യൻ മുതലാളി വർഗ്ഗം തിരിച്ചറിഞ്ഞിട്ടുണ്ട്. സോഷ്യലിസം അട്ടിമറിക്കപ്പെട്ടതോടെ റഷ്യ ഒരു സാമ്രാജ്യത്വ ശക്തിയായി മാറിക്കഴിഞ്ഞു. അവിടെ അധികാരം നഷ്ടപ്പെട്ട മുതലാളി വർഗ്ഗം തിരുത്തൽവാദി നേതൃത്വത്തിന്റെയും മുതലാളിത്ത- സാമ്രാജ്യത്വ ശക്തികളുടെയും പിൻബലത്തിൽ നടത്തിയ വേദനാജനകമായ അട്ടിമറിയെ തുടർന്നാണ് ഇത് സംഭവിച്ചത്. ഇതിന്റെ ഫലമായി അത്യന്താധുനികമായ പടക്കോപ്പുകളുടെ നിർമ്മാണത്തിൽ അവർ പിന്നാക്കം പോയി. എന്നു മാത്രമല്ല ഒരു സാമ്രാജ്യത്വ രാജ്യം എന്ന നിലയിൽ റഷ്യ പലനിലയ്ക്കും അധഃപതിച്ചു കൊണ്ടിരിക്കുകയാണ്. യുക്രൈനിൽ സൈനികമായി അവർ നേരിടുന്ന ചെറുത്തുനിൽപ്പുതന്നെ അവർ സ്വന്തം ശക്തി വളരെ പെരുപ്പിച്ചുകണ്ടു എന്നസൂചനനൽകുന്നുണ്ട്.ഇന്ത്യൻ ഭരണാധികാരികൾ ഇതെല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു.

## ഇന്ത്യ – അമേരിക്ക ചങ്ങാത്തം

രണ്ടാമതായി, 2004ൽ സോഷ്യലിസ്റ്റ് വ്യവസ്ഥ അട്ടിമറിക്കപ്പെട്ടതോടെ ഒരു സാമ്രാജ്യത്വ വൻ ശക്തിയായി മാറിയ ചൈന, ലോകത്ത് മേധാവിത്വം സ്ഥാപിച്ചെടുക്കുന്നതിൽ അമേരിക്കക്ക് ഒരു പ്രതിയോഗിയായി രംഗത്തു വന്നിട്ടുണ്ട്. ചൈനയിൽ ലഭ്യമാകുന്ന വിലകുറഞ്ഞ അധ്വാനശക്തിയും നിലവിലുള്ള ഉദാരമായ ബിസിനസ് നിയമങ്ങളുംമൂലം ചൈനയിൽ സംരംഭങ്ങൾ തുടങ്ങാൻ പല ബഹുരാഷ്ട്ര കമ്പനികളും താൽപര്യം കാണിക്കുന്നുണ്ട്. അന്തർദേശീയ വ്യാപാരം ചൈനയെ ആശ്രയിക്കുന്നതുവഴി ആ രാജ്യത്തിന് ആഗോളതലത്തിൽ നയതന്ത്ര രംഗത്ത് ഒരു മേൽക്കൈ ലഭിച്ചിട്ടുണ്ട്. ചൈന സൈനികമായും ശക്തമായ രാജ്യമാണ്. ലോകത്താകെ, വിശേഷിച്ച് ശാന്തസമുദ്ര മേഖലയിൽ, 750 സൈനിക താവളങ്ങൾ സ്ഥാപിച്ചിട്ടും ഇന്തോ–പസഫിക് മേഖലയിൽ ചൈനീസ് മേധാവിത്വം അവസാനിപ്പിക്കാൻ അമേരിക്കയ്ക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ചൈനയെ ഒതുക്കാൻ അമേരിക്കയ്ക്ക് പങ്കാളിയായി ഇന്ത്യയെ വേണം. ഇന്ത്യയാകട്ടെ ഏതാനും വർഷങ്ങൾക്കുള്ളിൽ ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായിമാറും എന്ന പ്രതീക്ഷയിലാണ്. അമേരിക്കൻ കോൺഗ്രസിനെ അഭിസംബോധന ചെയ്തപ്പോൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇത്തരമൊരു അവകാശവാദം ഉന്നയിക്കുകയും ചെയ്തു. എന്നുമാത്രമല്ല, സമീപഭാവിയിൽ സാമ്പത്തികമായും സൈനികമായും ചൈനയെ മറികടക്കാൻ ആയില്ലെങ്കിലും ഒപ്പം എത്താൻ കഴിയും എന്ന പ്രതീക്ഷയും ഇന്ത്യയ്ക്കുണ്ട്. ഇതിനെല്ലാം ഇന്ത്യയ്ക്ക് അമേരിക്കയുടെ സഹായവും ആവശ്യമുണ്ട്. അതിനാൽ അവരുമായുള്ള ബന്ധം ദൃഢപ്പെടുത്താൻ ഇന്ത്യയും താല്പര്യപ്പെടുന്നു.

അമേരിക്ക, ഗൾഫ് മേഖലയിൽ രാഷ്ട്രീയ മേധാവിത്വം ഉറപ്പിച്ച് എണ്ണയുടെ നിയന്ത്രണം കൈയടക്കാനും തന്ത്രപ്രാധാന്യമുള്ള മറ്റു രാജ്യങ്ങളിലും മേഖലകളിലും സ്വാധീനമുറപ്പിക്കാനും, ദീർഘകാലമായിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്യത്തോടെ അവർ പരമാധികാര രാജ്യമായ ഇറാക്കിനുമേൽ ആക്രമണം നടത്തി, ഇറാക്കിന്റെ പ്രസിഡന്റ് സദ്ദാം ഹുസൈനെ വധിച്ചു, ലിബിയൻ പ്രസിഡന്റ് ഗദ്ദാഫിയെ വകവരുത്തി, സൈനിക ആക്രമണം നടത്തി അഫ്ഗാനിസ്ഥാനെ വരുതിയിലാക്കി, സുഡാനെ വിഭജിച്ചു, സിറിയയിൽ പരോക്ഷയുദ്ധം നടത്തി, പലസ്തീനും യമനും മേൽ ആക്രമണം നടത്താൻ സയണിസ്റ്റ് ഇസ്രായേലിനെ ഇളക്കിവിടുകയും ചെയ്തു. എന്തായാലും ഇവരുടെ നിരന്തരമായ അധിനിവേശവും ആക്രമണവും മൂലം ആ മേഖലയിലാകെ ക്രമേണ ഒരു അമേരിക്കവിരുദ്ധ മനോഭാവം വളർന്നുവരുന്നുണ്ട്. ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തെ തുടർന്ന് അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ബുഷ് 2001ൽ 'ഭീകരവാദത്തിനെതിരായ യുദ്ധം' പ്രഖ്യാപിച്ചു. തുടർന്നുള്ള കാലയളവിൽ പശ്ചിമേഷ്യയിൽ അമേരിക്ക കാലുറപ്പിക്കുന്നതാണ് കണ്ടത്. ഈ അമേരിക്കൻ സാന്നിധ്യത്തെ പലരും അപലപിക്കുന്നുണ്ട്. പലസ്തീൻ ജനതയ്ക്കുമേൽ ഇസ്രയേൽ നടത്തുന്ന അധിനിവേശങ്ങളെ നിരന്തരം പിന്തുണയ്ക്കുന്ന അമേരിക്കൻ നിലപാട് അറബ് ലോകത്തെ അസ്വസ്ഥമാക്കുന്നുണ്ട്. അമേരിക്ക തങ്ങളുടെ രാജ്യങ്ങളിൽ ഇടപെടുന്നത് സ്വന്തം നേട്ടത്തിനാണെന്നും എണ്ണനിക്ഷേപത്തിൽ കണ്ണുവെച്ച് ആണെന്നും പലരും കരുതുന്നുണ്ട്. സ്വന്തം രാജ്യത്ത് അമേരിക്കൻ പട്ടാളത്തെയും അവരുടെ രഹസ്യാന്വേഷണ സംവിധാനങ്ങളെയും ആണ് അറബികൾ കാണുന്നത്. അമേരിക്കയുടെ സ്വാർത്ഥതതങ്ങളുടെസുരക്ഷിതത്വത്തിന് ഭീഷണിയാണെന്ന് അവർ മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ അമേരിക്കൻ വിരുദ്ധ പ്രക്ഷോഭങ്ങളും ഉയർന്നു വരുന്നുണ്ട്. അറബികൾ ദരിദ്രരായി കഴിയുമ്പോൾ അവിടുത്തെ അമേരിക്കൻ പൗരന്മാർ സമ്പന്നരായി മാറുന്നു. തങ്ങളുടെ ദുസ്ഥിതിക്ക് കാരണം അമേരിക്കയാണെന്ന് കുറ്റപ്പെടുത്തുന്നവരും ധാരാളമുണ്ട്.

## ചൈനയ്ക്ക് തടയിടാൻ അമേരിക്കയ്ക്ക് ഇന്ത്യയുടെ സഹായം വേണം

ഇത് മനസ്സിലാക്കിക്കൊണ്ട് ചൈന പശ്ചിമേഷൻ രാജ്യങ്ങളുമായി സൗഹൃദം സ്ഥാപിക്കുകയും അവർക്ക് സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സാമ്പത്തിക സഹായം മാത്രമല്ല,

*(ശേഷം 8–ാം പേജിൽ)*

# കരിമണൽ അഴിമതി: സത്യസന്ധമായ അന്വേഷണത്തിലൂടെ കുറ്റവാളികളെ തുറുങ്കിലടയ്ക്കുക – എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

**ഐ**ആർഇഎൽ, കെഎംഎംഎൽ കമ്പനികളിൽ നിന്ന് കരിമണലും മണലുൽപ്പന്നങ്ങളും വാങ്ങുന്ന കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ഓഹരിപങ്കാളിത്തമുള്ള ശശിധരൻ കർത്തായുടെ കൊച്ചിൻ മിനറൽ ആന്റ് റൂട്ടൈൽ ലിമിറ്റഡ്(സിഎംആർഎൽ)കമ്പനിയും 2017–2020 വർഷ കാലയളവിൽ കേരള മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ വിജയനും അവരുടെ ഉടമസ്ഥതയിലുള്ള എക്സാലോജിക് എന്ന കമ്പനിക്കും 1.72 കോടി രൂപാ മാസപ്പടിയായി നല്കിയിട്ടുള്ളതായി ആദായനികുതി വകുപ്പ് കണ്ടെത്തിയ വിവരങ്ങൾ ഇന്ററിം സെറ്റിൽമെന്റ് ബോർഡ് പുനഃപരിശോധന ഇല്ലാത്ത വിധം തീർപ്പ് കല്പിച്ചിരിക്കുന്നു. സിഎംആർഎല്ലും എക്സാലോജിക്കും തമ്മിലുള്ള കരാർപ്രകാരമാണ് തുക കൈമാറിയതെന്നു പറയുമ്പോഴും വാങ്ങിയ തുകയ്ക്കുള്ള സേവനങ്ങൾ ഒന്നുംതന്നെയും വീണ വിജയന്റെ കമ്പനി നൽകിയിട്ടില്ല എന്ന ആദായ നികുതി വകുപ്പിന്റെ കണ്ടെത്തൽ സെറ്റിൽമെന്റ് ബോർഡ് ശരിവച്ചിരിക്കുകയാണ്.

യഥാർത്ഥത്തിൽ കോഴ കൈമാറുന്നതിനായി ഉണ്ടാക്കിയ ഒരു മറ മാത്രമാണ് എക്സാലോജിക്കുമായുള്ള കരാർ. പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്ന സിഎംആർഎല്ലിന്റെ മുമ്പിൽ ഉയർന്നു വന്ന വിഘ്നങ്ങളെ രാഷ്ട്രീയ ഇടപെടലിലൂടെ മറികടക്കുന്നതിനു വേണ്ടി നൽകപ്പെട്ടതാണ് ഈ തുകയെന്ന് സെറ്റിൽമെന്റ് ബോർഡിന്റെ വിധിയിൽ വ്യക്തമാണ്. മുഖ്യമന്ത്രിയുടെ കുടുംബം മാത്രമല്ല, പ്രതിപക്ഷത്തെ നേതാക്കളും പണംപറ്റിയവരുടെ ലിസ്റ്റിൽ പെട്ടിട്ടുണ്ട്. അതിനാൽ രാഷ്ട്രീയ സമവായത്തിലൂടെ ഞെട്ടലുളവാക്കുന്ന ഈ അഴിമതി മൂടിവയ്ക്കാനുള്ള ഊർജ്ജിതശ്രമങ്ങളും നടക്കുകയാണ്.പ്രതിപക്ഷത്തിന്റെ മൗനം ഈ സമാവയത്തിന്റെ തെളിവാണ്. പരാതിക്കിടയില്ലാത്ത വിധം കോഴയുടെ വീതം വയ്പ്പ് നടന്നാൽ കേരളത്തെ കൊള്ളയടിക്കാൻ ഏതൊരു ക്രിമിനൽ മുതലാളിക്കും സാധിക്കും എന്ന് വരുന്നത് അപകടകരമായ ഒരു രാഷ്ട്രീയ സാഹചര്യമാണ്. അത് അനുവദിച്ചുകൂടാ. ഈ സാഹചര്യത്തിൽ പൊതുസമൂഹത്തിലെ നിഷ്പക്ഷ വ്യക്തിത്വങ്ങളുൾപ്പെടുന്ന ഒരന്വേഷണ സംവിധാനം സത്യസന്ധരായ ജഡ്ജിമാരുടെ നേതൃത്വത്തിൽ രൂപീകരിച്ച് ഈ അഴിമതിയെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് ആവശ്യപ്പെട്ടു. വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികളും മാധ്യമങ്ങളും ഉദ്യോഗസ്ഥപ്രമുഖരും അഴിമതിപ്പണം കൈപ്പറ്റിയിട്ടുണ്ടെന്ന് പുറത്തുവന്നിട്ടുള്ള സാഹചര്യത്തിൽ ഔദ്യോഗിക അന്വേഷണ സംവിധാനങ്ങൾ രാഷ്ട്രീയസ്വാധീനങ്ങൾക്ക് വഴങ്ങുമെന്നതിനാലാണ് പൊതുസമൂഹത്തിന്റെ ഓഡിറ്റിംഗിനുകീഴിൽ അന്വേഷണം വേണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആവശ്യപ്പെടുന്നത്.

കഴിഞ്ഞ രണ്ടു വർഷത്തിലധികമായി പ്രളയജലം ഒഴുക്കിവിടാനെന്ന പേരിൽ തോട്ടപ്പള്ളിയിൽ നടത്തിക്കൊണ്ടിരിക്കുന്ന കരിമണൽ ഖനനം സ്വകാര്യമൂലധനശക്തികളും എൽഡിഎഫ് സർക്കാരും ചേർന്ന് രൂപപ്പെടുത്തിയിട്ടുള്ള ഈ അഴിമതി സംഘത്തിന്റെ മേൽനോട്ടത്തിലാണ് നടക്കുന്നത്. അവിടെ നടക്കുന്ന ജനകീയ സമരത്തെയും ജനവികാരത്തെയും അടിച്ചമർത്തി കോടികളുടെഅഴിമതിക്ക് വഴിയൊരുക്കുകയാണ് സിപിഐ(എം) നയിക്കുന്ന സർക്കാർ. ഭരണസംവിധാനങ്ങളെല്ലാം വിലക്കെടുക്കപ്പെട്ടതായി തോട്ടപ്പള്ളിയിലെ സാഹചര്യം വ്യക്തമാക്കുന്നു.

രണ്ട് പതിറ്റാണ്ടുമുമ്പ് ആറാട്ടുപുഴ–തൃക്കുന്നപ്പുഴ തീരത്ത് ഉയർന്നു വന്ന ജനകീയസമരത്തിന്റെ നാളുകളിൽ ഇടതു–വലതു ഭേദമെന്യേ രാഷ്ട്രീയ കക്ഷികൾ കരിമണൽ ലോബിക്കുവേണ്ടി പ്രവർത്തിച്ചിരുന്നു. അന്ന്, ജനകീയ സമരത്തെ പൊളിക്കുന്നതിനുവേണ്ടി ആരോപണവിധേയനായ ശശിധരൻ കർത്ത പണംചെലവഴിച്ച് ഇടതുവലതു ട്രേഡ് യൂണിയനുകളെ വിലയ്ക്കെടുത്ത് സെക്രട്ടേറിയറ്റിനുമുന്നിൽ സമരനാടകം നടത്തുകയുണ്ടായി. ജനകീയസമരത്തോടൊപ്പം അടിയുറച്ചുനിന്നുകൊണ്ട് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ചൂണ്ടിക്കാട്ടിയ വസ്തുതകൾ ഇന്ന് ശരിയെന്ന് സ്ഥിരീകരിക്കപ്പെടുകയാണ്. തോട്ടപ്പള്ളിയിൽ നടക്കുന്ന കരിമണൽ ഖനനം ഉടൻ നിർത്തിവയ്ക്കണം. തോട്ടപ്പള്ളിയിൽ നടക്കുന്ന ജനകീയസമരത്തെ കേരളതീരത്തിന്റെ സമരമാക്കി വളർത്തിക്കൊണ്ട് തീരവും ജീവിതവും തകർക്കുന്ന കരിമണൽ ലോബിയെയും അവരെ സംരക്ഷിക്കുന്ന രാഷ്ട്രീയനേതൃത്വങ്ങളെയും ഒറ്റപ്പെടുത്തണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അഭ്യർത്ഥിക്കുന്നു. ■

# ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കും കനത്ത വെല്ലുവിളി

(7-ാം പേജിൽ നിന്ന്)

ഈ മേഖലയിലെ സംഘർഷങ്ങളിൽ മധ്യസ്ഥത വഹിക്കാനുള്ള താൽപ്പര്യവും ചൈന പ്രകടിപ്പിച്ചിട്ടുണ്ട്. സൗദി അറേബ്യയും ഇറാനും തമ്മിലുള്ള ബന്ധം സാധാരണ നിലയിൽ ആക്കാനുള്ള കരാർ ബീജിങ്ങിൽ ചൈനയുടെ മധ്യസ്ഥതയിൽ ഉണ്ടായത്, മേഖലയിലെ രാഷ്ട്രീയ-സുരക്ഷാ വിഷയങ്ങളിൽ ചൈനയുടെ വർദ്ധിച്ചുവരുന്ന സ്വാധീനമാണ് വ്യക്തമാക്കുന്നത്. ഇസ്രയേൽ-പലസ്തീൻ സംഘർഷത്തിന് അയവ് വരുത്തുവാനുള്ള ശ്രമങ്ങൾക്ക് മുൻകൈ എടുക്കാൻ ചൈനീസ് അധികൃതർ മുന്നോട്ടുവന്നു. ഇറാന്റെ ആണവ കരാർ പുതുക്കുന്ന കാര്യത്തിലും ഇതേ നിലപാട് സ്വീകരിച്ചു. പശ്ചിമേഷ്യയിൽ റഷ്യയുടെ സ്വാധീനം കുറഞ്ഞു വരുന്നതോടെ അവിടെ സ്വാധീനം ചെലുത്തുന്ന ഏറ്റവും പ്രബല വിദേശ ശക്തി എന്ന സ്ഥാനം അമേരിക്കയെ പിന്തള്ളി ചൈന കരസ്ഥമാക്കും എന്ന് കരുതപ്പെടുന്നു.

മറുവശത്ത്, പശ്ചിമേഷ്യൻ രാജ്യങ്ങളായ സൗദി അറേബ്യ, യുഎഇ എന്നിവയുമായും ഈജിപ്തുമായും എന്തിന് ഇസ്രായേലുമായി പോലും ഇന്ത്യ നല്ല ബന്ധം നിലനിർത്തുന്നുണ്ട്. ഏഴ് പ്രധാന അറബ് രാജ്യങ്ങൾ അംഗങ്ങളായ ഗൾഫ് കോ-ഓപ്പറേഷൻ കൗൺസിലിനെ സുപ്രധാന സാമ്പത്തിക പങ്കാളിയായിട്ടാണ് ഇന്ത്യ എപ്പോഴും കരുതിപ്പോന്നിട്ടുള്ളത്. ഇതുവഴി പെട്രോളിയം ഇറക്കുമതി, ഗൾഫ് പണത്തിന്റെ വരവ് തുടങ്ങിയ രംഗങ്ങളിൽ നേട്ടങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഈ ബന്ധത്തിന്റെ ആഴം വ്യക്തമാക്കിയ സംഭവമായിരുന്നു 2021ൽ ഉണ്ടായ 'ഇൻഡോ-അബ്രഹാമിക് അലയൻസ്' എന്നറിയപ്പെട്ടന്ന ഇന്ത്യയും ഇസ്രയേലും യുഎഇയും ചേർന്ന കൂട്ടുകെട്ട്. അമേരിക്ക ഇപ്പോൾ അവരുടെ ഇൻഡോ-പസഫിക് നയതന്ത്രത്തെ -ഇത് ഈ മേഖലയിലെ ചൈനയുടെ സ്വാധീനം കുറയ്ക്കാൻ ഉന്നം വെച്ചുള്ളതാണ്- മധ്യപൂർവ്വ ദേശത്തെ പ്രവർത്തനങ്ങളുമായി സമന്വയിപ്പിക്കാൻ ശ്രമം നടത്തുകയാണ്. ഡൽഹിയുമായുള്ള ചങ്ങാത്തം വഴി ഇത് സാധിച്ചെടുക്കാനാണ് അവർ ശ്രമിക്കുന്നത്. അങ്ങനെ, ഭൂമിശാസ്ത്രപരമായി രാഷ്ട്രീയ പ്രാധാന്യമുള്ള രണ്ട് മേഖലകളിൽ ഒരേസമയം സ്വാധീനം ചെലുത്താം എന്നവർ കണക്കുകൂട്ടുന്നു. ഇസ്രയേലും യുഎഇയും തമ്മിലുള്ള ബന്ധം സാധാരണനിലയിലായതു പോലുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് ഈ മേഖലയിൽ കുറഞ്ഞ പരിശ്രമംകൊണ്ട് കൂടുതൽ നേട്ടം ഉണ്ടാക്കാൻ അവസരം ലഭിക്കും എന്നാണ് അമേരിക്ക കരുതുന്നത്.

'അബ്രഹാം കരാർ' ഇന്ത്യയ്ക്ക് വലിയ നേട്ടം ഉണ്ടാക്കി കൊടുത്തിട്ടുണ്ട്. പ്രാദേശികമായ ഇടപെടലിനുള്ള ഒരു രൂപരേഖ ഇന്ത്യ ആവിഷ്കരിച്ചിട്ടുണ്ട്. ഈ മേഖലയിൽ കൂടുതൽ നേട്ടമുണ്ടാക്കാം എന്നും ആ നേട്ടങ്ങൾ ദൃഢീകരിച്ചെടുക്കാമെന്നും ഇന്ത്യ കണക്കുകൂട്ടുന്നുണ്ട്. അതുകൊണ്ടാണ്, അമേരിക്കയിൽനിന്ന് മടങ്ങുന്ന വഴി പ്രധാനമന്ത്രി മോദി ഈജിപ്ത് സന്ദർശിച്ചത്. ഈജിപ്തുമായി നിലവിലുള്ള ബഹുമുഖമായ ബന്ധങ്ങളെ ഒരു 'തന്ത്രപരമായ പങ്കാളിത്ത'ത്തിന്റെ തലത്തിലേക്ക് ഈ വർഷം ഉയർത്തുകയും ചെയ്തു. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, പാരമ്പര്യേതര ഊർജ്ജം, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയ മേഖലകളിൽ ഒക്കെ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കാൻ ഉതകുന്ന മാർഗങ്ങളെ കുറിച്ച് ഇരു രാജ്യങ്ങളും ചർച്ച ചെയ്തു. 'സൂയസ് കനാൽ ഇക്കണോമിക് സോണി'ൽ ഇന്ത്യയെ ഉൾപ്പെടുത്താനും വ്യവസായ രംഗത്തും ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റത്തിന്റെ രംഗത്തും ഇന്ത്യയ്ക്ക് അവസരം നൽകാനും ഈജിപ്ത് സന്നദ്ധമായി. പല രാജ്യങ്ങളുടെയും കമ്പോളവുമായി എളുപ്പത്തിൽ ബന്ധം സ്ഥാപിക്കാനുള്ള ഒരു അവസരമാണ് ഇതുവഴി ഇന്ത്യയ്ക്ക് ലഭിച്ചത്. ചൈന ഇതിനകം തന്നെ ഇവിടെ സ്ഥാനം ഉറപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ നിക്ഷേപം ഈജിപ്ത് സ്വാഗതം ചെയ്തു, ഗ്രീൻ ഹൈഡ്രജൻ ഉൽപാദന രംഗത്ത് പ്രത്യേകിച്ചും. ഇന്ത്യൻ കുത്തകകൾക്ക് ഇതിനകം തന്നെ ഈജിപ്തിൽ സംരംഭങ്ങൾ ഉണ്ട്. അറബ് ലോകത്തെയും ആഫ്രിക്കയിലെയും രാഷ്ട്രീയ രംഗത്തെ ഒരു പ്രധാനശക്തിയാണ് ഈജിപ്ത്. ഈജിപ്തും മിഡിൽ ഈസ്റ്റിലെ മറ്റു രാജ്യങ്ങളുമായിട്ടുള്ള ഇന്ത്യയുടെ അടുപ്പം അതിന്റെ മേധാവിത്വം സ്ഥാപിച്ചെടുക്കാൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

## പൊള്ളയായ ജനാധിപത്യ പ്രബോധനങ്ങൾ

ഇരു രാജ്യങ്ങളും ജനാധിപത്യത്തെ പുകഴ്ത്തി പാടിക്കൊണ്ട് ജനങ്ങളെ വഞ്ചിക്കുകയായിരുന്നു. നരേന്ദ്രമോദി മാധ്യമങ്ങൾക്കു മുന്നിൽ ജനാധിപത്യത്തോടുള്ള കൂറ് ആവർത്തിച്ചു. "ജനാധിപത്യം നമ്മുടെ ആത്മാവാണ്... അത് നമ്മുടെ സിരകളിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. നമ്മൾ ജനാധിപത്യത്തിലാണ് ജീവിക്കുന്നത്. നമ്മുടെ പൂർവികർ ഈ ആശയത്തിന് വാഗ്‌രൂപം നൽകുകയാണ് ചെയ്തത്... ജനാധിപത്യത്തിന് നമ്മുടെ പ്രതീക്ഷകൾ നിറവേറ്റാൻ കഴിയുമെന്ന് നമ്മൾ എല്ലാ കാലവും തെളിയിച്ചിട്ടുണ്ട്. അതാകട്ടെ ജാതി, വംശം, മതം, ലിംഗം എന്നിവയ്ക്കൊക്കെ അതീതമായിട്ടാണുതാനും... വിവേചനത്തിന് ഇവിടെ സ്ഥാനമില്ല. ജനാധിപത്യത്തെ കുറിച്ച് പറയുമ്പോൾ, മാനുഷിക മൂല്യങ്ങളും മാനവികതയും മനുഷ്യാവകാശങ്ങളും ഇല്ലെങ്കിൽ അത് ജനാധിപത്യമേ അല്ല." അമേരിക്കൻ പ്രസിഡന്റ് പറഞ്ഞതാകട്ടെ, ഇന്ത്യയുടെയും അമേരിക്കയുടെയും ഡിഎൻഎയിൽത്തന്നെ ജനാധിപത്യമുണ്ട് എന്നത്രേ.

## ഇന്ത്യ - അമേരിക്ക ചങ്ങാത്തം

എന്നാൽ വസ്തുത എന്താണ്? ദീർഘകാലമായി അമേരിക്കയിൽ വ്യവസായ-സൈനിക സഖ്യം നിലനിൽക്കുന്നുണ്ട്. ഒരു രാജ്യത്തിന്റെ സൈന്യവും അതിന് ആയുധങ്ങൾ ഉണ്ടാക്കി നൽകുന്ന പ്രതിരോധ വ്യവസായവും തമ്മിലുള്ള ബന്ധം എന്നാണത് നിർവചിക്കപ്പെടുന്നത്. സൈന്യവും പ്രതിരോധരംഗത്തെ നിക്ഷേപകരും തമ്മിലുള്ള ബന്ധത്തിന്റെ പ്രേരകശക്തി ഇരുകൂട്ടർക്കും നേട്ടമുണ്ട് എന്നതാണ്. സൈന്യത്തിന് യുദ്ധോപകരണങ്ങൾ ലഭിക്കുമ്പോൾ മറ്റേ കൂട്ടർക്ക് പണം ലഭിക്കുന്നു എന്നാണ് സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചത്. ലോകത്തെയാകെ കൊള്ളയടിക്കുകയും ആക്രമിക്കുകയുമൊക്കെ ചെയ്യുന്ന അമേരിക്കയുടെ തനിനിറം മൂടിവയ്ക്കുന്നാണ് അവർ മനുഷ്യാവകാശങ്ങളെ കുറിച്ച് വാചാലമാകുന്നത്. സ്വന്തം കാര്യം വരുമ്പോൾ മനുഷ്യാവകാശങ്ങൾ കടലാസിലൊതുങ്ങും. അമേരിക്കൻ ആജ്ഞ അനുസരിക്കാത്ത രാഷ്ട്രങ്ങളെയും ഭരണാധികാരികളെയും മനുഷ്യാവകാശ ലംഘനം ആരോപിച്ച് ആക്രമിക്കാനും ഗവൺമെന്റിനെ അട്ടിമറിക്കാനും പാവ ഗവൺമെന്റിനെ പ്രതിഷ്ഠിക്കാനും ഒക്കെയുള്ള അധികാരം അവർ സ്വയം ചാർത്തിക്കൊടുക്കുന്നു. അമേരിക്ക ഇപ്പോൾ തീവ്ര വലതുപക്ഷ ഭരണത്തിൻ കീഴിലാണ്. അതുകൊണ്ടുതന്നെ ഇത്തരം നടപടികൾ നിരന്തരം ഉണ്ടാകും. ആഭ്യന്തര രംഗത്ത് മനുഷ്യാവകാശങ്ങൾ നഗ്നമായി ലംഘിക്കപ്പെടും. കറുത്ത വർഗ്ഗക്കാരുടെ നേരെയും മറ്റും നടക്കുന്ന അതിക്രമങ്ങൾ ഉദാഹരണം. മനുഷ്യാവകാശ ലംഘനങ്ങളുടെ കരിനിഴലിൽ നിൽക്കുന്ന നരേന്ദ്രമോദിയെ പോലെ ഒരു വിദേശ നേതാവ് ഈ അരുംകൊലകൾക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കും വെള്ളപൂശി അന്താരാഷ്ട്രരംഗത്തെ അമേരിക്കയുടെ രാഷ്ട്രീയ കരുനീക്കങ്ങൾക്ക് പിന്തുണ നൽകുകയാണ്.

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ബന്ധത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നത് ഡോളർ നേട്ടം തന്നെയാണ്. അതോടൊപ്പം, അമേരിക്കയിലെ പോലെ ഇന്ത്യയിലും ഒരു സൈനിക-വ്യവസായ അവിശുദ്ധസഖ്യം പടുത്തുയർത്താൻ ഇന്ത്യൻ മുതലാളിവർഗ്ഗവും ശ്രമിച്ചുകൊണ്ടിരിക്കുന്ന എന്ന കാര്യവും കണക്കിലെടുക്കണം. ഇന്ത്യയിലെ ഏതാണ്ട് എല്ലാ കോർപ്പറേറ്റുകളും ഒറ്റയ്ക്കോ വിദേശ പങ്കാളിയുമായി ചേർന്നോ പ്രതിരോധരംഗത്ത് മൂലധനം ഇറക്കാൻ ഉത്സാഹിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യാഗവൺമെന്റ് സൈനിക ബജറ്റ് വൻതോതിൽ വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വിദേശ കുത്തകകളുമായുള്ള പ്രതിരോധ ഇടപാടുകളിൽ അവർ മധ്യസ്ഥരുടെ പങ്കാണ് നിറവേറ്റുന്നത്. അടുത്തിടെ അനിൽ അംബാനിയുടെ റഫേൽ ജറ്റ് വിമാന ഇടപാട് നരേന്ദ്രമോദിയുടെ കാർമികത്വത്തിലാണ് നടന്നത്. 2017ൽ മോദി ഇസ്രയേൽ സന്ദർശിച്ചപ്പോൾ പല പ്രതിരോധ ഇടപാടുകൾക്കും അന്തിമരൂപം നൽകുകയുണ്ടായി. ഇന്ത്യൻ നേവിക്ക് വേണ്ടി വ്യോമ പ്രതിരോധ മിസൈൽ സംവിധാനമായ ബരാക് - 8, ടെറിട്ടോറിയൽ ആർമിക്കു വേണ്ടി ടാങ്ക് വേധ മിസൈലായ സ്പൈക്ക് എന്നിവ വാങ്ങുന്നത് ആ വേളയിലാണ്. "ഇസ്രയേൽ ഇന്ത്യയുടെ സുപ്രധാന പ്രതിരോധ പങ്കാളിയാകുകയാണ്. പ്രതിരോധരംഗത്ത് അവർക്ക് വളരെ ഉയർന്ന സാങ്കേതികവിദ്യ കൈവശമുണ്ട്", എന്നാണ് അന്ന് മോദി പറഞ്ഞത്. ഇന്ത്യ-ഇസ്രയേൽ സഹകരണത്തിന്റെ കാതലായ വശം പ്രതിരോധ ഇടപാടുകൾ തന്നെയാണെന്ന് ഇന്ത്യൻ അധികൃതർ സമ്മതിച്ചിട്ടുള്ളതാണ്. കഴിഞ്ഞ അമേരിക്കൻ സന്ദർശന വേളയിൽ ഒഴികെ എല്ലാ വിദേശപര്യടനത്തിലും മോദിയോടൊപ്പം കുത്തക ഭീമനായ ഗൗതം അദാനിയും ഉണ്ടായിരുന്നു. ഹിൻഡൻ ബർഗ് റിപ്പോർട്ട് അദാനിയുടെ അവിഹിത ബിസിനസ് രഹസ്യങ്ങൾ പുറത്തു കൊണ്ടുവന്നതുകൊണ്ടാകാം ഇക്കുറി ഒഴിവാക്കിയത്. മോദിയുടെ ഇസ്രയേൽ സന്ദർശനത്തിനുശേഷം ഇന്ത്യ-ഇസ്രയേൽ പ്രതിരോധ ബന്ധത്തിൽ അദാനിക്ക് ശക്തമായ സ്ഥാനം നൽകപ്പെട്ടിരുന്നു. ഡ്രോണുകൾ, ഇലക്ട്രോണിക്സ്, ചെറുകിട ആയുധങ്ങൾ, വിമാന അറ്റകുറ്റപ്പണികൾ തുടങ്ങിയ മേഖലകളിൽ ഒക്കെ ഇസ്രായേലി കുത്തക കമ്പനികളുമായി സഹകരിച്ച് പ്രവർത്തിക്കാൻ അദാനിക്ക് അവസരമുണ്ടായി. ഡ്രോണുകളുടെ നിർമ്മാണംപോലെ തന്ത്രപ്രാധാന്യമുള്ള ഒരു മേഖലയിൽ യാതൊരു മുൻപരിചയവുമില്ലാത്ത അദാനിക്ക് ഇസ്രയേലിലെ വമ്പൻ കുത്തകയായ എൽബിറ്റുമായി സംയുക്ത സംരംഭം ആരംഭിക്കാൻപോലും അവസരം ലഭിച്ചു. ഇന്ത്യ അതിവേഗം സമ്പൂർണ്ണമായ ഒരു വ്യവസായ-സൈനിക അവിശുദ്ധ സഖ്യത്തിലേക്ക് നീങ്ങുന്നു എന്നാണ് ഇതെല്ലാം കാണിക്കുന്നത്. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള കൊട്ടിഘോഷിക്കപ്പെട്ട ചങ്ങാത്തത്തിന് പിന്നിലും അറപ്പുളവാക്കുന്ന ഇത്തരം അധോലോക ഇടപാടുകൾ തന്നെയാണുള്ളത്.

## ജനങ്ങൾ മതിയായ രാഷ്ട്രീയ ബോധം ആർജിക്കണം

വ്യവസായ-സൈനിക സഖ്യം രൂപപ്പെടുന്നതും സമ്പദ്ഘടനയുടെ വർദ്ധിച്ചുവരുന്ന സൈനികവൽക്കരണവും ജനങ്ങളുടെ താൽപര്യത്തിന് തീർത്തും എതിരാണ്. ശക്തമായ സൈനിക ശേഷിയുള്ള ഒരു സാമ്രാജ്യത്വ-മുതലാളിത്ത ഭരണകൂടം നിലവിൽ വരുന്നത്, വിയോജിക്കുന്നവർക്കും പ്രതിഷേധിക്കുന്നവർക്കും എതിരായ അടിച്ചമർത്തൽ നടപടികൾ പതിന്മടങ്ങാകാൻ ഇടയാക്കും. നീതിക്കുവേണ്ടിയുള്ള മുറവിളികൾ മാരകമായ ആക്രമണങ്ങളിലൂടെ അമർച്ച ചെയ്യപ്പെടും. ഇന്ത്യൻ സാഹചര്യം ഇത്തരമൊരു അവസ്ഥ വളരെ പ്രകടമാക്കുന്നതാണ്. എതിർപ്പുകളെ അമർച്ച ചെയ്യാൻ ഒരുപിടി കരിനിയമങ്ങൾ പടച്ചുണ്ടാക്കിയിരിക്കുന്നു. സാമ്പത്തിക വിഷമതകളെക്കുറിച്ച് ഗവൺമെന്റ് മുതലക്കണ്ണീർ ഒഴുക്കുന്നു. എന്നാൽ, പൊതുജനക്ഷേമ നടപടികൾ റദ്ദാക്കുകയും കുത്തകകൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ കോരിച്ചൊരിയുകയുംചെയ്യുന്നു. കോർപ്പറേറ്റുകൾക്കുവേണ്ടി പൊതുഖജനാവ് ദുരുപയോഗം ചെയ്യുന്ന കുറ്റകൃത്യത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്കുപോലും ഉത്തരമില്ല. നികുതിയുടെ, പ്രത്യേകിച്ച് പരോക്ഷ നികുതിയുടെ ഭാരം മുഴുവൻ സാധാരണക്കാർ താങ്ങേണ്ടി വരുമ്പോൾ ബിസിനസ്സുകാർക്ക് പലതരം നികുതി ഇളവുകളും ആനുകൂല്യങ്ങളും ലഭിക്കുന്നു. ജനങ്ങളെ പിഴിഞ്ഞൂറ്റി സമാഹരിക്കുന്ന പണം സൈനിക വ്യവസായങ്ങൾക്ക് ചൊരിഞ്ഞു കൊടുക്കുന്നു ജനങ്ങൾ പ്രതിഷേധിച്ചാൽ, ക്രമസമാധാനം പാലിക്കാൻ എന്ന പേരിൽ അവരെ സൈന്യത്തെ ഉപയോഗിച്ച് അടിച്ചമർത്തും.

മോദി ഭരണവർഗത്തിന്റെ, അടിച്ചമർത്തുന്നവന്റെ വിശ്വസ്ത പ്രതിനിധിയാണ്. മോദി അഴിമതി രഹിത സംശുദ്ധ ഭരണത്തെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും പ്രസംഗിക്കുമ്പോൾ ജനങ്ങൾ അത്ഭുതപ്പെടുകയാണ്. ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വങ്ങൾ പോലും അട്ടിമറിച്ച്, ജനാധിപത്യത്തെ കശാപ്പുചെയ്ത്, അഴിമതിയിൽ ആറാടുന്ന ഒരു ഭരണത്തിന് ഇത്തരമൊരു അവകാശവാദം ഉന്നയിക്കാൻ കഴിയുന്നത് എങ്ങനെയാണ്.

ഭരണവർഗത്തിന്റെയും അവരുടെ രാഷ്ട്രീയ ഏജന്റുമാരുടെയും ഈ ഹീനവും വഞ്ചനാപരവുമായ നിലപാടുകൾക്കെതിരെ ജനങ്ങൾ ജാഗ്രത പാലിക്കേണ്ടതുണ്ട്. ബൂർഷ്വാ ഗവൺമെന്റുകളും അവരുടെ പിണിയാളുകളും നടത്തുന്ന കപട ഭാഷണങ്ങളാലും നാട്യങ്ങളാലും ജനങ്ങൾ വഞ്ചിതരാകരുത്. ജനങ്ങൾ മതിയായ രാഷ്ട്രീയ പ്രബുദ്ധതയോടെ, ശരിയായ വിപ്ലവ നേതൃത്വത്തിൽ കീഴിൽ സംഘടിതരാകണം. യോജിച്ചതും കരുത്തുറ്റതുമായ പ്രക്ഷോഭങ്ങളിലൂടെ സാമ്രാജ്യത്വ-മുതലാളിത്ത കരുനീക്കങ്ങളെ പരാജയപ്പെടുത്താൻ അവർക്കാകണം. ■

# നാലുവർഷ ബിരുദപഠനം: അപകടകരമായ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അഭേദ്യഭാഗം

**ആർ**എസ്എസ് – സംഘപരിവാർ ബുദ്ധിജീവികളുടെ ആശയോത്പന്നമായ ദേശീയ വിദ്യാഭ്യാസ നയം 2020, അഥവാ എൻഇപി 2020 നടപ്പാക്കിയാലുണ്ടാകുന്ന വിനാശകരമായ പരിണതഫലങ്ങൾ ഞങ്ങൾ മുൻലക്കങ്ങളിൽ ചൂണ്ടിക്കാട്ടിയിരുന്നു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും വിദ്യാഭ്യാസവിചക്ഷണരുടെയും അഭിപ്രായങ്ങൾ പാടെ അവഗണിച്ചുകൊണ്ട്, എങ്ങനെയാണ്, എന്തുകൊണ്ടാണ് ബിജെപി നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ എൻഇപിയുമായി മുന്നോട്ടു പോയതെന്നും ഞങ്ങൾ വിശദമായി പ്രതിപാദിച്ചിരുന്നു. ഇപ്പോൾ അത് എങ്ങനെയും നടപ്പാക്കാനായി അവർ തുനിഞ്ഞിറങ്ങിയിരിക്കുകയാണ്.

കേന്ദ്രസർക്കാരിന്റെ ഭൃത്യരായിമാറിക്കഴിഞ്ഞ യൂണിവേഴ്സിറ്റീസ് ഗ്രാന്റ്സ് കമ്മീഷൻ ഇറക്കിയ തിട്ടൂരമനുസരിച്ച്, രാജ്യത്തെ കലാലയങ്ങളും സർവ്വകലാശാലകളും നാഷണൽ കരിക്കുലം ആൻഡ് ക്രെഡിറ്റ് ഫ്രെയിംവർക്ക് ഫോർ അണ്ടർഗ്രാജ്വേറ്റ് പ്രോഗ്രാം അഥവാ NCCFUP വരുന്ന അധ്യയനവർഷം മുതൽ നടപ്പാക്കാൻ നിർബന്ധിതമായിരിക്കുകയാണ്. ഇപ്പോൾ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിലവിലുള്ള ത്രിവത്സര ബിരുദ കോഴ്സുകൾക്കു പകരമായി നാലു വർഷത്തെ ബിരുദകോഴ്സ് കൊണ്ടുവരുന്നതാണ് എൻസിസിഎഫ്‌യുപി.

അത്ഭുതകരമെന്ന പറയട്ടെ, കക്ഷിരാഷ്ട്രീയത്തിനതീതമായി രാജ്യത്തെ ഭൂരിഭാഗം സംസ്ഥാന സർക്കാരുകളും യാതൊരു പ്രതിഷേധവുമില്ലാതെ ഈ വിനാശകരമായ നയം സ്വീകരിച്ചിരിക്കുകയാണ്. വിദ്യാഭ്യാസം, കൺകറന്റ് ലിസ്റ്റിൽപെട്ട, അതായത് കേന്ദ്രത്തിനും സംസ്ഥാനത്തിനും നിയമനിർമ്മാണത്തിന് അവകാശമുള്ള ഒന്നാണെന്നുള്ളത് നാം മനസ്സിലാക്കിയിരിക്കേണ്ടതായിട്ടുണ്ട്. സ്വാതന്ത്ര്യത്തിനു ശേഷമുള്ള സമയത്ത്, വിദ്യാഭ്യാസം സംസ്ഥാന പട്ടികയിൽ മാത്രമായിരുന്നുവെന്നും ഓർക്കണം.

അടിയന്തരാവസ്ഥയുടെ സമയത്ത് 1976ൽ ഇന്ദിരാ ഗാന്ധി പ്രധാനമന്ത്രിയായിരിക്കുമ്പോഴാണ്, 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ, കേന്ദ്രനിയന്ത്രണം അടിച്ചേൽപ്പിക്കുകയെന്ന ഒറ്റ ഉദ്ദേശ്യത്തോടെ, വിദ്യാഭ്യാസത്തെ കൺകറന്റ് പട്ടികയിൽ കൊണ്ടുവന്നത്. ഈ ചതുർവർഷ ബിരുദ പദ്ധതിയുടെ ആവശ്യകതയും എൻഇപിയുടെ മറ്റ് വശങ്ങളും ചോദ്യം ചെയ്യാനുള്ള എല്ലാ അവകാശവും സംസ്ഥാന സർക്കാരുകൾക്ക് ഉണ്ടായിരുന്നിട്ടും, കൊടിയുടെ നിറം എന്തുതന്നെയായാലും അവരൊക്കെ വിധേയത്വത്തോടെ അത് നടപ്പാക്കുന്നതാണ് കാണുന്നത്.

## ചതുർവർഷ ബിരുദം മുന്നോട്ടുവെക്കുന്നത്

സ്കൂളിൽനിന്നും പന്ത്രണ്ടാം ക്ലാസ്സ് പാസ്സായി ഇറങ്ങുന്ന ഒരു വിദ്യാർത്ഥിക്ക്, ഇപ്പോൾ ബിരുദമെടുക്കണമെങ്കിൽ ശാസ്ത്രം, മാനവികവിഷയങ്ങൾ, കൊമേഴ്സ് എന്നിവയിൽ മൂന്നു വർഷത്തെ കോഴ്സാണ് പൂർത്തിയാക്കേണ്ടത്. അല്ലെങ്കിൽ പ്രൊഫഷണൽ കോഴ്സുകളായ എഞ്ചിനീയറിംഗ്, മെഡിസിൻ, നിയമം തുടങ്ങിയവയ്ക്ക് പോകാം. പക്ഷേ ഇപ്പോൾ, 8 സെമസ്റ്ററുകളിലായി ഒരു വർഷം കൂടുതൽ പഠിക്കേണ്ടി വരുന്നു. കൂടാതെ ഈ പുതിയ സംവിധാനം മറ്റുചില കാര്യങ്ങൾ കൂടി മുന്നോട്ടു വെയ്ക്കുന്നുണ്ട്.

1) മതിയായ ക്രെഡിറ്റുകൾ നേടി ആദ്യ രണ്ടു സെമസ്റ്ററുകൾക്കുശേഷം, അതായത് ആദ്യവർഷത്തിനു ശേഷം ഒരു വിദ്യാർത്ഥി നാലുവർഷത്തെ കോഴ്സിൽ നിന്നും പുറത്തുവന്നാൽ, അയാൾക്ക് ഒരു സർട്ടിഫിക്കറ്റ് നല്കും.

2) രണ്ട് വർഷം, അതായത് നാലു സെമസ്റ്ററുകൾ കഴിഞ്ഞ് മതിയായ ക്രെഡിറ്റുകളോടെ പുറത്തിറങ്ങിയാൽ അയാൾക്ക് ഡിപ്ലോമ ലഭിക്കും.

3) മൂന്നു വർഷം, അതായത് ആറു സെമസ്റ്ററുകളാണ് മതിയായ 120 ക്രെഡിറ്റുകളോടെ പൂർത്തിയാക്കുന്നതെങ്കിൽ ബിരുദം നല്കും.

4) എട്ടു സെമസ്റ്ററുകളും വിജയകരമായി പൂർത്തിയാക്കി 160 ക്രെഡിറ്റുകൾ നേടിയാൽ അയാൾ മൾട്ടിഡിസിപ്ലിനറി ഓണേഴ്സ് ബിരുദധാരിയാകുന്നു.

5) ഇനി എട്ടാം സെമസ്റ്ററിൽ വിദ്യാർത്ഥി ഒരു ഗവേഷണ പ്രോജക്ട് ചെയ്താൽ, അത് മൾട്ടി ഡിസിപ്ലിനറി ഓണേഴ്സ് വിത്ത് റിസർച്ച് ആകുന്നു. ഓണേഴ്സ് വിത്ത് റിസർച്ച് കിട്ടുന്നതിനായി ഒരു ഓണേഴ്സ് വിദ്യാർത്ഥി 3 മറ്റ് കോഴ്സുകൾ ചെയ്യുന്നതിനു തുല്യമായ 12 ക്രെഡിറ്റുകൾ നേടിയെടുക്കേണ്ടതുണ്ട്.

എൻസിസിഎഫ്‌യുപി പറയുന്നതനുസരിച്ച്, "ഈ ചതുർവർഷ ബിരുദ പദ്ധതിയനുസരിച്ച്, നാലു വർഷത്തെ ബിരുദ പ്രോഗ്രാം ഏറ്റവും അഭികാമ്യമായി കണക്കാക്കാം, കാരണം അത് സമഗ്രവും വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്നതുമായ വിദ്യാഭ്യാസത്തിന്റെ സമ്പൂർണ്ണ വ്യാപ്തി അനുഭവിക്കുന്നതിനുള്ള അവസരം നല്കുന്നു." എന്തുകൊണ്ടാണ് നാലുവർഷ ബിരുദം മെച്ചപ്പെട്ട ഒന്നായി മുന്നോട്ടുവെക്കുന്നത്? കാരണം നാലു വർഷത്തെ ഓണേഴ്സ് ബിരുദമുള്ള വിദ്യാർത്ഥികൾക്ക് ഒരു വർഷം കൊണ്ട് ബിരുദാനന്തരബിരുദം നേടാനുള്ള അവസരം അതു നല്കുന്നു. ഗവേഷണ ഓണേഴ്സ് നേടുന്നവർക്കാകട്ടെ പിജി ഇല്ലാതെതന്നെ നേരിട്ട് പിഎച്ച്ഡിക്ക് ചേരാനുള്ള അവസരവുമുണ്ടാകുന്നു.

## അഞ്ചുതരം ബിരുദധാരികൾ

അതായത്, ചതുർവർഷ ബിരുദ പദ്ധതി അഞ്ചു തരം ബിരുദധാരികളെയാണ് സൃഷ്ടിക്കുക. ഇതിന്റെ രേഖ തന്നെ ചൂണ്ടിക്കാണിക്കുന്നതുപോലെ, ഇതിലെ നാലാമത്തെയും അഞ്ചാമത്തെയും തരമാണ് അഭികാമ്യം. അഞ്ചാമത്തേതാകട്ടെ ഏറ്റവും ആനുകൂല്യങ്ങളുള്ള വിഭാഗവുമായിരിക്കും. അപ്പോൾ സർട്ടിഫിക്കറ്റോ ഡിപ്ലോമയോ മാത്രം നേടുന്നവരുടെ ഭാവിയെന്താണ്? തൊഴിൽ കമ്പോളത്തിൽ, അല്ലെങ്കിൽ ഉന്നതപഠനത്തിനു ശ്രമിക്കുമ്പോൾ അവരെങ്ങനെ വിലയിരുത്തപ്പെടും? കൂടാതെ, മൂന്നുവർഷത്തെ കോഴ്സ് പൂർത്തിയാക്കി യതുകൊണ്ടുമാത്രം ഒരാൾക്ക് നാലാം വർഷത്തെ കോഴ്സ് ചെയ്യാനാകണമെന്നില്ല. ആറു സെമസ്റ്ററുകൾക്കു ശേഷം 75% മാർക്ക് നേടുന്നവർക്കു മാത്രമേ അതിനു യോഗ്യതയുണ്ടാകൂ.

നമുക്കിനി ഇങ്ങനെ ഏറെ പുകഴ്ത്തപ്പെടുന്ന ബഹുവിഷയ ചതുർവർഷ ബിരുദധാരികളുടെ ഉണ്ണനിലവാരം എങ്ങനെയാകുമെന്ന് ഒന്ന് പരിശോധിക്കാം. അവർക്ക്, രണ്ടാം സെമസ്റ്ററിന്റെ അവസാനത്തോടെ തങ്ങളുടെ പഠനമേഖലയിൽ നിന്നുള്ള മേജർ വിഷയം മാറ്റാൻ അനുവാദമുണ്ടാകും. അതായത് നാലു വർഷവും മുഴുവനായി പഠിക്കാതെ തന്നെ ഒരു വിഷയത്തിൽ അവഗാഹമുണ്ടെന്ന് വിലയിരുത്തപ്പെടുന്നു. അപാരം തന്നെ! ഏറ്റവും കുറഞ്ഞ ക്രെഡിറ്റ് യോഗ്യത പൂർത്തീകരിക്കാനായി, മേജർ അഥവാ കോർ വിഷയത്തിൽ 80, മൈനർ സ്ട്രീമിൽ 32, ബഹുവിഷയങ്ങളിൽ 9, നൈപുണ്യവികസന കോഴ്സുകളുടെ 9, കഴിവുകൾ മെച്ചപ്പെടുത്താനുള്ള കോഴ്സുകൾക്കുള്ള 8, എല്ലാ ബിരുദ കോഴ്സുകൾക്കും പൊതുവായ മൂല്യവർധനവിനുള്ള കോഴ്സുകൾക്കുള്ള 6-8, ഇന്റേൺഷിപ്പിനുള്ള 2-4, ഗവേഷണ പ്രോജക്റ്റ് അല്ലെങ്കിൽ ഡിസർട്ടേഷനുള്ള12തുടങ്ങിയവയെല്ലാം ചേർത്ത് 160.

ശാസ്ത്രം, മാനവികവിഷയങ്ങൾ, കൊമേഴ്സ്, തുടങ്ങിയ വിവിധ വിഭാഗങ്ങളുള്ള നിലവിലെ സമ്പ്രദായം ഈ പുതിയ സ്കീമിൽ, സ്കൂൾ വിദ്യാഭ്യാസമേഖലയിൽ ചെയ്യുന്ന പോലെ തന്നെ, ഇല്ലാതാക്കിയെന്നതും ഇവിടെ പരാമർശിക്കേണ്ടതുണ്ട്. സാധാരണയായി, ഇപ്പോഴത്തെ സമ്പ്രദായത്തിൽ വിദ്യാർത്ഥികൾ അവരുടെ മേജർ വിഷയത്തിന്റെ പഠനത്തിനു സഹായകരമാകുന്ന മൈനർ വിഷയങ്ങളാകും തെരഞ്ഞെടുക്കുക. ഉദാഹരണത്തിന് ഫിസിക്സ് തെരഞ്ഞെടുക്കുന്ന ഒരു വിദ്യാർത്ഥി ഒപ്പം സാധാരണയായി കെമിസ്ട്രിയോ കണക്കോ ആകും തെരഞ്ഞെടുക്കുക. അതേപോലെ തന്നെ ഫിലോസഫി പ്രധാനവിഷയമായി പഠിക്കാനെടുക്കുന്ന ഒരു വിദ്യാർത്ഥിക്ക് ഒപ്പം ചരിത്രമോ പൊളിറ്റിക്കൽ സയൻസോ ആകും തെരഞ്ഞെടുക്കുക. പക്ഷേ ഫിസിക്സ് പ്രധാനവിഷയമാക്കി എടുത്ത ഒരു വിദ്യാർത്ഥിക്ക് വേണ്ട ക്രെഡിറ്റ് നേടുന്നതിനായി മാത്രം, ഉപവിഷയമായി ഫാഷൻ ടെക്നോളജി, ജേർണലിസം, നൈപുണ്യവികസനത്തിന്റെ പേരിൽ എന്തെങ്കിലും പ്രായോഗികപരിശീലനം, മൂല്യവർധനയ്ക്കുള്ള കോഴ്സെന്ന നിലയിൽ ഇന്ത്യൻ വിജ്ഞാന സംവിധാനം അല്ലെങ്കിൽ യോഗ, ഇന്റേൺഷിപ്പിന്റെ പേരിൽ ഏതെങ്കിലും പഞ്ചായത്തിലോ നഗരസഭയിലോ ജോലി ചെയ്യുന്നതും ഒക്കെ അനുവദനീയമാകുമ്പോൾ, എങ്ങനെയാണ് ഫിസിക്സിൽ ആഴത്തിലുള്ള വിജ്ഞാനം സമ്പാദിക്കാനാകുന്നത്? ഈവിഷയങ്ങൾക്കൊന്നും തന്നെ പരസ്പരം ബന്ധമില്ല. ഇതുപോലെ പരസ്പരബന്ധമില്ലാത്ത വിഷയങ്ങളുടെ മറ്റ് കോമ്പിനേഷനുകളും ഉണ്ടാകാം. വിദ്യാർത്ഥി-കേന്ദ്രീകൃത സംവിധാനം എന്ന പേരിൽ വിഷയങ്ങളുടെ ഇത്തരം തട്ടിക്കൂട്ട് കോമ്പിനേഷനുകൾ ഉണ്ടാക്കുന്നത്, ഒരു മേഖലയിൽ സമഗ്രമായ അറിവ് വികസിപ്പിക്കുന്നതിന് എങ്ങനെയാണ് സഹായിക്കുക? ഒന്നാമതായി, ഈ വിദ്യാർത്ഥി-കേന്ദ്രീകൃത വിദ്യാഭ്യാസം എന്നുപറയുന്നതുതന്നെ തെറ്റിദ്ധാരണാജനകവും വിശേഷിച്ചും വിദ്യാർത്ഥികളെ വഴിതെറ്റിക്കാൻ ഉതകുന്നതുമാണ്. രണ്ടാമതായി, അങ്ങനെ തെരഞ്ഞെടുപ്പിനുള്ള അവസരം നല്കിയാൽ കുറഞ്ഞ പ്രയത്നത്താൽ പരമാവധി മാർക്ക് നേടുന്ന കോമ്പിനേഷനുകൾ സ്വീകരിക്കുകയെന്നതാവും വിദ്യാർത്ഥികൾക്കിടയിലെ സ്വാഭാവികപ്രവണത. തത്ഫലമായി, സംഘപരിവാറിന്റെ കൂടാരത്തിൽ വിരിഞ്ഞ ഈ നൂതന പദ്ധതിയിലൂടെ, കൂടനിറയെ മാർക്കുണ്ടെങ്കിലും ഒരു പ്രധാനമേഖലയിലും തൊലിപ്പുറമേയുള്ള വിജ്ഞാനം പോലും ഇല്ലാത്ത ബിരുദധാരികളെയാകും സൃഷ്ടിക്കുക. വിദ്യാഭ്യാസത്തിന്റെ പേരിലുള്ള സമ്പൂർണ്ണ അസംബന്ധമായിരിക്കുമത്.

ഈ ബഹുവിഷയ സ്കീമിനു കീഴിൽ, പലവുരു പ്രവേശനങ്ങൾ, പലവുരു പുറത്തുപോകലുകൾ, അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്, തുടങ്ങി ഒട്ടനവധി പരിഹാസ്യമായ നിർദ്ദേശങ്ങളുണ്ട്. ഇതിലൂടെ, ഇന്ന് ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെങ്കിലും അച്ചടക്കം നിലനില്ക്കുന്നുണ്ടെങ്കിൽ അതുകൂടി പൂർണ്ണമായും തകർക്കപ്പെടും. അങ്ങനെ, ഒരു വിദ്യാർത്ഥി ഒരു സർവ്വകലാശാലയിൽ പ്രവേശനം നേടി അവിടെ കുറച്ച് സെമസ്റ്ററുകൾ പഠിച്ചതിനു ശേഷം കുറച്ചു ക്രെഡിറ്റുകൾ നേടുന്നു. പിന്നീട് അയാൾ സർവ്വകലാശാലയിൽ നിന്നും പുറത്തുപോയി കുറച്ചുനാൾ പഠനത്തിൽ നിന്നും വിട്ടുനിൽക്കുന്നു. പിന്നീട് വീണ്ടും അയാൾക്ക് ഇഷ്ടപ്രകാരമുള്ള മറ്റൊരു ഉന്നതവിദ്യാഭ്യാസ കേന്ദ്രത്തിൽ ചേരാം. അങ്ങനെ, ഒരു വിദ്യാർത്ഥിക്ക് നാലു വർഷത്തെ കോഴ്സ് പൂർത്തിയാക്കുന്നതിന് ഏഴു വർഷം വരെ സമയമുണ്ട്. പലവുരു പ്രവേശനം നേടുക പുറത്തു പോവുക എന്നു പറയുമ്പോൾ കുറഞ്ഞ നിലവാരമുള്ള ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും ഉയർന്ന പദവിയുള്ള ഒന്നിലേക്ക് സ്വന്തം ഇഷ്ടപ്രകാരം മാറാമെന്നല്ല. അത് രണ്ടാമത്തെ സ്ഥാപനത്തിലെ സീറ്റിന്റെ ലഭ്യതയനുസരിച്ചിരിക്കും. പക്ഷേ അങ്ങനെ അയാൾ ആദ്യസ്ഥാപനത്തിൽ നിന്നും നേടുന്ന ക്രെഡിറ്റുകൾ ക്രെഡിറ്റ് ബാങ്കിൽഡിജിറ്റലായിസൂക്ഷിക്കുകയും, അങ്ങനെ ലഭ്യമാകുന്ന ക്രെഡിറ്റുകൾ നിർദ്ദിഷ്ട തലത്തിലെത്തുമ്പോൾ അയാൾക്ക് നാലു വർഷത്തെ ബഹുവിഷയ ബിരുദം നൽകുകയും ചെയ്യുന്നു. ഈ ബഹുവിഷയസമ്പ്രദായം എന്തെങ്കിലും അക്കാദമിക് യുക്തിക്കോ ന്യായീകരണത്തിനോ പുറത്താണ്. പകരം അത് പഠനപ്രക്രിയയെ തകരാറിലാക്കുകയും കെട്ടുറപ്പുള്ള ധാരണയെ തടയുകയും അങ്ങനെ വിദ്യാർത്ഥി ബിരുദം നേടിയെങ്കിലും ഒരു പാതിവെന്ത അവസ്ഥയിലേക്ക് തള്ളിയിടപ്പെടുകയും ചെയ്യും. അതായത് ഈ സംവിധാനം ബിരുദം നൽകും വിദ്യാഭ്യാസം നൽകില്ല.

മറുവശത്ത്, പലവുരു പ്രവേശിക്കാനും പുറത്തിറങ്ങാനുമുള്ള അവസരം നൽകുമ്പോൾ അത് ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങളിൽ ഒരു അനിശ്ചിതാവസ്ഥയാണ് സൃഷ്ടിക്കുക. ഒരു കോഴ്സിന് എത്ര വിദ്യാർത്ഥികൾ പ്രവേശനം നേടുന്നു, അതിൽ എത്ര പേർ അടുത്ത വർഷത്തേക്കോ സെമസ്റ്ററിലേക്കോ തുടരും, അതിൽ എത്ര പേർ അവസാനം പരീക്ഷയ്ക്കിരിക്കും തുടങ്ങി സർവ്വതും അനിശ്ചിതമാകും. അതുപോലെ തന്നെ, ഒരു വർഷം കൂടി അധികമായി ഉൾക്കൊള്ളുന്നതിന് മതിയായ പശ്ചാത്തലസൗക

(ശേഷം 10-ാം പേജിൽ)

നാലുവർഷ ബിരുദ പഠനം

# ഉന്നതവിദ്യാഭ്യാസ രംഗത്ത് വിദേശ സർവ്വകലാശാലകൾക്ക് വഴിയൊരുക്കുന്നു

(9–ാം പേജിൽ നിന്ന്)

ര്യവും അധ്യാപകരും ഗവേഷണ ഓണേഴ്സ് ബിരുദത്തിന് വേണ്ടുന്ന ഗവേഷണസൗകര്യങ്ങളും ലഭ്യമാണോ എന്ന ചോദ്യവും ഉയരുന്നു. കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരുകളോ ഇങ്ങനെ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിന് മതിയായ ഫണ്ട് വാഗ്ദാനം ചെയ്തിട്ടില്ല. വലിയ ചെലവു വരുന്ന സ്വകാര്യ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനായി രക്ഷാകർത്താക്കൾ ഓടേണ്ടിവരും. വിദ്യാഭ്യാസമേഖലയിൽ സ്വകാര്യവത്ക്കരണവും കച്ചവടവത്ക്കരണവും കൊഴുക്കും.

### വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ അനിശ്ചിതത്വം

വിദ്യാർത്ഥികളെ കാത്തിരിക്കുന്നത് ഇതിലേറെ അനിശ്ചിതത്വമാണ്. 2022 ഡിസംബറിൽ പുറത്തിറക്കിയ എൻസിസിഎഫ് യുപിയെ തുടർന്ന് കഴിഞ്ഞ ജൂൺ 8ന് യുജിസി, 'ബിരുദത്തിന്റെ വിവരണവും പുതിയ ബിരുദ സംജ്ഞകളും സംബന്ധിച്ച വിജ്ഞാപനം വിലയിരുത്താനുള്ള വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങൾ' (ഇനി മുതൽ വിദഗ്ധസമിതി എന്നു വിളിക്കും) എന്ന പേരായ ഒരു വിജ്ഞാപനം പുറത്തിറക്കി. ഈ വിജ്ഞാപനത്തിലൂടെ വിദഗ്ധ സമിതി നിർദ്ദേശിച്ച ബിരുദസംജ്ഞകൾക്കു മേൽ പൊതുജനങ്ങളുടെ അഭിപ്രായം യുജിസി തേടി. നിലവിൽ മൂന്നു വർഷ കോഴ്സകൾക്ക് ശുപാർശ ചെയ്യപ്പെട്ട ബിരുദങ്ങൾ ബിഎ, ബിഎസ് സി, ബികോം, ബിഎ(ഓണേഴ്സ്), ബിഎസ്സി(ഓണേഴ്സ്), ബികോം (ഓണേഴ്സ്) എന്നിങ്ങനെയാണ്.

1. പക്ഷേ എൻസിസിഎഫ് യുപിയിൽ ശാസ്ത്രം, കൊമേഴ്സ്, ആർട്സ് എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളില്ല.

2. വിദഗ്ധ സമിതിയുടെ കാഴ്ച്ചപ്പാടിൽ ഓണേഴ്സ് ഉള്ളവരും ഇല്ലാത്തവരുമായ ബിരുദധാരികൾക്ക് ഒരേ ക്രെഡിറ്റ്, ഉദാഹരണത്തിന് 120, ആവശ്യമുണ്ട്.

3. എൻസിസിഎഫ് യുപിയിൽ മൂന്നു വർഷത്തെ ഓണേഴ്സ് ബിരുദത്തിന് വ്യവസ്ഥയില്ല.

4. പക്ഷേ വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങളിൽ നിലവിലെ മൂന്നുവർഷ ഓണേഴ്സ് ബിരുദ കോഴ്സ് നിലനിർത്തിയിരിക്കുന്നു.

5. മൂന്നുവർഷ ഓണേഴ്സ് ബിരുദക്കാർക്ക് രണ്ടുവർഷത്തെ ബിരുദാനന്തര ബിരുദത്തിനുള്ള അവസരവും വിദഗ്ധസമിതി നിലനിർത്തിയിരിക്കുന്നു.

6. ശാസ്ത്രത്തിലും കൊമേഴ്സിലും മാനവികവിഷയങ്ങളിലും എഞ്ചിനീയറിങ്ങിലും സാങ്കേതികവിദ്യയിലും ബിസിനസ് അഡ്മിനിസ്ട്രേഷനിലും എല്ലാം നാലു വർഷത്തെ ബിഎസ് ബിരുദമാണ് വിദഗ്ധ സമിതി നിർദ്ദേശിക്കുന്നത്. വ്യക്തമായും, വിദഗ്ധ സമിതിയുടെ ഈ നിർദ്ദേശങ്ങൾ എൻഇപി 2020ഉം എൻസിസിഎഫ് യുപിയും നിർദ്ദേശിച്ചവയ്ക്ക് അനുസൃതമല്ല. എൻസിസിഎഫ് യുപിയിലൂടെ നേരത്തേ പ്രഖ്യാപിച്ച നാലു വർഷ ബഹുവിഷയ കോഴ്സകൾക്കെതിരെ രാജ്യവ്യാപകമായുണ്ടായ പ്രതിഷേധങ്ങളുടെ സമ്മർദ്ദത്തിൽ, കേന്ദ്രസർക്കാർ തങ്ങളുടെ മുൻനിലപാടിൽ മാറ്റംവരുത്തി ഒരു സമവായ ഫോർമുല അംഗീകരിച്ചതുപോലെ തോന്നും. അങ്ങനെ ഇപ്പോൾ രണ്ടു കോഴ്സകളായി – മൂന്നു വർഷത്തേതും, നാലുവർഷത്തെ ഓണേഴ്സ് ബിരുദവും ഒരുമിച്ച് നിലനിൽക്കുന്നു. രണ്ടുതരം ബിരുദധാരികൾക്കിടയിൽ ഇത് വിവേചനം സൃഷ്ടിക്കും.

i) ബിരുദങ്ങളുടെ നാമകരണം യുജിസി ഇതുവരെ അന്തിമമാക്കിയിട്ടില്ല.

ii) 2023 ജൂലായ് 5നകം സമർപ്പിക്കാൻ ശുപാർശകളിൽ യുജിസി അഭിപ്രായം ക്ഷണിച്ചു, അതിനു ശേഷം മാത്രമേ നാമകരണ ചടങ്ങ് നടക്കൂ.

iii) അപ്പോഴേക്കും, പുതിയ സെഷനിലേക്കുള്ള പ്രവേശനം ഏതാണ്ട് അവസാനിച്ചിരിക്കും, തങ്ങൾ ഏത് കോഴ്സാണ് പിന്തുടരുന്നത്, അതിന്റെ കാലാവധി 3 വർഷമോ അതോ 4 വർഷമോ, പാസായതിനുശേഷം എന്ത് ബിരുദം ലഭിക്കും എന്നതിനെക്കുറിച്ചൊന്നും യാതൊരു ധാരണയുമില്ലാതെ വിദ്യാർത്ഥികൾ ക്ലാസുകളിൽ പങ്കെടുക്കാൻ തുടങ്ങും. എന്നാൽ, യുജിസി അതിന്റെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സമ്പ്രദായവും അന്തിമമാക്കുന്നതിന് മുമ്പ് NCCFUP നടപ്പിലാക്കാൻ സംസ്ഥാന സർക്കാരുകൾ തിടുക്കത്തിൽ തീരുമാനിച്ചു. വ്യക്തമായും, വിദ്യാർത്ഥികൾ തികഞ്ഞ അനിശ്ചിതത്വത്തിലേക്ക് വലിച്ചെറിയപ്പെടുന്നു. ഉന്നതവിദ്യാഭ്യാസം ഇങ്ങനെ തുടങ്ങാൻ എന്തിനാണ് ഈ തിടുക്കം? വിദ്യാർത്ഥികളുടെ ഭാവി പണയപ്പെടുത്തി യുജിസി ആരുടെ ഉത്തരവുകളാണ് പിന്തുടരുന്നത്?

### നൈപുണ്യവികസനം മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം

NEP-20ന്റെ പാഠത്തിലുടനീളം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, നൈപുണ്യവികസനം, കഴിവ് വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്, അത് ഇതുവരെ അങ്ങനെയായിരുന്നില്ല. ഇപ്പോൾ, പ്രധാന (കോർ) വിഷയത്തോടൊപ്പം ആവശ്യമായ ക്രെഡിറ്റ് നേടുന്നതിന്, വിദ്യാർത്ഥികൾ മൈനർ വിഷയങ്ങൾ പഠിക്കേണ്ടതുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം മൈനർ സ്ട്രീമിന്റെ ഒരു പ്രധാന ഭാഗം മാത്രമല്ല, പ്രധാന വിഷയങ്ങളുടെ ഒരു ഭാഗം കൂടി ഉൾക്കൊള്ളുന്നു. NCCFUP പറയുന്നു: 'തിയറിക്കും പ്രാക്ടിക്കലിനും ഒപ്പം വൈദഗ്ധ്യം നൽകുന്നതിന് തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും പരിശീലനവും ബിരുദ പ്രോഗ്രാമിന്റെ അവിഭാജ്യ ഘടകമായി മാറും. വൊക്കേഷണൽ വിദ്യാഭ്യാസവും പരിശീലനവുമായി ബന്ധപ്പെട്ട 'മൈനർ' സ്ട്രീമിന് കുറഞ്ഞത് 12 ക്രെഡിറ്റുകൾ അനുവദിക്കും, ഇവ വിദ്യാർത്ഥിയുടെ മേജർ അല്ലെങ്കിൽ മൈനർ വിഷയവുമായോ ചോയിസുമായോ ബന്ധപ്പെട്ടിരിക്കാം. പ്രോഗ്രാം പൂർത്തിയാക്കു ന്നതിന് മുമ്പ് പുറത്തുപോകുന്ന വിദ്യാർത്ഥികൾക്ക് ജോലി കണ്ടെത്താൻ ഈ കോഴ്സകൾ ഉപയോഗപ്രദമാകും.'

നൈപുണ്യ വികസനം സംബന്ധിച്ച് രേഖയിൽ ഇങ്ങനെ നിരീക്ഷിക്കുന്നു: "വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിന് പ്രായോഗിക വൈദഗ്ധ്യം, നേരിട്ടുള്ള പരിശീലനം, സോഫ്റ്റ് സ്കില്ലുകൾ മുതലായവ നൽകാൻ ഈ കോഴ്സകൾ ലക്ഷ്യമിടുന്നു. വിദ്യാർത്ഥികളുടെ ആവശ്യങ്ങളും ലഭ്യമായ സ്ഥാപന വിഭവങ്ങളും അനുസരിച്ച് സ്ഥാപനം കോഴ്സകൾ രൂപകൽപ്പന ചെയ്തേക്കാം." നൈപുണ്യ വികസനം ഉറപ്പാക്കുന്നതിന്, വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് രൂപത്തിൽ പരിശീലനം നൽകും. രേഖ കൂട്ടിച്ചേർക്കുന്നു: "പ്രാദേശിക വ്യവസായങ്ങൾ, ബിസിനസ് സ്ഥാപനങ്ങൾ, ആരോഗ്യ-അനുബന്ധ മേഖലകൾ, പ്രാദേശിക സർക്കാരുകൾ (പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ), പാർലമെന്റ് അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, മാധ്യമസ്ഥാപനങ്ങൾ, കലാകാരന്മാർ, കരകൗശല വിദഗ്ധർ തുടങ്ങി വൈവിധ്യമാർന്ന സ്ഥാപനങ്ങളുമായി ചേർന്ന് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനുള്ള അവസരങ്ങൾ നൽകും. അതിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിന്റെ പ്രായോഗികവശവുമായി സജീവമായി ഇടപഴകാനും ഒരു ഉപോൽപ്പന്നമെന്ന നിലയിൽ അവർക്ക് തൊഴിൽ നേടുന്നതിനുള്ള കഴിവ് കൂടുതൽ മെച്ചപ്പെടുത്താനും കഴിയും." മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പ്രാദേശിക വ്യവസായങ്ങളിലും പഞ്ചായത്തുകൾ പോലെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള നേരിട്ടുള്ള പരിശീലനം തൊഴിലവസരം വർദ്ധിപ്പിക്കും. തൊഴിലില്ലാത്ത ദശലക്ഷക്കണക്കിനാളുകളോടുള്ള ക്രൂരമായ തമാശയല്ലാതെ മറ്റൊന്നുമല്ല ഇത്. തൊഴിലവസരങ്ങൾ മെച്ചപ്പെടുത്താനാണ് ഇത്തരം പരിശീലനങ്ങളെങ്കിൽ, എന്തുകൊണ്ടാണ് ലക്ഷക്കണക്കിന് ബിരുദധാരികളായ എഞ്ചിനീയർമാരും ഡിപ്ലോമക്കാരും തൊഴിലില്ലാത്തവരായി മാറുന്നത്. സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഒഴിഞ്ഞുകിടന്ന തസ്തികകളിൽ ഇപ്പോൾ നിയമനം ഇല്ലാതായി. ലഭ്യമാകുന്ന ചുരുക്കം തൊഴിലവസരങ്ങൾ തന്നെ, സ്വകാര്യമേഖലയിലായാലും പൊതുമേഖലയിലായാലും തുച്ഛമായ പ്രതിഫലത്തോടുകൂടിയ കരാർ രൂപത്തിലാണ്. തൊഴിലില്ലായ്മ ഒരു യാഥാർത്ഥ്യമാണെന്ന വസ്തുത മറയ്ക്കാൻ, നൈപുണ്യ വികസനത്തിന്റെ പേരിൽ വളരെയധികം ഒച്ചപ്പാടുണ്ടാക്കുന്നു. വിദ്യാഭ്യാസത്തിന്റെ തൊഴിലധിഷ്ഠിതവൽക്കരണത്തിന്റെ ഏറ്റവും അപകടകരമായ അനന്തരഫലം, അടിസ്ഥാനപരമോ സൈദ്ധാന്തികമോ ആയ അറിവ് വളർത്തിയെടുക്കുന്നതിനെ അത് ഗുരുതരമായി ബാധിക്കും എന്നതാണ്. അടിയുറച്ച ചിന്താപ്രക്രിയയും യുക്തിസഹമായ മനസ്സും

(ശേഷം 11–ാം പേജിൽ)

## ദേശീയ വിദ്യാഭ്യാസ നയം: എതിർക്കുന്നതായി ഭാവിച്ച് ശുഷ്കാന്തിയോടെ നടപ്പാക്കുന്ന പിണറായി സർക്കാർ

ഒരു വശത്ത് എസ്എഫ്ഐ ദേശീയ വിദ്യാഭാസ നയത്തിനെതിരെ ചടങ്ങിന് രാജ്ഭവൻ മാർച്ച് നടത്തുന്നു. എന്നാൽ, മറുഭാഗത്ത്, വിദ്യാഭ്യാസത്തെ തകർത്തെറിയുന്ന ദേശീയ നയം എവ്വിധവും നടപ്പാക്കാൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ മന്ത്രി തന്നെ നേരിട്ട് രംഗത്തിറങ്ങി നേതൃത്വം നൽകുന്നു. ഡിഗ്രി വിദ്യാഭ്യാസത്തെ ചിന്നഭിന്നമാക്കുന്ന നാല് വർഷത്തെ ഡിഗ്രി കോഴ്സ് നടപ്പാക്കുന്നതുതന്നെ ഒന്നാന്തരം ഉദാഹരണം. കേരളത്തിലെ പ്രധാനപ്പെട്ട നാല് സർവ്വകലാശാലകളിലും നാലുവർഷ കോഴ്സ് നടപ്പാക്കാൻ മന്ത്രി സമ്മർദ്ദം ചെലുത്തുകയാണ് ചെയ്തത്. അതിനായി, ജൂൺ 30ന് എംജി സർവകലാശാലയിലും, ജൂലൈ 3ന് കണ്ണൂരും, ജൂലൈ 4ന് കോഴിക്കോട്ടും 6ന് കേരള സർവ്വകലാശാലയിലും മന്ത്രി ഉദ്ഘാടനം ചെയ്ത അക്കാദമിക സമ്മേളനങ്ങൾ വിളിച്ചു ചേർക്കുകയുണ്ടായി. നടപ്പാക്കലിനായി ഉപസമിതി രൂപീകരിക്കുകയും ചെയ്തു. ഫൗണ്ടേഷൻ കോഴ്സിന്റെ രൂപരേഖ ഉടനെ തയ്യാറാക്കുമത്രേ. അധ്യാപക പരിശീലനത്തിനായി മാസ്റ്റർ ട്രെയിനർമാരെ ആഗസ്റ്റ് 15ന് അകം കണ്ടെത്തി നീങ്ങാനാണ് നിർദ്ദേശം. ശരവേഗതയിൽ ത്രിവത്സര ബിരുദ കോഴ്സ് തകർക്കപ്പെടാൻ പോകുന്നു. നിശ്ചിതമായ ഉള്ളടക്കമോ നിശ്ചിത കാലയളവോ നാലു വർഷ കോഴ്സകൾക്കില്ല. ഒരു വർഷംകൊണ്ടും രണ്ടുവർഷംകൊണ്ടും കോഴ്സ് പൂർത്തിയാക്കി വിടുതൽ വാങ്ങാൻ കഴിയുന്ന കുത്തഴിഞ്ഞ ഘടനയാണ് നാലുവർഷ കോഴ്സ് മുന്നോട്ടു വയ്ക്കുന്നത്. അക്കാദമിക കോഴ്സകൾക്ക് പുതിയ പാഠ്യപദ്ധതിയിൽ പ്രാധാന്യം ഇല്ല. തൊഴിൽ ശാലയിലേയ്ക്ക് ആളെ എത്തിക്കാനുള്ള, എല്ലാ ബൗദ്ധിക പ്രവർത്തനങ്ങൾക്കും അന്ത്യം കുറിക്കുന്ന തരത്തിലുള്ള സൂത്രവിദ്യയാണ് നാലുവർഷ പദ്ധതിയുടെ പിന്നിൽ.

എന്നുമാത്രമല്ല സ്ഥിരം അധ്യാപകർ എന്ന സമ്പ്രദായം എന്നെന്നേക്കുമായി അവസാനിപ്പിക്കാനും പുതിയ പരിഷ്കാരം ലക്ഷ്യമിടുന്നു. ഫോർ ഇയർ പാക്കേജിൽ, സ്ഥിരതയില്ലാത്ത കോഴ്സ് പോലെ തന്നെ, സ്ഥിരം അധ്യാപകരും ആവശ്യമില്ല. യുജിസി നിർദേശിക്കുന്ന വിധം അഞ്ചു വർഷ കരാറിൽ അധ്യാപകരെ നിയോഗിക്കുക എന്നതാണ് പ്ലാൻ. യുജിസി പറയുന്നതുപോലെ കരാർ അടിസ്ഥാനത്തിൽ ഓരോ വർഷവും അതത് വർഷത്തേക്ക് ആളെ നിയമിക്കുന്ന ഏർപ്പാട്(Tenure Track) നടപ്പാക്കുമെന്ന് ബജറ്റ് രേഖയിൽ പ്രഖ്യാപിക്കാൻ 'ഇടത്' മുന്നണി സർക്കാരിന് ഒരു മടിയുമുണ്ടായില്ല. അപ്പോൾ, വിദ്യാർത്ഥികളെ മാത്രമല്ല ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്ന് അകറ്റുന്നത്, അധ്യാപകരെക്കൂടിയാണ്. ഫലത്തിൽ ഉന്നത വിദ്യാഭ്യാസത്തെ തുണ്ടുകളായി വെട്ടിമുറിക്കുമെന്ന് അർത്ഥം. അതിനായി, ഉന്നത വിദ്യാഭ്യാസ കൗൺസിൽ കേരളത്തിൽ സർവകലാശാലകളുടെ സ്വയംഭരണാവകാശത്തെ ചവിട്ടിമെതിക്കുന്നു. ഉന്നത വിദ്യാഭ്യാസ മന്ത്രിയും കൂട്ടരും അതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നു. കേന്ദ്ര ബിജെപി സർക്കാർ അതിനായി കോടികൾ സംസ്ഥാന സിപിഐ(എം) സർക്കാരിന് നൽകുന്നുണ്ട്. കേരളത്തിന്റെ മഹത്തായ സർവകലാശാലാവിദ്യാഭ്യാസത്തെ തകർക്കാനുള്ള പണിക്കൂലിയാണത്. അങ്ങനെ കേന്ദ്ര സർക്കാരിന്റെ പണം വാങ്ങി, അവരുടെ കുടിലമായ വിദ്യാഭ്യാസ നയം അപ്പടി നടപ്പാക്കുകയാണ് പിണറായി സർക്കാർ. കേന്ദ്രം കോൺഗ്രസ് ഭരിക്കുമ്പോൾ ലോകബാങ്കിന്റെ പണം വാങ്ങി ഡിപിഇപി നടപ്പാക്കി സ്കൂൾ വിദ്യാഭ്യാസത്തെ തകർത്തതുപോലെ, അതിന്റെ തുടർച്ചയിൽ ബിജെപി ഗവൺമെന്റുമായി ചേർന്ന് ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുകയാണ് 'ഇടത് സർക്കാർ'. വിദ്യാഭ്യാസത്തിന് അന്ത്യം കുറിക്കുന്ന കേന്ദ്ര-സംസ്ഥാന നീക്കങ്ങൾക്കെതിരെ വിശാലമായ വിദ്യാഭ്യാസ രക്ഷാ പ്രസ്ഥാനം ഉടനടി വളർത്തിയെടുക്കുകയേ പോംവഴിയുള്ളൂ.

# ഓൺലൈൻ-ഡിജിറ്റൽ സമ്പ്രദായം വിദ്യാഭ്യാസത്തിന്റെ ഔപചാരിക സ്വഭാവം തകർക്കുന്നു

## നാലുവർഷ ബിരുദ പഠനം

*(10-ാം പേജിൽ നിന്ന്)*

വികസിപ്പിക്കുന്നതിന് ഇത് തടസ്സമാകും. ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ, ഒരു ചോദ്യവും ഉന്നയിക്കാത്ത, മാനുഷിക മൂല്യങ്ങളില്ലാത്ത, ലാഭമുണ്ടാക്കുന്ന മുതലാളിത്ത വ്യവസ്ഥയുടെ ഉൽപ്പാദന ഉപകരണങ്ങൾ, ചൂഷണത്തിന്റെ ചക്രത്തിലെ ചക്രപ്പല്ലുകൾ പോലെ അന്ധമായി പ്രവർത്തിപ്പിക്കാൻ മാത്രം ഉതകുന്ന വെറും 'റോബോട്ടിക് ബിരുദധാരികളെ' സൃഷ്ടിക്കുന്നതിനുള്ള യന്ത്രങ്ങളാക്കി മാറും എന്നതാണ് വാസ്തവം.

### ഡിജിറ്റൽ വിദ്യാഭ്യാസത്തിന് ഊന്നൽ

അധ്യാപകനും പഠിതാവും തമ്മിൽ മുഖാമുഖം ഇടപഴകുന്നതിലൂടെയുള്ള ക്ലാസ്റൂം അധിഷ്ഠിത അധ്യാപന-പഠന സമ്പ്രദായത്തിന് പകരമായി ഓൺലൈൻ വിദ്യാഭ്യാസം നൽകുന്നതിന് ഊന്നൽ നൽകുക എന്നതാണ് ഈ വിദ്യാഭ്യാസനയത്തിന്റെ മറ്റൊരു വഞ്ചനാപരമായ രൂപകൽപ്പന. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ പരിധിയിൽ 50 ശതമാനത്തിലധികം വിദ്യാർത്ഥികളെ ഉൾപ്പെടുത്താൻ സർക്കാർ പദ്ധതിയിട്ടിട്ടുണ്ട്. സമ്പൂർണ ഡിജിറ്റൽ സർവ്വകലാശാലകൾ തുറക്കാനുള്ള പദ്ധതി പോലും നടക്കുന്നുണ്ട്. ഡിജിറ്റൽ വിദ്യാഭ്യാസമെന്നത്, കമ്പ്യൂട്ടർ, ലാപ്‌ടോപ്പ്, സ്മാർട്ട് ഫോൺ, ആപ്പുകൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ളതായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. അതിനാൽ, പുതിയ കോളേജോ സർവകലാശാലയോ തുറക്കുകയോ അധ്യാപകരെ നിയമിക്കുകയോ ലൈബ്രറികളും ലബോറട്ടറികളും സ്ഥാപിക്കുകയോ ഗവേഷണത്തിന് ഫണ്ട് ക്രമീകരിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. നിലവിലുള്ള ചില കോളേജുകളും സർവ്വകലാശാലകളും അടച്ചുപൂട്ടാനും സാധ്യതയുണ്ട്. കൂടാതെ ബ്ലെൻഡഡ് മോഡിൽ (അതായത്, ഓൺലൈനിലും ഓഫ്‌ലൈനിലും ഇടകലർത്തി) വിദ്യാഭ്യാസം നൽകുന്നതിന്, സ്ഥിരമായി അധ്യാപകരെ നിയമിക്കേണ്ട ആവശ്യമില്ല. കോളേജുകളോ സർവ്വകലാശാലകളോ പ്രഭാഷണങ്ങൾ നടത്താൻ അധ്യാപകരെ നിയമിക്കും. ആ പ്രഭാഷണങ്ങൾ റെക്കോർഡ് ചെയ്യുകയും ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങളുടെ സ്വന്തം വെബ്സൈറ്റുകളിലേക്ക് അപ്‌ലോഡ് ചെയ്യുകയും ചെയ്യും. കൂടാതെ ആ പ്രഭാഷണങ്ങൾ ഡൗൺലോഡ് ചെയ്യുന്നതിനും കേൾക്കുന്നതിനും വിദ്യാർത്ഥികൾ പണം നൽകേണ്ടിവരും. അതിനാൽ, ഇത് സംവാദത്തിന് സാധ്യതയില്ലാത്ത ഒരു വഴിക്കു മാത്രമുള്ള ഒരു ആശയവിനിമയമായിരിക്കും. ആവശ്യമെങ്കിൽ മാത്രം, അധ്യാപകരിൽ നിന്നുള്ള വിശദീകരണങ്ങൾക്കായി വിദ്യാർത്ഥികൾ ഹ്രസ്വ ക്ലാസുകളിൽ പങ്കെടുക്കാൻ കോളേജിലോ സർവ്വകലാശാലയിലോ വരും. ഒരിക്കൽ ഒരു പ്രഭാഷണം അപ്‌ലോഡ് ചെയ്താൽ, അത് അവിടെ വർഷങ്ങളോളം തുടരും, സ്ഥിരം ശമ്പളമുള്ള അധ്യാപകരുടെ ആവശ്യമില്ല. ക്ലാസ് മുറിയിൽ അധ്യാപകരുമായി സ്വതന്ത്രമായി ഇടപഴകാതെ ഒരു വിദ്യാർത്ഥിക്ക് ഒരു പുതിയ വിഷയം മനസ്സിലാക്കാൻ കഴിയുമോ? കൂടാതെ, ഉത്തരവാദിത്തമുള്ള ഒരു അധ്യാപകൻ പഠിപ്പിക്കുക മാത്രമല്ല, വിദ്യാർത്ഥികളെ നയിക്കുകയും, വിഷയം മനസ്സിലാക്കാൻ അവരെ സഹായിക്കുകയും, അവരിൽ ചിന്തിക്കാനും ചിന്തിപ്പിക്കാനും കഴിവ് വികസിപ്പിക്കുകയും ചെയ്യും. അങ്ങനെ അവരെ യുക്തിസഹമായ മനസ്സോടെയുള്ള യഥാർത്ഥ വിദ്യാസമ്പന്നരായ പൗരന്മാരായി വളർത്തുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഒരു മനുഷ്യന് മാത്രമേ മറ്റൊരു മനുഷ്യനെ വളർത്താനും നയിക്കാനും കഴിയൂ. അതേസമയം ഒരു യന്ത്രത്തിന് തനിപ്പകർപ്പ് സൃഷ്ടിക്കാൻ മാത്രമേ കഴിയൂ, അല്ലാതെ ബോധപൂർവമായ സൃഷ്ടിപരമായ പ്രവർത്തനം അതിന് സാധ്യമല്ല. വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആർഎസ്എസ്-ബിജെപി വകഭേദമായ NEP-2020, അത്തരം യന്ത്രങ്ങളെയോ ചിന്താശേഷി ഇല്ലായ്മ ചെയ്യപ്പെട്ട 'റോബോട്ടിക്' ബിരുദധാരികളെയോ നിർമ്മിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. കൂടാതെ, 137 കോടി ജനസംഖ്യയുള്ള ഈ രാജ്യത്ത്, ചെലവേറിയ ഇലക്ട്രോണിക് ഉപകരണങ്ങളും പഠന-ആപ്പുകളും വാങ്ങാൻ ഒരു ചെറിയ വിഭാഗം ആളുകളെ പോലും നിർബന്ധിക്കാൻ സർക്കാരിന് കഴിയുമെങ്കിൽ, അത് അത്തരം ഹാർഡ്‌വെയറുകളും സോഫ്റ്റ്‌വെയറുകളും വിൽക്കുന്ന ആഭ്യന്തര-വിദേശ കുത്തകഭീമന്മാർക്ക് അനുകൂലമാകും. ആർഎസ്എസ്-ബിജെപിയും അവരുടെ കൂട്ടാളികളും സാങ്കേതിക വിദ്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടി ഉറക്കെ നിലവിളിക്കുമ്പോൾ, അതേ ശ്വാസത്തിൽ തന്നെ അവർ പുരാതനമായ 'ഗുരുകുല' വിദ്യാഭ്യാസ സമ്പ്രദായത്തെയും നളന്ദ, തക്ഷശില സർവകലാശാലകളുടെ തരത്തിലുള്ള വിദ്യാഭ്യാസത്തെയും പുകഴ്ത്തുന്നു എന്നത് അവരുടെ ഇരട്ടത്താപ്പിന്റെ സാക്ഷ്യമാണ്.

### മൂല്യാധിഷ്ഠിത കോഴ്സുകളുടെ കഥ

കാര്യങ്ങൾ ഇവിടെ തീരുന്നില്ല. 'മൂല്യവർദ്ധിത കോഴ്സ്' എന്ന പേരിൽ മറ്റൊരു പുതുമയുണ്ട്. എൻസിസിഎഫ്‌യുപി രേഖ പറയുന്നു: "ഇന്ത്യൻ വിജ്ഞാന സമ്പ്രദായങ്ങൾ, ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായം, രാജ്യത്തോടും പൊതുവെ സ്കൂളിനോടും സമൂഹത്തോടും ഉള്ള അധ്യാപകരുടെ പങ്കും കടമകളും എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഇടയിൽ ഒരു ധാരണ വികസിപ്പിക്കുന്നതിൽ കോഴ്സ് ശ്രദ്ധ കേന്ദ്രീകരിക്കും..." ഓർക്കുക, ഈ മൂല്യവർദ്ധിത കോഴ്സുകൾ എല്ലാ വിഭാഗം ബിരുദവിദ്യാർത്ഥികൾക്കും വേണ്ടതാണ്. അവർ ഇവയിലൂടെ 6-8 ക്രെഡിറ്റുകൾ നേടേണ്ടതുണ്ട്. ഈ കോഴ്സിന്റെ ഉള്ളടക്കം എന്തൊക്കെയാണ്? ചുരുക്കി പറഞ്ഞാൽ, പുരാതന ഇന്ത്യയിലെ ഋഷിമാരുടെയും മറ്റുള്ളവരുടെയും 'മഹത്തായ' നേട്ടങ്ങളെ വാഴ്ത്തുന്ന 'ഇന്ത്യൻ നോളജ് സിസ്റ്റം (ഐകെഎസ്)' എന്ന് വിളിക്കപ്പെടുന്നതിനെ പരിചയപ്പെടുക. അറിവിന്റെ യഥാർത്ഥ ഭണ്ഡാരത്തിൽനിന്ന് വിദ്യാർത്ഥികളെ അകറ്റിനിർത്തി, ആധുനികവും നൂതനവുമായ അറിവിന്റെ ലോകത്തെക്കുറിച്ച് അവരെ അജ്ഞരാക്കി അന്ധവിശ്വാസം, മുൻവിധി, കപടശാസ്ത്രം, യുക്തിരാഹിത്യം, ആത്മീയത എന്നിവയുടെ നിഗൂഢ ഇടവഴികളിൽ അവരെ ഒതുക്കാനുള്ള തന്ത്രമാണിത്. ഇന്ത്യൻ ജ്ഞാനവ്യവസ്ഥയെ കുറിച്ചുള്ള "പരിശീലനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ/അധ്യാപകരുടെ ഓറിയന്റേഷൻ" എന്നതിന്റെ ആമുഖത്തിൽ, നിലവിലുള്ള അധ്യാപകർക്ക് ഇന്ത്യൻജ്ഞാനവ്യവസ്ഥയെ കുറിച്ച് പഠിപ്പിക്കാൻ കഴിയുമോ എന്ന സംശയം യുജിസി സെക്രട്ടറി പ്രകടിപ്പിക്കുന്നുണ്ട്. ആ രേഖയിൽ പറയുന്നു: "രാജ്യത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൂരിഭാഗം അധ്യാപകർക്കും, അവർ അതത് മേഖലകളിലെ വിദഗ്ധരാണെങ്കിലും, ഇന്ത്യൻ വിജ്ഞാന സംവിധാനങ്ങൾക്കായി കൂടുതൽ പരിചയപ്പെടുത്തൽ ശ്രമങ്ങൾ ആവശ്യമായി വന്നേക്കാം", അദ്ദേഹം പറഞ്ഞു. അപ്പോൾ ആരാണ് ഇതിൽ ഓറിയന്റേഷൻ/പരിശീലന പരിപാടികൾ നടത്തുക? 'പണ്ഡിറ്റ് മദൻ മോഹൻ മാളവ്യ നാഷണൽ മിഷൻ ഓൺ ടീച്ചേഴ്സ് ട്രെയിനിംഗ് (പിഎംഎംഎംഎൻഎംടിടി)' എന്നിവയ്ക്കൊപ്പം എച്ച്ആർഡിസി പോലുള്ള വിവിധ ഏജൻസികളും ഇവ നടത്തുമെന്ന് യുജിസി സെക്രട്ടറി വളരെ വ്യക്തമായി അഭിപ്രായപ്പെട്ടു. വർഗീയ ഹിന്ദുത്വ സിദ്ധാന്തം ആവേശത്തോടെ പിന്തുടരുന്ന നിലവിലെ ഭരണാധികാരികളുടെ മസ്തിഷ്ക ശിശുവാണ് പിഎംഎംഎംഎൻഎംടിടി എന്നത് ശ്രദ്ധിക്കേണ്ടതാണ്. പണ്ഡിറ്റ് മാളവ്യ, ഹിന്ദു മഹാസഭയുടെ സ്ഥാപകരിലൊരാളാണ്. യുജിസി സെക്രട്ടറി തുടർന്നും ഉത്തരവിട്ടു: "അധ്യാപകർ നിർബന്ധിത ഇൻഡക്ഷൻ പ്രോഗ്രാമിലും നിശ്ചിത കാലയളവിലുള്ള റിഫ്രഷർ കോഴ്സുകളിലും അവരുടെ തുടർ പ്രൊഫഷണൽ പുരോഗതിക്കായി പങ്കെടുക്കേണ്ടതുണ്ട്."

### വിദേശ നിക്ഷേപം കൊണ്ടുവരാനുള്ള രൂപകൽപ്പന

വിദേശ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ത്യയിൽ കാമ്പസുകൾ തുറക്കാൻ സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസം യുഎസിലേതിന് തുല്യമാക്കാനാണ് നീക്കം. അല്ലെങ്കിൽ ഇത് വിദേശ സ്ഥാപനങ്ങളിലോ ഇന്ത്യയിലെ അവരുടെ ശാഖകളിലോ ഉപരിപഠനം തേടുന്ന ഇന്ത്യൻ വിദ്യാർത്ഥികളെ ബുദ്ധിമുട്ടിലാക്കും. നാലുവർഷത്തെ ഡിഗ്രി കോഴ്സിന് എന്ത് അക്കാദമിക് ന്യായീകരണം അവർ മുന്നോട്ട് വച്ചാലും, യുഎസ്എയിലെ രേഖകളിൽ നിന്ന് വ്യക്തമായി പകർത്തിയതാണ്. നയപാഠത്തിൽ ഇങ്ങനെ പറയുന്നു: 'ഭാരതത്തെ, സുസ്ഥിരമായി, തുല്യതയുള്ളതും, ഊർജ്ജസ്വലവുമായ വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിന് നേരിട്ട് സംഭാവന നൽകുന്ന, ഇന്ത്യയുടെ ധാർമ്മികതയിൽ വേരൂന്നിയ ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ദേശീയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്നത്." (*എൻഇപി 2020, ഈ നയത്തിന്റെ ദർശനം*) നയത്തിൽ പല അവസരങ്ങളിലും ഇന്ത്യൻ പൈതൃകം, പ്രാചീന സംസ്കാരം തുടങ്ങിയ വാക്കുകൾ പരാമർശിക്കപ്പെടുന്നു. എന്നാൽ വിദേശ സ്ഥാപനങ്ങളിലെ പ്രവേശനത്തെക്കുറിച്ചുള്ള ചോദ്യം വരുമ്പോൾ, ഈ പ്രഭാഷണങ്ങളെല്ലാം എങ്ങോട്ടോ അപ്രത്യക്ഷമാകും. വിദേശ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇന്ത്യയിൽ ശാഖകൾ തുറക്കാൻ അനുവദിക്കുന്നത് രാജ്യത്തേക്ക് ഗണ്യമായ വിദേശ നിക്ഷേപം കൊണ്ടുവരും എന്നതാണ് കണക്കുകൂട്ടൽ.

### വിനാശകരമായ അനന്തരഫലങ്ങൾ

നാലുവർഷത്തെ ബിരുദ കോഴ്സ് ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിലെ മുഴുവൻ അച്ചടക്കത്തെയും അസ്ഥിരപ്പെടുത്തും. ഉയർന്ന മാർക്ക് എളുപ്പത്തിൽ നേടാനായാൽ പഠിതാക്കൾ കുറച്ചേ പഠിക്കൂ. അടിസ്ഥാനപരവും സൈദ്ധാന്തികവുമായ അറിവ് വളർത്തിയെടുക്കുന്നതിനു പകരം തൊഴിലധിഷ്ഠിതവും നൈപുണ്യം വളർത്താൻ മാത്രമുള്ളതുമായ വിദ്യാഭ്യാസത്തിന് ഊന്നൽ ലഭിക്കും. എല്ലാ കോഴ്സുകളുടെയും കേന്ദ്രസ്ഥാനത്ത് ഇന്ത്യൻ വിജ്ഞാന വ്യവസ്ഥ വരും. ഓൺലൈൻ, ഹൈബ്രിഡ്, സംയോജിത വിദ്യാഭ്യാസ രീതി തുടങ്ങിയവ കാലാതിവർത്തിയായ ക്ലാസ് റൂം അധ്യാപനത്തെ സ്ഥാനഭ്രഷ്ടമാക്കും.

മനുഷ്യനെ സൃഷ്ടിക്കുക എന്ന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണ്ണമായും നഷ്ടപ്പെടും. വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണവും കോർപ്പറേറ്റ്‌വൽക്കരണവും വാണിജ്യവൽക്കരണവും വ്യാപകമാകും. വിദ്യാഭ്യാസത്തിന്റെ അന്തഃസത്ത നീക്കം ചെയ്യപ്പെടുകയും, അത് ഫലത്തിൽ സമ്പന്നരുടെയും സ്വാധീനമുള്ളവരുടെയും മാത്രം പ്രത്യേക അവകാശമായി മാറുകയും ചെയ്യും. ദിവസം കഴിയുന്തോറും വരുമാനം കുറയുന്ന അധ്വാനിക്കുന്ന ഇന്ത്യക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസം കിട്ടാക്കനിയാകും.

അതിനാൽ, എല്ലാ അർത്ഥത്തിലും, ഈ പുതിയ വിദ്യാഭ്യാസ നയത്തിന്റെ അനന്തരഫലം വിനാശകരമായിരിക്കും. അദ്ധ്യാപകരോടും വിദ്യാർത്ഥികളോടും വിദ്യാഭ്യാസവിചക്ഷണരോടും ബുദ്ധിജീവികളോടും രക്ഷിതാക്കളോടും ഞങ്ങൾ ശക്തവും, സചേതനവും, സുസ്ഥിരവും യോജിച്ചതുമായ ഒരു ഐക്യ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ ആഹ്വാനം ചെയ്യുന്നു. അതിലൂടെ മാത്രമേ ഇതിൽ നിന്നും പിന്തിരിയാൻ സർക്കാരിനെ നിർബന്ധിതമാക്കാൻ സാധിക്കൂ. ■

## സഖാവ് എ.കെ.കുമാരന് ലാൽസലാം



**എസ്‌യുസിഐ**(കമ്മ്യൂണിസ്റ്റ്) കണ്ണൂർ ടൗൺ ലോക്കൽ കമ്മിറ്റിയംഗം സഖാവ് എ.കെ. കുമാരൻ(87) അന്തരിച്ചു. മുഴപ്പാല സ്വദേശിയായ അദ്ദേഹം 1991ൽ സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുമായി പരിചയപ്പെട്ടതുമുതൽ മാർക്സിസം - ലെനിനിസം - ശിബ്ദാസ് ഘോഷ് ചിന്തകൾ തന്റെ ജീവിത ദർശനമായി സ്വീകരിച്ചു. ചൂഷണരഹിതമായ സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള സമരത്തിൽ അദ്ദേഹം മുഴുകി. കടുത്ത ശാരീരിക അവശതകൾ അവഗണിച്ചും പാർട്ടിയുടെ മുഴുവൻ സമയ പ്രവർത്തനം അദ്ദേഹം ഏറ്റെടുത്തു. തന്റെ പ്രവർത്തന മണ്ഡലത്തിൽനിന്ന് നിരവധിപേരെ പാർട്ടി പ്രവർത്തനത്തിലേക്ക് കൊണ്ടുവരുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഉയർന്ന മാർക്സിസ്റ്റ് സൈദ്ധാന്തിക-സാംസ്കാരിക ധാരണകൾ ആർജിച്ചെടുക്കാനുള്ള കഠിനമായ സമരത്തിലും അദ്ദേഹം മുഴുകിയിരുന്നു. സഖാക്കൾക്കാകെ ആവേശദായകമായ ജീവിതം നയിച്ച സഖാവ് എ.കെ. കുമാരന്റെ വിയോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മറ്റി അനുശോചനം രേഖപ്പെടുത്തി. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2023 August
Price: Rs. 10.00

## ഡിജിറ്റൽ പേഴ്സണൽ ഡാറ്റ പ്രൊട്ടക്ഷൻ (DPDP) ബിൽ 2023

# പൗരന്റെ സ്വകാര്യതയ്ക്കുള്ള അവകാശത്തിനും സ്വാതന്ത്ര്യത്തിനും മേലുള്ള ഫാസിസ്റ്റ് കടന്നാക്രമണം

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)
ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്
പുറപ്പെടുവിച്ച പ്രസ്താവന

"**പൗ**രന്മാരുടെ വ്യക്തിഗതവിവരങ്ങളും സ്വകാര്യതയും സംരക്ഷിക്കാനെന്ന നാട്യത്തോടെ 2023 ആഗസ്റ്റ് 7ന് ലോക്സഭയിൽ പാസ്സാക്കിയ ഡിജിറ്റൽ പേഴ്സണൽ ഡാറ്റ പ്രൊട്ടക്ഷൻ (DPDP) ബിൽ 2023 യഥാർത്ഥത്തിൽ പൗരന്മാരുടെ സ്വകാര്യതയ്ക്കുള്ള അവകാശത്തിനും സ്വാതന്ത്ര്യത്തിനുംമേലുള്ള കടുത്ത ആക്രമണമാണ്. ഒരാളുടെ വ്യക്തിഗത വിവരങ്ങളിലേക്ക് കടന്നുകയറി ഉപയോഗിക്കുന്നതിന്റെ ലക്ഷ്യം നിർണ്ണയിക്കുന്നത് സർക്കാർ മാത്രമാകുകയും അത്തരം ഏകപക്ഷീയമായ തീരുമാനം ആ വ്യക്തിയുടെ സമ്മതത്തോടെയാണെന്നു വിധിക്കുകയുമാണ് ചെയ്യുന്നത്. മാത്രമല്ല, പൊതുതാല്പര്യത്തിനു വേണ്ടിയാണ് എന്നു നടിക്കുമെങ്കിലും ഈ വിവരങ്ങൾ ഉപയോഗിക്കാനുള്ള സർക്കാരിന്റെ തീരുമാനം ഭരണകൂടത്തിന്റെയോ അതിന്റെ ഏതെങ്കിലും ഉപകരണങ്ങളുടെയോ തൊഴിലുടമകളുടെ തന്നെയോ താല്പര്യങ്ങൾക്കു വേണ്ടിയായിരിക്കും. അങ്ങനെ, നിരീക്ഷണത്തിനുൾപ്പടെയുള്ള ഏതൊരു ലക്ഷ്യത്തിനായും ഏതൊരാളുടെയും ഏതുതരം വ്യക്തിഗതവിവരങ്ങളിലേക്കും, അയാളുടെ സമ്മതം പരിഗണിക്കാതെതന്നെ കടന്നുകയറാനുള്ള അനിയന്ത്രിതാധികാരം ഭരണകൂടത്തിനും സർക്കാരിനും ഈ ബിൽ നൽകുന്നു.

ജനങ്ങളുടെ മൗലികാവകാശങ്ങൾക്കുമേൽ ബിജെപി സർക്കാർ നടത്തുന്ന ഈ ഫാസിസ്റ്റ് ആക്രമണത്തെ ഞങ്ങൾ ശക്തിയുക്തം എതിർക്കുന്നു. ഇത്തരം ഏകാധിപത്യപരമായ നിയമനിർമ്മാണങ്ങൾക്കെതിരെ ഒറ്റക്കെട്ടായി അണിനിരക്കുവാൻ രാജ്യത്തെ ജനാധിപത്യമനസ്സുള്ള എല്ലാവരോടും ഞങ്ങളഭ്യർത്ഥിക്കുകയും ചെയ്യുന്നു." ■

## കെ റെയിൽ സിൽവർലൈൻ

# കേന്ദ്ര-സംസ്ഥാന സമവായം മറനീക്കി പുറത്ത്

**ക**ക്ഷത്തിലിരിക്കുന്ന കോടികളുടെ പദ്ധതി പോകാതെ ഉത്തരത്തിലിരിക്കുന്ന വോട്ട് കൂടി തരപ്പെടുത്താൻ കിണഞ്ഞു പരിശ്രമിക്കുകയാണ് കെ റെയിലിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ. ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കി സമരത്തിന്റെ ശക്തി ക്ഷയിപ്പിച്ച് പ്രതിഷേധമില്ല എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം ഒരുവശത്ത്, കേന്ദ്രാനുമതിയും വിദേശവായ്പയും തരപ്പെടുത്താൻ നടത്തുന്ന ഔദ്യോഗിക നീക്കങ്ങളും പിന്നാമ്പുറ കളികളും മറുവശത്ത്. ഇങ്ങനെ കുതന്ത്രങ്ങളെല്ലാം പയറ്റുകയാണ് സർക്കാർ. ജനങ്ങളാകട്ടെ പോലീസ് അതിക്രമങ്ങളെ ചെറുത്ത് കല്ലിടൽ തടഞ്ഞതിനെക്കാൾ പതിന്മടങ്ങ് ആത്മവിശ്വാസത്തിൽ സർക്കാർ നീക്കങ്ങൾക്കെതിരെ സമരസജ്ജരാകുകയും ചെയ്യുന്നു.

ഡൽഹിയിൽ കെ.വി.തോമസിനെ പ്രത്യേക പ്രതിനിധിയായി നിയമിച്ചത് സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്കനുസരിച്ച് കരുനീക്കങ്ങൾ നടത്തുന്നതിനാണ് എന്ന് സർക്കാർ തന്നെ വ്യക്തമാക്കിയിരുന്നു. പച്ചയായി പറഞ്ഞാൽ എംപിയായും കേന്ദ്രസഹമന്ത്രിയായും പ്രവർത്തിച്ച പരിചയവും ഭരണസിരാകേന്ദ്രത്തിലെ സ്വാധീനവും ഉപയോഗിച്ച് ദല്ലാൾ പണി നടത്തുക എന്ന തരംതാണ ഇടപാട്. അതിൽ പ്രധാന ഉദ്ദേശ്യം സിൽവർ ലൈൻ പദ്ധതിക്ക് അനുമതി നേടുക എന്നതുതന്നെയാണ് എന്ന് കേരള ജനത അന്നുതന്നെ മനസ്സിലാക്കിയിരുന്നു.

സിൽവർ ലൈൻ പദ്ധതിയെ ശക്തമായി വിമർശിക്കുകയും കെറെയിൽ പുറത്തുവിട്ട വിശദപദ്ധതി രേഖ(ഡിപിആർ) വെറും ബ്ലൻഡറാണ് എന്ന് തുറന്നുപറയുകയും ചെയ്ത ഡോ.ഇ.ശ്രീധരനെ വശത്താക്കി ബിജെപി വഴി കേന്ദ്രസർക്കാരിനെ സ്വാധീനിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായ ചർച്ചാനാടകങ്ങളും നമ്മൾ കണ്ടു. ബ്രോഡ്ഗേജ് എന്ന നിലപാടിൽനിന്ന് സ്റ്റാൻഡേർഡ് ഗേജ് പാത എന്ന ശ്രീധരന്റെ മാറ്റവും ജനങ്ങളിൽ ആശങ്ക സൃഷ്ടിച്ചു. തൊട്ടുപിന്നാലെ ശ്രീധരന് പൂർണ പിന്തുണ പ്രഖ്യാപിച്ച് ബിജെപി നേതൃത്വംകൂടി രംഗത്തുവന്നതോടെ ഇതിനുപിന്നിലെ രാഷ്ട്രീയ-സാമ്പത്തിക കരുനീക്കങ്ങളെക്കുറിച്ച് വ്യാപക ചർച്ച ഉയർന്നത് ഇരുകക്ഷികളെയും സമ്മർദ്ദത്തിലാക്കി.

സാമ്പത്തിക പ്രതിസന്ധിയെ കുറിച്ച് മുറവിളികൂട്ടുന്ന സംസ്ഥാനസർക്കാരിന് ഏതുവിധേനയും വൻതോതിലുള്ള വിദേശ വായ്പ എടുത്തേ മതിയാവൂ. അതിനാണ് ജപ്പാന്റെ സാങ്കേതികവിദ്യയും ഉൽപ്പന്നങ്ങളും വാങ്ങി വായ്പയും കമ്മീഷനും ഉറപ്പാക്കാൻ ശ്രമിക്കുന്നത്. കോടികളുടെ നിർമ്മാണ പദ്ധതി എന്ന കോർപറേറ്റ് താല്പര്യവും, കേരളത്തിലുടനീളം ടൗൺഷിപ്പുകളുടെ പേരിൽ കണ്ണായ ഭൂമി വൻകിട വ്യവസായികൾക്ക് യഥേഷ്ടം കൈക്കലാക്കാം എന്നതും പദ്ധതി നടത്തിപ്പുകാരുടെ ആവേശം വർദ്ധിപ്പിക്കുന്നു. ഈ അതിരുകടന്ന ആവേശത്തിലാണ് പ്രതിഷേധിക്കുന്ന ജനങ്ങളെ അടിച്ചമർത്താനും വീട്ടമ്മമാരെ ഉൾപ്പെടെ ക്രൂരമായി ആക്രമിക്കാനും പോലീസ് സംവിധാനത്തെ ഉപയോഗിച്ചത്. കേരളത്തിൽ ഉടനീളം നടപ്പിലാക്കിയ ഈ ഗുണ്ടായിസത്തെ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ ന്യായീകരിക്കുന്നതും, "കല്ല് പറിക്കുന്നവന്റെ പല്ല് പറിക്കും" എന്നുപറഞ്ഞ് ജനങ്ങളെ വെല്ലുവിളിക്കുന്നതും ഈ ആവേശത്തിലും മുതലാളിമാരുടെ പിൻബലത്തിലും ആയിരുന്നു. "ആരെതിർത്താലും സിൽവർ ലൈൻ വരിക തന്നെ ചെയ്യും" എന്ന് പ്രഖ്യാപിച്ചിരുന്ന മുഖ്യമന്ത്രി ഇപ്പോൾ, തൽക്കാലം പദ്ധതി നടപ്പിലാക്കില്ലെന്നും ഭാവിയിൽ വേണ്ടി വരുമെന്നും പ്രഖ്യാപിച്ച് മലക്കംമറിഞ്ഞു. കൺമുന്നിലെത്തിയ പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പും ആസന്നമായ ലോക്സഭാ തെരഞ്ഞെടുപ്പും മാത്രമാണ് ഈ പ്രഖ്യാപനത്തിന് പിന്നിലെന്ന് മനസ്സിലാക്കാൻ സാമാന്യ ബോധംമതി.

സിൽവർ ലൈൻ കോർപ്പറേറ്റുകളുടെ താൽപര്യം കൂടിയാണ്. ഭൂമിയും വീടും നഷ്ടപ്പെടുന്നവർമാത്രമല്ല ഭാവിയെ കുറിച്ച് ചിന്തിക്കുന്ന മുഴുവൻ ആളുകളും എതിർത്തിട്ടും എന്തു വിലകൊടുത്തും പദ്ധതി നടപ്പിലാക്കാൻ സർക്കാർ ശ്രമിക്കുന്നത് ഇക്കാരണത്താലാണ്. കക്ഷിരാഷ്ട്രീയ ചിന്തകൾക്ക് അതീതമായി, വികസന വായ്ത്താരികളുടെ പൊള്ളത്തരം മനസ്സിലാക്കുകയും ദുരിതം ഏറ്റുവാങ്ങുകയും ചെയ്യുന്ന ജനങ്ങൾ പ്രതിഷേധ പക്ഷത്ത് അടിയുറച്ചു നിൽക്കുക തന്നെയാണ്. സർക്കാരിന്റെ കുതിപ്പും കിതപ്പും എന്തിനാണ് എന്ന് ബോധ്യമുള്ള ഈ ജനങ്ങൾ എവ്വിധത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചാലും കൂടുതൽ ശക്തമായി കെറെയിൽ പദ്ധതിയെ ചെറുത്തു തോൽപ്പിക്കുകതന്നെ ചെയ്യും. ■

# പുതിയ മദ്യനയം: ജീർണത പടർത്തുന്ന പിണറായി സർക്കാർ

**മ**ദ്യവ്യവസായികളുടെ ഏതാണ്ട് എല്ലാ ആവശ്യങ്ങളും നിരുപാധികം അംഗീകരിച്ചുകൊണ്ടാണ് സംസ്ഥാനസർക്കാർ പുതിയ മദ്യനയം രൂപപ്പെടുത്തിയിരിക്കുന്നത്. പുതിയ ബാറുകൾ, ബിയർ-വൈൻ പാർലറുകൾ എന്നിവ യഥേഷ്ടം ആരംഭിക്കാം, ഡിസ്റ്റിലറികൾ, ബിയർ-വൈൻ നിർമ്മാണ യൂണിറ്റുകൾ എന്നിവയും ആരംഭിക്കാം, മദ്യ ബ്രാൻഡുകൾക്ക് രജിസ്ട്രേഷൻ നിരക്ക് കുറയ്ക്കും, പൂട്ടിയ ബിവറേജസ് ഔട്ട്ലെറ്റുകളും കൺസ്യൂമർ ഫെഡ് മദ്യശാലകളും തുറന്ന് പ്രവർത്തനം ആരംഭിക്കും, ഐടി കേന്ദ്രങ്ങളിൽ അനുവദിച്ച മദ്യവിൽപ്പനശാലകൾ വിനോദസഞ്ചാരകേന്ദ്രങ്ങളിലും വ്യവസായപാർക്കുകളിലും തുറക്കും, വിനോദസഞ്ചാരകേന്ദ്രങ്ങളിലെ റെസ്റ്റോറന്റുകളിൽ നിശ്ചിത കാലയളവിൽ പ്രത്യേക അനുമതിയോടെ ബിയറും വൈനും നൽകാം, നക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്ക് സ്വന്തമായി കള്ളുചെത്താം, പഴവർഗ്ഗങ്ങളിൽനിന്ന് വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉത്പാദിപ്പിക്കും, കേരള ടോഡി എന്ന പേരിൽ കള്ളിനെ ബ്രാൻഡ് ചെയ്യും, കള്ളുഷാപ്പുകൾക്ക് ഒരേ ഡിസൈൻ കൊണ്ടുവരും, ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കും, ഇതിനായി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തും, തുടങ്ങി കേരളത്തിൽ മദ്യം കുത്തിയൊഴുകാൻ ആവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നു എന്നാണ് മദ്യനയം വ്യക്തമാക്കുന്നത്. മാത്രമല്ല, കള്ള് പോഷകാഹാരമാണ് എന്നും കണ്ടെത്തിയിട്ടുണ്ട്, ഭരണമുന്നണിയിലെ നേതാക്കൾ. ഇങ്ങനെയൊക്കെയാണെങ്കിലും മദ്യവർജ്ജനമാണത്രേ സർക്കാരിന്റെ നയം! ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നൽകിവരുന്ന ഊന്നൽ തുടരുകയും ചെയ്യും!

ഏറ്റവും ജീർണമായ സംസ്കാരത്തെയാണ് കേരളത്തിലെ ഇടതുമുന്നണി സർക്കാർ പ്രതിനിധാനം ചെയ്യുന്നത് എന്നത് ഒരിക്കൽക്കൂടെ വ്യക്തമാക്കുന്നതാണ് പുതിയ മദ്യനയം. കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക അന്തരീക്ഷം അഭിമുഖീകരിക്കുന്ന ഭയാനകമായ തകർച്ച അൽപ്പംപോലും ഇക്കൂട്ടരെ അലോസരപ്പെടുത്തുന്നില്ല. കൊലപാതകങ്ങളും ക്രിമിനൽ പ്രവർത്തനങ്ങളും പെരുകുന്ന ഭീതിജനകമായ ഒരു സാമൂഹ്യ സാഹചര്യമാണ് ഇന്നുള്ളത്. ഈ ജീർണതകളിൽനിന്ന് ആദായമുണ്ടാക്കാം എന്നു കരുതുന്നവർ മനുഷ്യൻ എന്ന പദത്തിനുപോലും അർഹരല്ല. മദ്യം നിയന്ത്രിക്കപ്പെട്ടാൽ രാസലഹരിവ്യാപാരം വർദ്ധിക്കുമെന്നായിരുന്നു പ്രലപനം. എന്നാൽ മയക്കമരുന്ന് എത്താത്ത മൂലകളില്ല എന്നായിരിക്കുന്നു കേരളത്തിൽ. സ്കൂളുകൾ മുതൽ കോളജുകളും സർവകലാശാലകളുംവരെ ലഹരിയുടെ വിപണനകേന്ദ്രങ്ങളായിരിക്കുന്നു, ബാല്യവും കൗമാരവും പിന്നിടാത്ത കുഞ്ഞുങ്ങൾ ഇതിന്റെ ഇരകളും, പലപ്പോഴും കൈമാറ്റക്കാരും. കിലോക്കണക്കിന് കഞ്ചാവ് എന്നിടത്തുനിന്നും എംഡിഎംഎ പോലുള്ള മാരകവിഷങ്ങൾ കിലോക്കണക്കിന് കൈമാറ്റം ചെയ്യപ്പെടുന്ന എന്ന നിലയിലേയ്ക്ക് സാഹചര്യമെത്തുമ്പോൾ വിപത്ത് എത്രയോ ഭീഷണമാണ് എന്ന് ആലോചിച്ചുനോക്കുക. ഉദാരമായ മദ്യനയം രൂപപ്പെടുത്താൻ കാണിക്കുന്ന അത്യാവേശം, ജനജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ സർക്കാർ കാണിക്കുന്നില്ല. വിലക്കയറ്റവും നികുതി ചാർജ്ജ് വർദ്ധനവുകളും തൊഴിലില്ലായ്മയും ജനങ്ങളെ എരിപിരികൊള്ളിക്കുകയാണ്. അതും സർക്കാരിന് വിഷയമല്ല.

ഇതിന്റെയെല്ലാം പ്രത്യാഘാതങ്ങൾ ഏറെയും ഏറ്റുവാങ്ങേണ്ടി വരുന്നത് സ്ത്രീകൾക്കും കുട്ടികൾക്കുമാണ്. അഞ്ചുവർഷംകൊണ്ട് കേരളത്തിൽ കൊല്ലപ്പെട്ടത് 146 കുട്ടികളാണ്. പ്രതിമാസം മൂന്ന് കുട്ടികൾ കൊല്ലപ്പെടുന്നു എന്നത് ഞെട്ടിപ്പിക്കുന്ന കണക്കുതന്നെയാണ്. പോക്സോ കേസുകൾ ഇതിനുംപുറമെയാണ്. അതിക്രൂരമായ പീഡനങ്ങൾക്കും ആക്രമണങ്ങൾക്കും ഇരയാക്കപ്പെടുന്ന കുഞ്ഞുങ്ങൾ വേറെ. ഇതിൽ ഏറിയ പങ്കും ലഹരിയുടെ ഇരകളാണ്. ആലുവയിൽ അഞ്ചുവയസ്സുകാരിയുടെ കൊലപാതകത്തിലെ പ്രതി ചോദ്യം ചെയ്യാനാവാത്തവിധം ലഹരിക്കടിപ്പെട്ടുപോയിരുന്നുവെന്നതും നാം കണ്ടതാണ്. മക്കളുടെ കൈകൊണ്ട് കൊല്ലപ്പെടുന്ന മാതാപിതാക്കളും മാതാപിതാക്കളുടെ കൈകൾകൊണ്ട് കൊല്ലപ്പെടുന്ന കുഞ്ഞുങ്ങളും ഭർത്താക്കന്മാരാൽ കൊല്ലപ്പെടുന്ന സ്ത്രീകളും ഇന്ന് കേരളത്തിൽ വാർത്തകളിൽ നിറയുകയാണ്. ഈ വിപത്തുകളെല്ലാം പതിന്മടങ്ങ് വർദ്ധിപ്പിക്കാൻ മാത്രമുതകുന്ന മദ്യനയത്തിനെതിരെ ആബാലവൃദ്ധം ജനങ്ങളും കക്ഷിരാഷ്ട്രീയത്തിനും ജാതിമത പരിഗണനകൾക്കും അതീതമായി അണിനിരന്നേ മതിയാകൂ. ■

Volume: 50 No: 5 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.